സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

സെപ്തംബർ 2015 വാല്യം 42 ലക്കം 6 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ

## തൊഴിൽ നിയമ പരിഷ്കരണം

# തൊഴിലാളികളെ അടിമച്ചങ്ങലയിൽ തളച്ചിടാൻ ബിജെപിയുടെ തീവ്രശ്രമം

ഇന്ത്യയുൾപ്പെടെയുള്ള മുതലാളിത്ത ലോകത്തെയാകെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഗ്രസിച്ചിരിക്കുകയാണ്. മുതലാളിത്ത സമ്പദ്ഘടനയെ പ്രവർത്തനക്ഷമമാക്കുന്ന നിയമങ്ങളുടെ സൃഷ്ടിയാണീ പ്രതിസന്ധി. ജീർണ്ണവും മരണാസന്നവുമായ മുതലാളിത്ത വ്യവസ്ഥയുടെ സവിശേഷതയാണിത്. മുതലാളിത്ത വ്യവസ്ഥ പ്രതിസന്ധിയിലകപ്പെടുന്നതിനനുസരിച്ച് ആ പ്രതിസന്ധിയുടെ ഭാരം മുഴുവൻ തൊഴിലാളികളും ജീവനക്കാരുമടക്കമുള്ള അടിച്ചമർത്തപ്പെടുന്നവരുടെ ചുമലിലേക്ക് ഇറക്കിവയ്ക്കാനുള്ള മുതലാളിത്ത ഭരണാധികാരികളുടെ വ്യഗ്രതയും ഏറിക്കൊണ്ടിരിക്കും. പണിയെടുക്കുന്നവർക്ക് അവകാശപ്പെട്ട വിഹിതം നിഷേധിക്കുന്നതുവഴിയാണ് മുതലാളിമാർക്ക് ലാഭം കിട്ടുന്നത്.അധികമായ അദ്ധ്വാനത്തിന്റെ മൂല്യം കവർന്നെടുത്താണ് ലാഭമുണ്ടാക്കുന്നത്. ലാഭം കൂടുന്നതിനനുസരിച്ച് തൊഴിലാളിവർഗ്ഗത്തിന്റെ വരുമാനം കുറഞ്ഞുവരും. കുറഞ്ഞ വരുമാനമെന്നാൽ കുറഞ്ഞ ക്രയശേഷി എന്നാണർത്ഥം. ക്രയശേഷി ഇടിയുമ്പോൾ കമ്പോളം ചുരുങ്ങുന്നു. കമ്പോളമില്ലെങ്കിൽ മുതലാളിമാർ ഉല്പാദനം നിർത്തും. പുതിയ വ്യവസായങ്ങൾ ഉണ്ടാകില്ല. നിലവിലുള്ള വ്യവസായങ്ങൾതന്നെ അടയുകയും തൊഴിലാളികൾ പുറന്തള്ളപ്പെടുകയും ചെയ്യും. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കുകയും നിലവിലുള്ള അവസരങ്ങൾതന്നെ വെട്ടിച്ചുരുക്കപ്പെടുകയും ചെയ്യുന്നതോടെ തൊഴിലില്ലായ്മ പെരുകുകയും ക്രയശേഷി വീണ്ടും കുറയ്ക്കുകയും ചെയ്യും. ഇതാണ് തൊഴിലാളികളെയും സാധാരണ ജനങ്ങളെയും ഞെരിച്ചമർത്തുന്ന മുതലാളിത്തത്തിന്റെ ദൂഷിതവലയം.

### പരിഷ്കരണങ്ങൾ തൊഴിലാളികളുടെ ദുരിതം വർദ്ധിപ്പിക്കുന്നു

സാഹചര്യം അതീവ ഗുരുതരമാകുമ്പോൾ, ലാഭാർത്തി ശമിപ്പിക്കാനായി ഭരണമുതലാളിവർഗ്ഗം തൊഴിലാളികളുടെ ചോരയൂറ്റിയെടുക്കാൻ പുതിയ തന്ത്രങ്ങൾ മെനയുന്നു. ഈ ഹീനപദ്ധതിക്ക് ഗവൺമെന്റുകൾ ഒത്താശ ചെയ്യുന്നു. ആഗോള മുതലാളിത്തത്തിന്റെ ഭാഗമായ ഇന്ത്യൻ മുതലാളിത്തവും ഇതേ പാതതന്നെയാണ് പിന്തുടരുന്നത്. ഉദാരവല്ക്കരണത്തിന്റെ മറയിൽ, ജനങ്ങളുടെ പണംകൊണ്ട് പടുത്തുയർത്തിയ സർക്കാർ സംവിധാനങ്ങളും പൊതുമേഖലയും നൽകുന്ന അവശ്യസേവനങ്ങളെല്ലാം സ്വകാര്യവൽക്കരിക്കാനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, റെയിൽവേ, പൊതുക്ഷേമം, കൽക്കരി, ഖനനം, ഇരുമ്പുരുക്ക്, ഇന്ധനം തുടങ്ങിയ മേഖലകളൊക്കെ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാൻ സ്വകാര്യ മൂലധനശക്തികളെ ക്രമേണ ഏൽപ്പിച്ചുകൊടുക്കുകയാണ്. അതിനാൽ വിലകൾ കുതിച്ചുയർന്നുകൊണ്ടിരിക്കുന്നു. മറുവശത്ത് ആയിരക്കണക്കിന് തൊഴി

*(ശേഷം 2–ാം പേജിൽ)*

# ശ്രീനാരായണഗുരുവിന്റെ പേരിൽ നടക്കുന്ന സംഘർഷങ്ങൾ ദൗർഭാഗ്യകരം

നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിന്റെ പേരിൽ സംസ്ഥാനത്ത് ഇപ്പോൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സംഘർഷങ്ങൾ ദൗർഭാഗ്യകരമാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടറി സി.കെ.ലൂക്കോസ് അഭിപ്രായപ്പെട്ടു.

തനിക്ക് ജാതിയോ മതമോ ഇല്ലെന്ന് പത്രപ്രസ്താവനയിലൂടെ പോലും വ്യക്തമാക്കിയ ഗുരുവിനെ ഒരു സമുദായത്തിന് മാത്രം അവകാശപ്പെട്ടയാളായി ചിത്രീകരിക്കുന്നത് ശരിയല്ല. *വേഷം,ഭാഷ,ആചാരം എന്നിവയിൽ എന്തെല്ലാം വ്യത്യാസമുണ്ടെങ്കിലും മനുഷ്യരെല്ലാം ഒരു ജാതിയാണെന്ന്* ആജീവനാന്തം ഉദ്ഘോഷിച്ച ഗുരുവിന്റെ പേരിൽ ജാതിചിന്ത വളർത്താൻ ശ്രമിക്കുന്നത് യഥാർത്ഥത്തിൽ ഗുരുനിന്ദയാണ്. നവോത്ഥാനം മുന്നോട്ടുകൊണ്ടുവന്ന മതേതര മാനവവാദമൂല്യങ്ങളെ ചവിട്ടിമെതിക്കുന്ന ഫാസിസ്റ്റ് ശക്തികളെ മാത്രമേ അത് സഹായിക്കുകയുള്ളൂ. അന്ധതയും യുക്തിരാഹിത്യവും ആശയപരമായ അസഹിഷ്ണുതയും വളർത്തി ജനങ്ങളെ ഭരണവർഗ്ഗത്തിന്റെ കൈയിലെ പാവകളാക്കിമാറ്റാനാണ് ഫാസിസ്റ്റ് ശക്തികൾ ശ്രമിക്കുന്നത്. *വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും വേണ്ടി*യുള്ള സംവാദങ്ങളിലൂടെ യുക്തിചിന്ത വളർത്താൻ ശ്രമിച്ച ശ്രീനാരായണഗുരുവിന്റെ യഥാർത്ഥ അനുയായികൾക്ക് ഒരിക്കലും ഫാസിസ്റ്റ് ശക്തികൾക്ക് കരുത്തുപകരാനാവില്ല. ശ്രീനാരായണഗുരുവിനെ മാത്രമല്ല, ഇതര നവോത്ഥാന നായകന്മാരെയും അവർ ജനിച്ച സമുദായത്തിന്റെ മാത്രം ആചാര്യന്മാരായി അവതരിപ്പിക്കുന്ന തെറ്റായ പ്രവണത പ്രതിലോമകാരികൾക്ക് ആ ചരിത്രപുരുഷന്മാരുടെ ഖ്യാതിയെ സങ്കുചിത താല്പര്യങ്ങൾക്കുവേണ്ടി മുതലെടുക്കാൻ അവസരമൊരുക്കിക്കൊടുക്കുകയാണ്.

ഇന്നത്തെ സാഹചര്യത്തിൽ ഭരണവർഗ്ഗം കുത്തകകളുടെ മാത്രം താല്പര്യം മുൻനിർത്തി നടത്തുന്ന കടന്നാക്രമണങ്ങൾ മൂലം നട്ടംതിരിയുന്ന അദ്ധ്വാനിക്കുന്ന ജനങ്ങളെ ജാതി-മത-കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി ജനകീയ സമരക്കമ്മിറ്റികളിൽ അണിനിരത്തി പ്രതിരോധം വളർത്തിയെടുക്കുകയെന്നതാണ് ഇടതു-ജനാധിപത്യശക്തികളുടെ അടിയന്തിര കർത്തവ്യം. മതം വ്യക്തിയുടെ സ്വകാര്യവിശ്വാസത്തിന്റെ മാത്രം കാര്യമാണെന്നും അത് സാമൂഹ്യജീവിതത്തിൽ ഇടപെടാൻ പാടില്ലെന്നുമുള്ള ശരിയായ മതേതര ധാരണയും, എതിരഭിപ്രായങ്ങളോട് സഹിഷ്ണുതയും യുക്തിബോധത്തിലധിഷ്ഠിതമായ സത്യാന്വേഷണമനോഭാവവും പുലർത്തുന്ന ജനാധിപത്യ സംസ്കാരവും വളർത്തിയെടുക്കേണ്ടത് അതിനാവശ്യമാണ്. പകരം, താല്ക്കാലികമായ തെരഞ്ഞെടുപ്പ് നേട്ടങ്ങളിൽ മാത്രം കണ്ണുനട്ടുകൊണ്ട് ജാതിയുടെയോ മതത്തിന്റെയോ ഒക്കെ പേരിൽ ജനങ്ങൾക്കിടയിലുള്ള സങ്കുചിത വികാരങ്ങളെ ഉണർത്തിവിടാനിടയാക്കുന്ന നടപടികൾ ആത്യന്തികമായി ഫാസിസ്റ്റ്ശക്തികളെ മാത്രമേ സഹായിക്കുകയുള്ളൂ. സിപിഐ(എം)-ന്റെ സമീപകാല ചെയ്തികൾ പലതും ഈ വിപരീതഫലമാണ് കേരളീയസമൂഹത്തിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഫാസിസ്റ്റ് ശക്തികൾ സംസ്ഥാനത്തെ രാഷ്ട്രീയ-സാമൂഹ്യമണ്ഡലങ്ങളിൽ സ്വാധീനം വർദ്ധിപ്പിക്കാനായി നടത്തുന്ന കരുനീക്കങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാനുള്ള മാർഗ്ഗം പ്രബുദ്ധമായ ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങളിലൂടെ ജനകീയൈക്യം ഊട്ടിവളർത്തുകയെന്നതാണ് – സി.കെ.ലൂക്കോസ് ചൂണ്ടിക്കാട്ടി.

ജനതാല്പര്യം വെടിഞ്ഞ് സങ്കുചിത നേട്ടങ്ങൾക്കുവേണ്ടി കരുനീക്കങ്ങൾ നടത്തുന്ന ശക്തികളുടെ ചതിക്കുഴിയിൽ വീഴരുതെന്നും ജനങ്ങളുടെ ഐക്യം കാത്തുപുലർത്താനായി പരിശ്രമിക്കണമെന്നും അദ്ദേഹം ഇടതുപക്ഷ ജനാധിപത്യവിശ്വാസികളോടഭ്യർത്ഥിച്ചു. ■



ആഗസ്റ്റ് 5 ന് കോൽക്കത്തയിലെ നേതാജി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണസമ്മേളനം

# തൊഴിൽ സുരക്ഷയും തൊഴിൽ അവകാശങ്ങളും അട്ടിമറിക്കപ്പെടുന്നു

*(1-ാം പേജിൽ നിന്ന് )*

ലാളികൾ പിരിച്ചുവിടപ്പെടുകയോ വോളന്ററി റിട്ടയർമെന്റിന് നിർബ്ബന്ധിതരാകുകയോ ചെയ്യുന്നു. ഇങ്ങനെയുണ്ടാകുന്ന ഒഴിവുകൾ പോലും നികത്തുന്നില്ല. ചെലവുചുരുക്കലിന്റെ പേരിൽ സർക്കാർ മേഖലയിൽപോലും ജോലിസാദ്ധ്യത കൊട്ടിയടയ്ക്കപ്പെട്ടിരിക്കുകയാണ്.

ഈ പശ്ചാത്തലത്തിലാണ് ശവത്തിൽ കുത്തുംപോലെ ബിജെപി ഗവണ്മെന്റ് ഒരു പിടി തൊഴിൽ പരിഷ്കരണ നടപടികൾ അടിച്ചേൽപ്പിക്കാൻ ഇറങ്ങിയിരിക്കുന്നത്. തൊഴിൽ നിയമങ്ങൾ ലഘൂകരിച്ചില്ലെങ്കിൽ മൂലധന ശക്തികൾ നിക്ഷേപം നടത്താൻ വിമുഖത കാണിക്കും എന്ന വാദമുയർത്തി ജനങ്ങളെ കബളിപ്പിക്കുയാണ് സർക്കാർ. നിക്ഷേപമില്ലെങ്കിൽപ്പിന്നെ വളർച്ചയും വികസനവുമൊന്നുമില്ല. ഇതൊരു പച്ചക്കള്ളമാണ്. മുതലാളിത്ത വ്യവസ്ഥയുടെ കൂടെപ്പിറപ്പായ കമ്പോളപ്രതിസന്ധിമൂലമാണ് മൂലധനനിക്ഷേപത്തിന് ഉത്സാഹം കുറയുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കാനും അവരെക്കൊണ്ട് അടിമപ്പണി ചെയ്യിക്കാനും അവരെ മനുഷ്യോചിതമല്ലാത്തൊരു ജീവിതത്തിലേയ്ക്ക് ചവുട്ടി താഴ്ത്താനും അതുവഴി മൂലധനശക്തികൾക്ക് നേട്ടങ്ങളും അഭിവൃദ്ധിയുമുണ്ടാക്കുവാനുമാണ് പരിഷ്കരണം ലക്ഷ്യം വയ്ക്കുന്നത്. ജൂലൈ 20ന് നടന്ന 46-ാം ഇന്ത്യൻ ലേബർ കോൺഗ്രസ്സിൽ പ്രധാനമന്ത്രി മോദി ചെയ്ത പ്രസംഗത്തിൽനിന്ന് ഇക്കാര്യങ്ങൾ വ്യക്തമാണ്. പണിമുടക്കുകൾ നിരോധിക്കാനും ട്രേഡ്‌യൂണിയൻ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാനുമുള്ള ശ്രമങ്ങൾ നിരന്തരം നടക്കുന്നുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം പരിമിതമായ അളവിൽ ഗ്രാമീണർക്ക് ലഭ്യമായിരുന്ന തൊഴിലവസരങ്ങളും ഇപ്പോൾ വെട്ടിച്ചുരുക്കിയിരിക്കുന്നു. തൊഴിലെടുത്ത് ജീവിക്കുന്നവരുടെ ദുരിതങ്ങൾ പതിന്മടങ്ങാക്കാൻ പോന്ന പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.

### നിർദ്ദിഷ്ട ഭേദഗതികൾ

നിർദ്ദിഷ്ട ഭേദഗതികളിലേയ്ക്ക് നമുക്കൊന്ന് കണ്ണോടിക്കാം. പ്രധാനമായും 4 മേഖലകളിലായാണ് പരിഷ്കരണങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

1. ഉടമകൾക്ക് തൊഴിലാളികളെ പിരിച്ചുവിടുന്ന കാര്യത്തിൽ കൂടുതൽ അധികാരങ്ങൾ നൽകാൻപാകത്തിൽ 1947ലെ വ്യവസായ തർക്കനിയമത്തിൽ വരുത്തുന്ന ഭേദഗതിയാണ് ഒന്നാമത്തേത്. നിലവിലുള്ള നിയമമനുസരിച്ച് 100 തൊഴിലാളികളിൽക്കൂടുതൽ പണിയെടുക്കുന്ന ഫാക്ടറിയിൽ അല്ലെങ്കിൽ വ്യവസായ യൂണിറ്റിൽ അടച്ചുപൂട്ടൽ, ലേഓഫ്, പിരിച്ചുവിടൽ എന്നിവ പ്രഖ്യാപിക്കുന്നതിന് ബന്ധപ്പെട്ട ഗവണ്മെന്റിന്റെ മുൻകൂർ അനുവാദം വാങ്ങണമെന്ന് നിർബ്ബന്ധമുണ്ട്. എന്നാൽ ഭേദഗതിപ്രകാരം 300ൽ കുറഞ്ഞ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ ഈ അനുവാദം ആവശ്യമില്ല, അതായത് 300ൽ കുറവ് തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ ഉടമയ്ക്ക് മേല്പറഞ്ഞ കാര്യങ്ങളിൽ യഥേഷ്ടം പ്രവർത്തിക്കാം. ഇതുമൂലം ഭൂരിപക്ഷം സ്ഥാപനങ്ങളും എല്ലാ നിയന്ത്രണങ്ങൾക്കും അതീതമാകും. ഈ ഹൈ-ടെക് യുഗത്തിൽ, 5% ഫാക്ടറികൾപോലും 300ൽക്കൂടുതൽ തൊഴിലാളികളുടെതല്ല. അതായത്, ലക്ഷക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ ഇതുവഴി അനിശ്ചിതത്വത്തിലായിരിക്കുന്നു, 300ൽ കൂടുതൽ തൊഴിലാളികൾ ഉണ്ടെങ്കിലേ സർക്കാർ അനുമതിയുടെ പ്രശ്നം ഉദിക്കുന്നുള്ളൂ.

2.1948ലെ ഫാക്ടറീസ് ആക്ടിൽ വരുത്തുന്ന മാറ്റങ്ങളാണ് രണ്ടാമത്തേത്. നിലവിലുള്ള നിയമപ്രകാരം വൈദ്യുതി ഉപയോഗിച്ചുപ്രവർത്തിക്കുന്ന ഫാക്ടറികളിൽ പത്തിൽ കുറവും വൈദ്യുതി ഉപയോഗിക്കാത്ത ഫാക്ടറികളിൽ 20ൽ കുറവും തൊഴിലാളികളാണ് പണിയെടുക്കുന്നതെങ്കിൽ ഉടമസ്ഥന് റിട്ടേൺസ് സമർപ്പിക്കുകയോ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ചെയ്യേണ്ടതില്ല. ഇത് ഇരട്ടിയാക്കി യഥാക്രമം ഇരുപതും നാൽപ്പതുമാക്കുന്നതാണ് ഭേദഗതി. ഇതുമൂലം 71% തൊഴിലാളികളും ഫാക്ടറി ആക്ടിന്റെ പരിധിക്ക് പുറത്താകും. ഫാക്ടറിയുടെ നിർവ്വചനം തന്നെ ഇതോടെ മാറുകയും തൊഴിൽസുരക്ഷ അപ്രത്യക്ഷമാകുകയും ചെയ്യും. ഉടമസ്ഥന് എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം. ഏത് വ്യവസ്ഥയും അടിച്ചേൽപ്പിക്കാം. നാൽപ്പതോ അതിൽ കുറവോ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങൾക്ക് ബാധകമാകുന്ന ഒരു പുതിയ നിയമവും സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. ഏതാണ്ട് 14 തൊഴിൽ നിയമങ്ങളുടെ പരിരക്ഷയും ആനുകൂല്യങ്ങളും ഈ വിഭാഗത്തിൽപെടുന്ന തൊഴിലാളികൾക്ക് നഷ്ടമാകുന്നതാണ് പുതിയ നിർദ്ദേശം. ഇവിടെ ഉടമസ്ഥന് യഥേഷ്ടം തൊഴിലാളികളെ പിരിച്ചുവിടാം, വേതനം വെട്ടിക്കുറയ്ക്കാം, തൊഴിൽസമയം വർദ്ധിപ്പിക്കാം എന്നുതുടങ്ങി തൊഴിലാളിവിരുദ്ധമായ എന്തും അടിച്ചേല്പിക്കാം. തൊഴിലാളിക്ക് ഒരു നിയമപരിരക്ഷയും ഉണ്ടാകുകയുമില്ല.

തട്ടിപ്പുവീരൻ ലളിത്മോദിയുമായുള്ള ഇടപാടുകളുടെ പേരിൽ അടുത്തയിടെ മാദ്ധ്യമങ്ങളിൽ നിറഞ്ഞുനിന്ന രാജസ്ഥാനിലെ ബിജെപി മുഖ്യമന്ത്രി വസുന്ധരരാജെയെ, സംസ്ഥാനത്തെ തൊഴിൽ നിയമ ഭേദഗതിയുടെ പേരിൽ മുതലാളിമാർ ഏറെ പ്രശംസിക്കുകയുണ്ടായി. സംസ്ഥാനത്തെ 7622 ഫാക്ടറികളിൽ 7522ഉം 300ൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്നവയാണ്. വ്യവസായ തർക്ക നിയമത്തിൽ വരുത്തിയ ഭേദഗതിമൂലം വെറും 100 ഫാക്ടറികൾക്കേ ഇവിടെ വ്യവസായതർക്ക നിയമം ബാധകമായിരിക്കൂ. കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ പദ്ധതിക്ക് ഗംഭീരമായ മാതൃക സൃഷ്ടിച്ച് ഒരു പൈലറ്റ് പ്രോജക്ട് അവതരിപ്പിക്കുകയാണ് രാജസ്ഥാൻ. രാജസ്ഥാനെ മാതൃകയായെടുത്ത് തൊഴിൽനിയമങ്ങൾ ഭേദഗതി ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ടാണ് പ്രധാനമന്ത്രിയുടെ ഓഫീസ് എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്ക് കത്തയച്ചിരിക്കുന്നത്. വ്യാപം കേസുമായി ബന്ധപ്പെട്ട് ശ്രദ്ധേയനായി മാറിയ, മദ്ധ്യപ്രദേശിലെ ബിജെപി മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഈ നിർദ്ദേശം ശിരസാവഹിച്ചുകൊണ്ട് സംസ്ഥാനത്തെ 17 തൊഴിൽ നിയമങ്ങളിൽ, കേന്ദ്രത്തിന്റെ തൊഴിലാളിവിരുദ്ധ പാത പിന്തുടർന്ന് 38 ഭേദഗതികളാണ് വരുത്തിയത്. ഈ ഭേദഗതികളെല്ലാം കേന്ദ്രം അംഗീകരിക്കുകയും ചെയ്തു.

ഫാക്ടറീസ് ആക്ടിലെ 26,64 വകുപ്പുകളിലെ ഭേദഗതിപ്രകാരം തൊഴിലാളികൾക്ക് 12 മണിക്കൂർ പണിയെടുക്കേണ്ടിവരും. മൂന്നുമാസത്തെ ഓവർടൈം പരിധി 50 മണിക്കൂറിൽനിന്ന് 100 മണിക്കൂറായി ഉയർത്തും. 'ജനതാല്പര്യം' പരിഗണിച്ച് അത് 125 മണിക്കൂറും ആകാം. ഏറെ എതിർപ്പിനിടയാക്കിയ സ്ത്രീകളുടെ രാത്രി ഡ്യൂട്ടിക്കുണ്ടായിരുന്ന വിലക്കും എടുത്തുകളയാൻ പോകുകയാണ്.

3.അപ്രന്റീസ് ആക്ടിലെ ഭേദഗതിയാണ് അടുത്തത്. ചൈനയിൽ 2 കോടിയും ജപ്പാനിൽ ഒരു കോടിയും ജർമ്മനിയിൽപ്പോലും 30ലക്ഷവും അപ്രന്റീസുകൾ ഉള്ളപ്പോൾ ഇന്ത്യയിൽ വെറും 3ലക്ഷം അപ്രന്റീസുകളേ ഉള്ളൂ എന്നുപറഞ്ഞ് പ്രധാനമന്ത്രി മോദി അടുത്തിടെ വിലപിക്കുകയുണ്ടായി. ഒരു വർഷംകൊണ്ട് ഇത് 20ലക്ഷമെങ്കിലുമായി വർദ്ധിപ്പിക്കണമെന്നാണ് മോദി ആവശ്യപ്പെട്ടിരിക്കുന്നത്.തൊഴിൽ സേനയുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാനുള്ള സർക്കാരിന്റെ ശുഷ്കാന്തിയാണ് ഇതിനുപിന്നിലെന്ന് കേൾക്കുമ്പോൾ തോന്നാം. ദൗർഭാഗ്യമെന്നു പറയട്ടെ, അതല്ല കാര്യം. വൈദഗ്ദ്ധ്യമുണ്ടെങ്കിൽ തൊഴിൽ ലഭിക്കുമായിരുന്നെങ്കിൽ എന്തുകൊണ്ടാണ് ലക്ഷക്കണക്കിന് എഞ്ചിനീയർമാരും ഡോക്ടർമാരും സാങ്കേതിക വിദഗ്ദ്ധരും പ്രത്യേക പരിശീലനം സിദ്ധിച്ചവരുമൊക്കെ തൊഴിൽരഹിതരായിരിക്കുന്നത്? അപ്രന്റീസ് നിയമം ഭേദഗതി ചെയ്യുന്നത് അപ്രന്റീസ്ഷിപ്പ് ശാശ്വതമാക്കുന്നതിനുവേണ്ടിയാണ്. തൊഴിലുടമകൾക്ക് ഇതുവഴി വലിയ നേട്ടമുണ്ടാക്കാൻ കഴിയും. അപ്രന്റീസുകൾക്ക് മിനിമം വേതനം ആവശ്യപ്പെടാനാകില്ല. നിലവിലുള്ള വേതനത്തിന്റെ 70 ശതമാനമേ അപ്രന്റീസുകൾക്ക് ലഭിക്കൂ. അവർ അപ്രന്റീസുകളായിത്തന്നെ പിരിയുന്നു. അവർക്ക് വിരമിക്കൽ ആനുകൂല്യങ്ങളോ സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളോ അവകാശപ്പെടാനാകില്ല. തൊഴിലുള്ള കാലം മുഴുവൻ അവർ കൊടിയ ചൂഷണത്തിന് ഇരയാകുന്നു. അവർക്ക് യൂണിയനിൽ അംഗമാകാനും കഴിയില്ല. ചൂഷണത്തിന്റെ ഈ പുതിയ പാതയിലൂടെ ലോകമെമ്പാടും വില കുറഞ്ഞ തൊഴിൽസേനയെ നൽകുന്നതിൽ മുതലാളിത്ത ചൈനയാണിന്ന് മുന്നിൽ നിൽക്കുന്നത്. ചൈന ബഹുരാഷ്ട്ര കുത്തകകൾക്ക് അഭികാമ്യമായ ലക്ഷ്യസ്ഥാനമായി മാറിയിരിക്കുന്നത് ഇപ്രകാരമാണ്. സ്വദേശ-വിദേശ കുത്തകകളെ ആഹ്ളാദിപ്പിച്ചുകൊണ്ട് വില കുറഞ്ഞ അദ്ധ്വാനശക്തിയുമായി ഇന്ത്യയും ഈ പാതയിലൂടെ ചുവടുവയ്ക്കുകയാണ്.

4.കൂലി കുറയ്ക്കാനുള്ള കുറുക്കുവഴിയായി മുതലാളിത്ത ആഗോളവല്ക്കരണം മുന്നോട്ടുവയ്ക്കുന്നത്, കുറഞ്ഞ കൂലിക്ക് പണിയെടുക്കുന്ന കരാർ, കാഷ്വൽ തൊഴിലാളികളെ വൻതോതിൽ നിയമിക്കുക എന്നതാണ്. പുറംപണി കരാർ അഥവാ ഔട്ട്സോഴ്സിംഗും ഒരുതരത്തിലുള്ള കരാർ തൊഴിൽ സമ്പ്രദായം തന്നെയാണ്. ഏതൊരു മുതലാളിത്ത രാജ്യത്തെയും വ്യവസായ മേഖലയിൽ ഇവ രണ്ടും ഇന്ന് പ്രാമുഖ്യം നേടിക്കഴിഞ്ഞിട്ടുള്ളതായി വ്യവസായ രംഗവുമായി ബന്ധമുള്ള ആർക്കും മനസ്സിലാക്കാം. സ്ഥിരം തൊഴിൽ എന്നത് ഫലത്തിൽ നിരോധിക്കപ്പെട്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. മുതലാളിമാരുടെ താല്പര്യാർത്ഥം ഈ മാതൃകയ്ക്ക് ആഴത്തിൽ വേരോട്ടമുണ്ടാക്കിയെടുക്കാനാണ് ഗവൺമെന്റുകൾ ശ്രമിക്കുന്നത്.കരാർതൊഴിൽ (നിയന്ത്രണവും നിരോധനവും) നിയമത്തിൽ വരുത്തുന്ന ഭേദഗതി, 50ൽ താഴെ തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന കോൺട്രാക്ടർമാർക്ക് നിയമപരമായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നിഷേധിക്കുന്നതിനുവേണ്ട പരിരക്ഷ നൽകുന്നു. നിലവിലിരുന്ന നിയമപ്രകാരം 20-ൽ താഴെ തൊഴിലാളികളുള്ള കോൺട്രാക്ടർമാരും നിയമപരമായ ആനുകൂല്യങ്ങൾ നൽകണമായിരുന്നു. നമ്മുടെ രാജ്യത്തെ തൊഴിലിന്റെ 70 ശതമാനവും കരാർ അടിസ്ഥാനത്തിലാണ് നടക്കുന്നത്. പുതിയ നിയമഭേദഗതി ഇവരിൽ ഭൂരിപക്ഷത്തെയും നിയമപരിരക്ഷയിൽനിന്ന് പുറന്തള്ളും. ഇതുവരെ കോൺട്രാക്ടർമാർ ചെയ്തിരുന്നത് 20ൽ താഴെ തൊഴിലാളികളെ വച്ച് നിരവധി കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുക എന്ന തന്ത്രമായിരുന്നു. ഇനി അവർക്ക് 50 തൊഴിലാളികളെവരെയുള്ള കമ്പനികൾ രജിസ്റ്റർ ചെയ്ത് നിയമവിരുദ്ധമായി നടത്താം.

### മറ്റ് തൊഴിലാളിദ്രോഹ നടപടികൾ

മുതലാളിവർഗ്ഗ താല്പര്യാർത്ഥം കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ ആവിഷ്കരിക്കുന്ന പദ്ധതികളുടെ നടത്തിപ്പുകാരായി ആദ്യം രംഗപ്രവേശം ചെയ്യുന്നത് രാജസ്ഥാൻ സർക്കാരാണ്. നല്ല കാര്യപ്രപ്തിയുള്ള ഒരു അഗ്രഗാമിയെയാണ് രാജസ്ഥാൻ സർക്കാരിൽ ബിജെപി നേതൃത്വം കാണുന്നത്. ഒരു തൊഴിലുടമ ഏത് തൊഴിൽനിയമം ലംഘിച്ചാലും രാജസ്ഥാനിൽ അയാളെ ജയിലിലടയ്ക്കില്ല. അതിനുള്ള നിയമവും അവർ പാസ്സാക്കിയിട്ടുണ്ട്. എന്ത് നിയമലംഘനം നടത്തിയാലും പരമാവധി 500രൂപ പിഴയടച്ചാൽ മതി. തൊഴിലാളികളെ എങ്ങനെ വേണമെങ്കിലും ദ്രോഹിക്കാൻ തൊഴിലുടമകളെ അനുവദിക്കുന്നതിന് തുല്യമാണിത്. ഇപ്പോൾ രാജ്യത്താകെ രാജസ്ഥാൻ മോഡൽ വ്യപിപ്പിക്കാനുള്ള ശ്രമത്തിലാണ് ബിജെപി സർക്കാർ. രാജ്യത്തെ 94 ശതമാനം തൊഴിലാളികളും പണിയെടുക്കുന്നത് അസംഘടിത മേഖലയിലാണ്. ഇവർക്ക് മിനിമം വേതനംപോലും ലഭിക്കുന്നില്ല, എന്നു മാത്രമല്ല, യാതൊരു തൊഴിൽ സുരക്ഷയുമില്ല. മരണാസന്ന ഘട്ടത്തിലെത്തിയിരിക്കുന്ന മുതലാളിത്ത വ്യവസ്ഥ അതിന്റെ ആന്തരിക നിയമങ്ങൾമൂലം കടുത്ത കമ്പോള പ്രതിസന്ധിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഉല്പാദനച്ചെലവ് കുറച്ച് ലാഭം പരമാവധി വർദ്ധിപ്പിക്കാനുള്ള ഉപായങ്ങളാണ് കോർപ്പറേറ്റ് ഭീമൻമാരും കുത്തകകളുമൊക്കെ പയറ്റിക്കൊണ്ടിരിക്കുന്നത്. ആധുനികവൽക്കരണത്തിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയുമൊക്കെ പേരുപറഞ്ഞ് അവർ തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറച്ച് മൂലധനപ്രധാനവും സാങ്കേതികവിദ്യാപ്രധാനവുമായ വ്യവസായങ്ങളിലേയ്ക്ക് ചുവടുമാറ്റുന്നു. ഏറ്റവും കുറച്ച് തൊഴിലാളികളെ, അതും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവരെ, നിയമിക്കുക എന്നതാണ് രീതി. പരിമിതമായ ഈ തൊഴിലുപോലും കരാർ അടിസ്ഥാനത്തിലായിരിക്കും. തൊഴിലാളികളുടെ എണ്ണം കൂട്ടുന്നതിനുപകരം കൂലി കുറയ്ക്കുകയും പ്രവൃത്തി സമയം ദീർഘിപ്പിക്കുകയുമാണ് ചെയ്യുന്നത്. 1990ൽ 100 രൂപയുടെ ഉല്പാദനം നടത്തുമ്പോൾ 30 രൂപ കൂലി ലഭിച്ചിരുന്നു. രണ്ടു പതിറ്റാണ്ടുകാലം വിനാശകരമായ ആഗോളീകരണനയങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞപ്പോൾ അത് 9.5 രൂപയായി കുറഞ്ഞു. മുതലാളിമാരുടെ ലാഭമാകട്ടെ ഈ കാലയളവിൽ 20 ശതമാനത്തിൽനിന്ന് 50ശതമാനമായി ഉയരുകയും ചെയ്തു. കഴിഞ്ഞ ഒരു വർഷം കുത്തകകൾക്ക് കിട്ടിയ അധികലാഭം 10ലക്ഷം കോടിയിലേറെയാണ്. ജനസംഖ്യയുടെ 95.5 ശതമാനംവരുന്ന പണിയെടുത്തുജീവിക്കുന്നവരും തൊഴിലാളികളുമായവരെ ചൂഷണംചെയ്താണ് ഈ ലാഭമെല്ലാം കുന്നുകൂട്ടിയത്.

എന്നിട്ടും ആർത്തിക്ക് ഒരു കുറവും ഇല്ല. തൊഴിലാളികൾ വിയർപ്പൊഴുക്കിയുണ്ടാക്കുന്ന പ്രോവിഡന്റ്ഫണ്ടിലെ പണം കവർന്നെടുക്കാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രോവിഡന്റ്ഫണ്ടിലെ കുടിശ്ശിക നൂറുക്കണക്കിന് കോടിരൂപയാണ്.തൊഴിലാളികളുടെ വിഹിതം യഥാസമയം അടയ്ക്കാതിരിക്കുന്നത് ജാമ്യം ലഭിക്കാത്ത ക്രിമിനൽ കുറ്റമാണ്. എന്നാൽ ഈ പണം തട്ടിയെടുക്കുന്ന മുതലാളിമാർ സൈ്വരവിഹാരം നടത്തുന്നു. എന്നുമാത്രമല്ല, ഓഹരി കമ്പോളത്തെ ഉത്തേജിപ്പിക്കാനായി പ്രോവിഡന്റ്ഫണ്ടിലെ 5ശതമാനം തുക, അതായത് ഏകദേശം 6000 കോടിരൂപ, ഓഹരികമ്പോളമടക്കമുള്ള മൂലധനകമ്പോളത്തിൽ നിക്ഷേപിക്കാനും ബിജെപി ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നു. ഒട്ടുമിക്ക കേന്ദ്ര ട്രേഡയൂണിയനുകൾ മാത്രമല്ല നേരായി ചിന്തിക്കുന്ന ജനങ്ങളാകെ രാജ്യവ്യാപകമായി ഉയർത്തിയ പ്രതിഷേധത്തെ അവഗണിച്ചുകൊണ്ടാണ് ഇത്തരമൊരു നടപടി സ്വീകരിക്കുന്നത്. ഈ അനുപാതം ക്രമേണ കൂടിവരും. എഐയുറ്റിയുസി ജനറൽ സെക്രട്ടറി സഖാവ് ശങ്കർസാഹ ഉൾപ്പെടെ പല ട്രേഡ്‌യൂണിയൻ നേതാക്കളും പ്രോവിഡന്റ്ഫണ്ട് ട്രസ്റ്റീസ് ബോർഡിൽ അംഗങ്ങളാണ്. അവരെല്ലാം തൊഴിലാളിവിരുദ്ധമായ ഈ നിർദ്ദേശത്തെ എതിർത്തതാണ്. എന്നാൽ ഗവണ്മെന്റ് ഈ നിർദ്ദേശങ്ങൾ ബോർഡ് മീറ്റിംഗിൽ വേണ്ടവിധം ചർച്ചചെയ്യാനോ ട്രേഡയൂണിയൻ നേതാക്കളുടെ എതിർപ്പ് പരിഗണിക്കാനോ തയ്യാറായില്ല. ഇത്തരമൊരു സാമൂഹ്യസുരക്ഷാനിധി മൂലധന കമ്പോളത്തിലെ ഭാഗ്യപരീക്ഷണത്തിന് വിട്ടുകൊടുക്കുന്നത് കനത്ത ആഘാതമാണ്. ഓഹരികമ്പോളത്തിൽ തകർച്ചയുണ്ടായാൽ റിട്ടയർ ചെയ്യുന്ന തൊഴിലാളിയുടെ ആശ്രയമായ ഈ ഫണ്ട് അപ്രത്യക്ഷമാകും. അതിനുള്ള എല്ലാ സാദ്ധ്യതയും ഉണ്ട്. ഓഹരികമ്പോളത്തിലും ഇൻഷൂറൻസ് രംഗത്തുമൊക്കെയുണ്ടായ തകർച്ച പ്രോവിഡന്റ്ഫണ്ട് നിക്ഷേപം ഇല്ലാതാക്കിയ അനുഭവങ്ങളാണ് യൂറോപ്പ് കാണിച്ചുതന്നത്. സബ്പ്രൈം പ്രതിസന്ധിയെത്തുടർന്ന് അമേരിക്കയിലെ പൗരൻമാരുടെ മാത്രമല്ല പല രാജ്യങ്ങളിലെയും പൗരൻമാരുടെ പ്രോവിഡന്റ് നിക്ഷേപം നഷ്ടപ്പെട്ടു. ഇന്ത്യയിൽ പൊതുമേഖലായൂണിറ്റുകളിൽ നിക്ഷേപിച്ച പ്രോവിഡന്റ്ഫണ്ട് നിക്ഷേപം നഷ്ടപ്പെട്ട അനുഭവമുണ്ട്. എച്ച്എംടിയിൽ നിക്ഷേപിച്ച 300

*(ശേഷം 3-ാം പേജിൽ)*

# ചരിത്രത്തിൽ അടയാളമിട്ട പൊതുപണിമുടക്ക്

**പന്ത്രണ്ടിന ആവശ്യങ്ങൾ മുൻനിർത്തിക്കൊണ്ട് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി ആഹ്വാനം ചെയ്ത സെപ്റ്റംബർ 2 ന്റെ അഖിലേന്ത്യാ പൊതുപണിമുടക്ക് അഭൂതപൂർവ്വമായ ജനപിന്തുണയോടെ ചരിത്ര സംഭവമായി മാറി. കോർപ്പറേറ്റുകൾക്കുവേണ്ടി അടിക്കടി തൊഴിലാളിവിരുദ്ധ നയങ്ങളുമായി മുന്നോട്ട് പോകുന്ന മോദി സർക്കാരിന് കനത്ത താക്കീതാണ് ഈ 24 മണിക്കൂർ അഖിലേന്ത്യാ പണിമുടക്ക് നൽകിയത്. 15 കോടിയിലേറെ സംഘടിത-അസംഘടിക തൊഴിലാളികൾ പങ്കുകൊണ്ട പണിമുടക്ക് സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും വലിയ പണിമുടക്കെന്ന് വിശേഷിപ്പിക്കാവുന്നതത്രെ. തൊഴിലാളികൾ മത്രമല്ല, കർഷകരും, ജീവനക്കാരും തുടങ്ങി സമസ്ത മേഖലകളിലും പണിയെടുക്കുന്നവർ പണിമുടക്കിൽ അണിനിരക്കുന്ന സ്ഥിതിയുണ്ടായി.**

കേന്ദ്ര ട്രേഡ് യൂണിയനുകളെ കൂടാതെ നിരവധി പ്രാദേശിക യൂണിയനുകളും വിവിധ സെക്ടറുകളിലെ ഫെഡറേഷനുകളും അസോസിയേഷനുകളും പണിമുടക്കിനെ പിന്തുണച്ചുകൊണ്ട് രംഗത്തിറങ്ങി. കൂടാതെ, വിദ്യാർത്ഥി, യുവജന, വനിതാ സംഘടനകൾ പണിമുടക്കിന് അനുകൂലമായി പ്രചാരണ പ്രവർത്തനത്തിനിറങ്ങിയത് ഈ പണിമുടക്കിന്റെ സവിശേഷതയായിരുന്നു. രണ്ടര പതിറ്റാണ്ടായി മാറി മാറി അധികാരത്തിൽ വന്ന സർക്കാരുകൾ ഒരേ ദിശയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങളുടെ തിക്തഫലം അനുഭവിക്കുന്ന ജനങ്ങളുടെ പൂർണ്ണ പിന്തുണ പണിമുടക്കിന് ഉണ്ടായിരുന്നു.

കേരളം, പശ്ചിമബംഗാൾ, കർണ്ണാടക, തൃപുര, ആന്ധ്ര, തെലുങ്കാന, ഒഡിഷ, ഹിമാചൽ പ്രദേശ്, ഗോവ, പുതുശ്ശേരി തുടങ്ങിയ സംസ്ഥാനങ്ങളിൽ പണിമുടക്ക് സമസ്തമേഖലകളേയും ബാധിച്ചു. ബാങ്ക്, ഇൻഷ്വറൻസ്, തപാൽ, ടെലികോം, റോഡ് ഗതാഗതം, നിർമ്മാണം, എണ്ണ, പ്രകൃതിവാതകം, കൽക്കരി, ഉരുക്ക്, ഊർജം തുടങ്ങിയ മുഖ്യ മേഖലക്കളല്ലാം തന്നെ സ്തംഭിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസ്സുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനം മുടങ്ങി.

പണിമുടക്ക് ആഹ്വാനം ചെയ്ത കേന്ദ്ര ട്രേഡ് യൂണിയനുകളുമായി കേന്ദ്ര സർക്കാരിന്റെ മന്ത്രിതല സംഘം ആഗസ്റ്റ് 26,27 തിയ്യതികളിൽ നടത്തിയ ചർച്ചയെതുടർന്ന് ബിഎംഎസ് യൂണിയൻ പണിമുടക്കിൽനിന്നും പിന്മാറിയെങ്കിലും അതിലെ തൊഴിലാളികൾ മിക്കയിടങ്ങളിലും സമരത്തോടൊപ്പമായിരുന്നു. ഏതാനും ചില കാര്യങ്ങളിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികളെപ്പറ്റിയുള്ള മന്ത്രിമാരുടെ ചില അവ്യക്ത പ്രസ്താവനകളല്ലാതെ, കൃത്യമായ വ്യവസ്ഥയിൽ വ്യക്തമായി ഒന്നും തന്നെ ചർച്ചയിൽ തീരുമാനിക്കപ്പെടാത്തതിനെ തുടർന്നാണ് പ്രഖ്യാപിക്കപ്പെട്ട പണിമുടക്കുമായി മുന്നോട്ട് പോകാൻ ബിഎംഎസ് ഒഴികെയുള്ള യൂണിയനുകൾ തീരുമാനിച്ചത്. കോർപ്പറേറ്റ് അനുകൂല തൊഴിൽ നിയമ ഭേദഗതികൾ ഉൾപ്പെടെയുള്ള സർക്കാർ നടപടിയിൽ കടുത്ത അമർഷവും വ്യഥയുമുള്ള ഇന്ത്യൻ തൊഴിലാളിവർഗ്ഗം ഈ തീരുമാനത്തിനൊപ്പമായിരുന്നുവെന്ന് പണിമുടക്ക് വിജയം തെളിയിച്ചു.

കേരളത്തിൽ പണിമുടക്ക് ഹർത്താൽ സമാനമായി മാറി. കൊച്ചി, ആലുവ, കഞ്ചിക്കോട് തുടങ്ങിയ വ്യവസായ മേഖലകൾ പൂർണ്ണമായി സ്തംഭിച്ചു. കശുവണ്ടി, മത്സ്യം തുടങ്ങിയ മേഖലകളിലെ പരമ്പരാഗത തൊഴിലാളികളും കർഷകത്തൊഴിലാളികളും നിർമ്മാണതൊഴിലാളികളും സമ്പൂർണ്ണമായി പണിമുടക്കിലായിരുന്നു. ബിഎസ്എൻഎൽ, കെഎസ്ആർടിസി, കെഎസ്ഇ.ബി, ബിപിസിഎൽ കൊച്ചി റിഫൈനറി തുടങ്ങിയ കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സിവിൽ സർവ്വീസ് ജീവനക്കാരും പണിമുടക്കി.

സംയുക്ത ട്രേഡ് യൂണിയൻ വേദിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും മറ്റ് ടൗണുകളിലും പണിമുടക്കിയ തൊഴിലാളികളുടെ പ്രകടനവും ധർണ്ണയും നടന്നു. കഴിഞ്ഞ മൂന്നു മാസമായി ജില്ലാ-മണ്ഡലം-പഞ്ചായത്ത് കൺവൻഷനുകൾ, ധർണ്ണ, വാഹന പ്രചാരണ ജാഥ തുടങ്ങിയ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ നടന്നുവരികയായിരുന്നു.

തിരുവനന്തപുരത്ത് പാളയത്തുനിന്നും പ്രകടനം ആരംഭിച്ച് സെക്രട്ടേറിയറ്റ് ഗേറ്റിൽ സമാപിച്ചുകൊണ്ട് ധർണ്ണ നടത്തി. ഐഎൻടിയുസി സംസ്ഥാന പ്രസിഡണ്ട് ആർ.ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. സിഐടിയു സംസ്ഥാന പ്രസിഡണ്ട് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.രാജേന്ദ്രൻ, എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, സംസ്ഥാന വൈസ് പ്രസിഡണ്ട് ഡി.സുന്ദരേശൻ, ജോർജ് തോമസ് (എച്ച്എംഎസ്), എം.പോൾ (യുടിയുസി), എം.പി.ജയകുമാർ (ടിയുസിസി), സോണിയ ജോർജ് (സേവ), ചാൾസ് ജോർജ്

(ശേഷം 4-ാം പേജിൽ)



പണിമുടക്ക് ദിനത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന ധർണ്ണയിൽ എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

## തൊഴിൽ നിയമ ഭേദഗതി:

(2-ാം പേജിൽ നിന്ന്)

കോടി രൂപ അപ്പാടെ നഷ്ടപ്പെട്ടു. ഇത്രയൊക്കെയായിട്ടും കുത്തകകളുടെ താല്പര്യാർത്ഥം ബിജെപി ഗവണ്മെന്റ് പ്രോവിഡന്റ് ഫണ്ട് ഫണ്ടിലെ പണം ഓഹരിക്കമ്പോളത്തിലെ ഊഹക്കച്ചവടത്തിന് എറിഞ്ഞുകൊടുക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുകയാണ്.

ഗവണ്മെന്റ് നിയന്ത്രണത്തിലുള്ള ഇഎസ്ഐ ആണ് ലക്ഷ്യം വയ്ക്കുന്ന അടുത്ത മേഖല.1948ലാണ് ഇഎസ്ഐ ആരംഭിക്കുന്നത്. ഇന്ന് സ്വയംഭരണത്തിലുള്ള ഏറ്റവും വലിയ സാമൂഹ്യ സുരക്ഷാസംവിധാനങ്ങളിലൊന്നാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ്. ഇഎസ്ഐ അംഗമാകുമ്പോഴാണ് ഒരാൾ അംഗീകൃത തൊഴിലാളിയാകുന്നത്. അതോടെ ഫാക്ടറിയുടെ അഥവാ കമ്പനിയുടെ രജിസ്റ്ററിൽ അയാൾ ഇടംപിടിക്കുന്നു. അതോടെ പ്രോവിഡന്റ് ഫണ്ട് അടക്കമുള്ള സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾക്ക് അയാൾ അർഹത നേടുകയും തൊഴിൽ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു. എന്നാൽ കഴിഞ്ഞ ഏപ്രിൽ 7-ാം തീയതി ബിജെപിയുടെ തൊഴിൽ മന്ത്രി ബണ്ഡാരു ദത്താത്രേയ പ്രഖ്യാപിച്ചത് ഇഎസ്ഐ നിർത്തലാക്കി സ്വകാര്യ ഇൻഷൂറൻസ് പദ്ധതിയുടെ കരാർ ഒപ്പിടുമെന്നാണ്. ഇഎസ്ഐ ഇല്ലാതായാൽ തൊഴിലാളികൾക്ക് എല്ലാ അവകാശങ്ങളും നഷ്ടമാകും. സ്ഥിരം തൊഴിൽ സംവിധാനം തന്നെ ഇല്ലാതാക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണിത്. ആഗോളീകരണത്തിൽ മുതലാളിമാർക്ക് തൊഴിലാളികളോട് യാതൊരു ഉത്തരവാദിത്വവുമില്ല. തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും സംരക്ഷണങ്ങളും സുരക്ഷയും തട്ടിത്തെറിപ്പിക്കാൻപാകത്തിൽ സ്വേച്ഛാപരമായി എല്ലാ അധികാരങ്ങളും സ്വയം കയ്യടക്കാനാണ് മുതലാളിവർഗ്ഗം ശ്രമിക്കുന്നത്. തൊഴിലാളിയുടെ അവസാനതുള്ളി ചോരയും ഊറ്റിയെടുത്ത് ഒടുങ്ങാത്ത ലാഭാർത്തി ശമിപ്പിക്കുകയാണ് ലക്ഷ്യം. മുതലാളിവർഗ്ഗത്തിന്റെ ഈ ഹീനലക്ഷ്യം നിറവേറ്റാൻ പാകത്തിൽ പരിഷ്കരണ പദ്ധതികളുമായി വിശ്വസ്ത വിധേയരായി ബിജെപി നേതൃത്വം മുന്നോട്ടുവന്നിരിക്കുന്നു. മോദി സർക്കാരിന് അവർ എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്നു.

### ട്രേഡ് യൂണിയൻ അവകാശങ്ങൾക്കുമേലുള്ള കടന്നാക്രമണം

ചൂഷണവും പീഡനങ്ങളുംകൊണ്ട് തൊഴിലാളികൾക്ക് പൊറുതി മുട്ടിയിരിക്കുകയാണെന്ന് ഭരണവർഗ്ഗത്തിനും ഭരണകക്ഷിക്കുമൊക്കെ നന്നായറിയാം. ഈ രോഷം ശരിയായ നേതൃത്വത്തിൻകീഴിൽ ഉയർന്നുവന്നാൽ അത് മുതലാളിത്ത വ്യവസ്ഥയ്ക്കുതന്നെ ഭീഷണിയാകുമെന്നും അവർ മനസ്സിലാക്കുന്നു. വിപ്ലവ ഭീതിയാൽ, ഒരു മുൻകൂർ നടപടിയെന്നനിലയിൽ, ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിനും തൊഴിലാളിമുന്നേറ്റങ്ങൾക്കും കടിഞ്ഞാണിടാനുള്ള പദ്ധതികളും അവർ തയ്യാറാക്കുന്നു. ബഹുജന പ്രക്ഷോഭങ്ങൾക്കുമേലും അവർ പിടിമുറുക്കുന്നു. ഇത് ഫാസിസമാണ്. പരിഷ്കരണമെന്ന പേരിൽ, പുതിയ ട്രേഡ്‌യൂണിയനുകൾ രൂപീകരിക്കുന്നത് അസാദ്ധ്യമാക്കുംവിധമുള്ള നിയമഭേദഗതികളാണ് അവർ കൊണ്ടുവരുന്നത്. 30ശതമാനം തൊഴിലാളികളുടെ അംഗീകാരമുണ്ടെങ്കിലേ പുതിയ യൂണിയൻ ഉണ്ടാക്കാനാകൂ എന്നാണ് പുതിയ പരിഷ്കാരങ്ങൾ അനുശാസിക്കുന്നത്. ഇത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അനുഭവസമ്പത്തുള്ള നേതാക്കളെ പുറത്തുള്ളവർ എന്ന് മുദ്രകുത്തി തൊഴിലാളി സംഘടനകളെ നയിക്കുന്നതിൽനിന്ന് ഒഴിവാക്കിക്കൊണ്ട് തൊഴിലാളിപ്രസ്ഥാനത്തെ ദുർബ്ബലപ്പെടുത്താനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടുകഴിഞ്ഞു. ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന മുദ്രാവാക്യത്തിന്റെ പിന്നിലും ചെറുപ്പുനക്കികളെമാത്രം യൂണിയൻ രൂപീകരിക്കാൻ അനുവദിക്കുക എന്ന തന്ത്രമാണ്. യഥാർത്ഥ വിപ്ലവശക്തികൾ തൊഴിലാളികൾക്കിടയിൽ സ്വാധീനം വർദ്ധിപ്പിക്കുന്നതും മുതലാളിത്തവിരുദ്ധ വിപ്ലവസമരങ്ങൾക്ക് അനുരോധമായി ശരിയായ ദിശയിൽ ട്രേഡ്‌യൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതും ഒഴിവാക്കുക എന്ന ലക്ഷ്യമാണ് എല്ലാ നീക്കങ്ങളുടെയും പിന്നിൽ.

### പണിമുടക്ക് നിരോധിക്കാനുള്ള നീക്കം

നിയമാനുസൃത ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെ കയ്യിലെ കരുത്തുറ്റൊരു ആയുധമാണ് പണിമുടക്ക്. ഈ അടിസ്ഥാനാവകാശം തൊഴിലാളികൾ പൊരുതി നേടിയതും ബൂർഷ്വാജനാധിപത്യവ്യവസ്ഥ അംഗീകരിച്ചിട്ടുള്ളതുമാണ്. അനീതിക്കെതിരായ മറ്റു മാർഗ്ഗങ്ങളൊക്കെ അടയുമ്പോഴാണ് തൊഴിലാളികൾ പണിമുടക്കിന് മുതിരുന്നത്. തൊഴിലാളികൾ പണിമുടക്കുമ്പോൾ മുതലാളിമാരുടെ ലാഭം കുറയുന്നു. അതുകൊണ്ടുതന്നെ അവർ പണിമുടക്കിനെതിരെ വാചാലമാകുകയും അത് വ്യവസായ സമാധാനവും ഉല്പാദനവും തകർക്കുന്ന നടപടിയായി ചിത്രീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഗവണ്മെന്റിന്റെതന്നെ കണക്കുകൾ പറയുന്നത് നേരെമറിച്ചാണ്. 2010ൽ ഗവണ്മെന്റ് മേഖലയിൽ 9.62 ശതമാനവും സ്വകാര്യമേഖലയിൽ 62.66ശതമാനവും പണിമുടക്കിൽ കുറവുവന്നു. എന്നാൽ മുതലാളിമാരുടെ ഫാക്ടറി അടച്ചിടുന്ന നടപടി 4.53ശതമാനം വർദ്ധിച്ചതായി ലേബർ ബ്യൂറോ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാനങ്ങളിലെ കാര്യമെടുത്താൽ, പശ്ചിമബംഗാളിൽ 2013ൽ ഒരു ദിവസംപോലും പണിമുടക്കുണ്ടായില്ല. എന്നാൽ ലോക്കൗട്ട്മൂലം ഒന്നരക്കോടി മനുഷ്യാദ്ധ്വാന ദിനങ്ങൾ നഷ്ടമായി. ലേബർ കോൺഫറൻസിൽ ഇതൊന്നും കേൾക്കാൻ മോദി തയ്യാറായില്ല. കഷായം കുടിക്കാൻ ബുദ്ധിമുട്ടാണല്ലോ. വ്യവസായ സമാധാനത്തെക്കുറിച്ച് കോലാഹലമുണ്ടാക്കുന്നവർ അനേകായിരങ്ങളുടെ ജീവിതത്തിലെ സമാധാനമാണ് തകർക്കുന്നത്. തൊഴിലാളി പട്ടിണികിടന്ന് മരിക്കുമ്പോഴും ആത്മഹത്യയിൽ അഭയം കണ്ടെത്തുമ്പോഴും അവർക്ക് ഒരു മനസ്സാക്ഷിക്കുത്തുമില്ല. "മുതലാളിത്തസമൂഹത്തിന്റെ പ്രകൃതത്തിൽനിന്നുണ്ടാകുന്ന പണിമുടക്കുകൾ സാമൂഹ്യവ്യവസ്ഥയ്ക്കെതിരായ തൊഴിലാളിവർഗ്ഗ സമരങ്ങളുടെ നാന്ദികുറിക്കുന്നു.... ഇത് മുതലാളിമാരിൽ ഭീതിയുണർത്തുന്നു, കാരണം ഇത് അവരുടെ മേധാവിത്വത്തിന് തുരങ്കം വയ്ക്കുവാനുള്ള പുറപ്പാടാണ്...." എന്നാണ് ലെനിൻ പറഞ്ഞത്. ഇന്ത്യൻ മുതലാളിവർഗ്ഗവും അവരുടെ വിധേയനായ ബിജെപി സർക്കാരും പണിമുടക്ക് നിരോധിക്കുവാൻ ഉത്സാഹം കാണിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

### സമരങ്ങളിലൂടെ അവകാശങ്ങൾ സംരക്ഷിക്കാൻ തൊഴിലാളികൾ തയ്യാറാകണം

എന്നാൽ, വസ്തുനിഷ്ഠസാഹചര്യം ലോകമെമ്പാടും തൊഴിലാളികളെ പണിമുടക്കിലേയ്ക്കും സമരങ്ങളിലേയ്ക്കും തള്ളിവിടുന്നു. നമ്മുടെ രാജ്യത്തും സ്ഥിതി വ്യത്യസ്തമല്ല. തൊഴിലാളിദ്രോഹകരമായ തൊഴിൽ നിയമഭേദഗതികൾക്കും ഭൂമി പിടിച്ചെടുക്കൽ നിയമംപോലെയുള്ള മറ്റ് ജനവിരുദ്ധ നടപടികൾക്കുമെതിരെ രാജ്യത്തെ മുഴുവൻ ട്രേഡ്‌യൂണിയനുകളും സെപ്തംബർ 2ന് ദേശീയതലത്തിൽ പൊതുപണിമുടക്കിന് ആഹ്വാനം ചെയ്തു. ജീവിതത്തിന്റെ നാനാതുറകളിലുള്ളവരോട് ഈ പ്രക്ഷോഭത്തെ പിന്തുണയ്ക്കാൻ അവർ അഭ്യർത്ഥിച്ചു. ഇതൊരു വൻവിജയമാകാൻ പോകുന്നു എന്ന് മനസ്സിലാക്കിയ നരേന്ദ്രമോദി ട്രേഡ്‌യൂണിയൻ നേതാക്കളുമായി ചർച്ചയ്ക്ക് നിർബ്ബന്ധിതനായി. സമരത്തിന്റെ കരുത്ത് ഇതിൽനിന്നുതന്നെ മനസ്സിലാക്കാം. എന്നാൽ മുതലാളിവർഗ്ഗത്തോട് വിധേയത്വം പുലർത്തുന്ന പ്രധാനമന്ത്രി, പരിഷ്കരണ നടപടികളിൽനിന്ന് പിന്നാക്കം പോകാമെന്ന യാതൊരുറപ്പും ട്രേഡ്‌യൂണിയനുകൾക്ക് നൽകിയില്ല.

ദേശീയ പണിമുടക്ക് വൻവിജയമായിരുന്നു. സമരം ഇവിടെ അവസാനിക്കുന്നില്ല. ശക്തവും യോജിച്ചതും സംഘടിതവുമായ തൊഴിലാളിവർഗ്ഗ പ്രക്ഷോഭം നിരന്തരം വളർത്തിയെടുക്കുകയാണ് ആവശ്യം. അതേസമയംതന്നെ തെരഞ്ഞെടുപ്പിനെ ചുറ്റിപ്പറ്റിയുള്ള സമരമെന്ന നിലയിലേയ്ക്ക് അതിനെ വഴിതെറ്റിക്കാനുള്ള മുതലാളിത്ത പദ്ധതിയെക്കുറിച്ച് ജാഗരൂകരായിരിക്കുകയും വേണം. ശരിയായ വിപ്ലവശക്തികളെ കണ്ടെത്തുകയും ശക്തിപ്പെടുത്തുകയും ചെയ്താൽ മാത്രമേ പ്രക്ഷോഭങ്ങൾ യുക്തിപരമായ പൂർണ്ണതയിലെത്തൂ. ■

# മോദിയുടെ കോർപ്പറേറ്റ് നയങ്ങൾക്കെതിരായ താക്കീത്




ബാംഗ്ലൂർ നഗരത്തിൽ നടന്ന പടുകൂറ്റൻ റാലി. എഐയുടിയുസി അഖിലേന്ത്യാ വൈസ്പ്രസിഡന്റ് സഖാവ് കെ.രാധാകൃഷ്ണ മുൻനിരയിൽ

(ടിയുസിഐ) മാഹിം അബുബക്കർ (എസ്ടിയു) എന്നിവർ പ്രസംഗിച്ചു. എഐയുടിയുസി സംസ്ഥാന ട്രഷററും ജില്ലാ

യൂണിയൻ തുടങ്ങിയ യൂണിയനുകളിലെയും തൊഴിലാളികൾ പങ്കെടുത്തു.

പത്തനംതിട്ട ടൗണിൽ പ്രകടനവും



ഡൽഹിയിൽ നടന്ന പ്രകടനം

സെക്രട്ടറിയുമായ ഡി.ഹരികൃഷ്ണൻ മറ്റു യൂണിയൻ നേതാക്കൾക്കൊപ്പം പ്രകടനത്തിന് നേതൃത്വം നൽകി.

കൊല്ലം ചിന്നക്കടയിൽ പ്രകടനവും ധർണ്ണയും നടന്നു. ചിന്നക്കട ഹെഡ്പോസ്റ്റോഫീസിനു മുന്നിൽ നിന്നാരംഭിച്ച പ്രകടനം സമരകേന്ദ്രത്തിൽ സമാപിച്ചു. സിഐറ്റിയു സംസ്ഥാന സെക്രട്ടറി എൻ.പത്മലോചനൻ ഉദ്ഘാടനം ചെയ്തു. ഐഎൻറ്റിയുസി ജില്ലാ പ്രസിഡന്റ് എൻ.അഴകേശൻ അദ്ധ്യക്ഷത വഹിച്ചു. എഐയുടിയുസി ജില്ലാപ്രസിഡന്റ് എസ്.രാധാകൃഷ്ണൻ, അഡ്വ. ഫിലിപ്പ് കെ.തോമസ് (യുറ്റിയുസി), ഇന്ദുശേഖരൻ നായർ (എഐറ്റിയുസി), കണ്ണനല്ലൂർ ബെൻസിലി (എച്ച്എംഎസ്) സുരേഷ് ശർമ്മ (റ്റിയുസിഐ) തുടങ്ങിയവർ പ്രസംഗിച്ചു. കരുനാഗപ്പള്ളി, പുനലൂർ, കൊട്ടാരക്കര, കുണ്ടറ, ഇരവിപുരം, ചവറ, അഞ്ചൽ തുടങ്ങിയ ടൗണുകളിൽ പണിമുടക്കിനോടനുബന്ധിച്ച് നടന്ന പ്രകടനത്തിൽ എഐയുടിയുസി ജില്ലാസെക്രട്ടറി ബി.വിനോദ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ പി.പി. പ്രശാന്ത്, ബി.രാമചന്ദ്രൻ, വി.ആന്റണി എന്നിവരും ഹരിദാസൻ, സി.മുരളി, കുഞ്ഞുമോൻ, സതീശൻ, മഹേഷ്, സജീവ്, ഷാനവാസ്, പി.യു.ജോൺ, അശോകൻ തുടങ്ങിയവരും നേതൃത്വം നൽകി.

ആലപ്പുഴയിൽ പണിമുടക്ക് ദിവസം എല്ലാ മണ്ഡലങ്ങളിലും പ്രാദേശികതലങ്ങളിലും പ്രകടനങ്ങളും പ്രതിഷേധ സംഗമങ്ങളും നടന്നു. ചെങ്ങന്നൂരിൽ ടി.കെ ഗോപിനാഥൻ, മാവേലിക്കരയിൽ കെ.ആർ ഓമനക്കുട്ടൻ, കായംകുളത്ത് അനിൽപ്രസാദ്, ഹരിപ്പാട് എ.മുഹമ്മദ്, അമ്പലപ്പുഴയിൽ ആർ.അർജ്ജുനൻ, കുട്ടനാട് വി.ആർ അനിൽ, ചേർത്തലയിൽ കെ.പി മനോഹരൻ, അരൂരിൽ കെ.പ്രതാപൻ, ജില്ലാകേന്ദ്രമായ ആലപ്പുഴയിൽ അഡ്വ.എം.എ ബിന്ദു, പി.ആർ.സതീശൻ എന്നിവർ എഐയുടിയുസിയെ പ്രതിനിധീകരിച്ച് പ്രസംഗിച്ചു. പ്രകടനങ്ങളിൽ നിർമ്മാണത്തൊഴിലാളി യൂണിയൻ, മത്സ്യസംസ്കരണതൊഴിലാളി യൂണിയൻ, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ്

പൊതുയോഗവും നടന്നു. സിഐടിയു ദേശീയ വൈസ് പ്രസിഡണ്ട് കെ.കെ.ദിവാകരൻ ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡണ്ട് എസ്.രാജീവൻ, പി.കെ. ഗോപി (ഐഎൻറ്റിയുസി), ബെൻസി തോമസ് (എഐറ്റിയുസി), തോമസ് ജോസഫ് (യുറ്റിയുസി), എസ്.രാധാമണി എന്നിവർ പ്രസംഗിച്ചു. കൊടുമണലിൽ നടന്ന യോഗത്തിൽ എഐയുടിയുസി ജില്ലാ സെക്രട്ടറി കെ.ജി.അനിൽകുമാർ പ്രസംഗിച്ചു. തിരുവല്ലയിൽ എഐയുടിയുസിയെ പ്രതിനിധീകരിച്ച് ബിജിരാജ് പ്രസംഗിച്ചു.

കോട്ടയത്ത് നടന്ന ധർണ്ണ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ജെ തോമസ് ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് ഫിലിപ്പ് ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംയുക്ത ട്രേഡ് യൂണിയൻ ജില്ലാ കൺവീനറും എഐയുടിയുസി ജില്ലാ സെക്രട്ടറിയുമായ വി.പി

ക്കൾ കെ.ജെ ജോയി, ഇല്ലിക്കലിൽ സഖാവ് ഇ.വി പ്രകാശൻ, വൈക്കത്ത് സഖാക്കൾ എൻ.വേണുഗോപാലൻ, എം.കെ.കണ്ണൻ, രാധാകൃഷ്ണൻ, റ്റി.എം.ബോസ് തുടങ്ങിയവർ എഐയുടിയുസിയെ പ്രതിനിധീകരിച്ച് പ്രസംഗിച്ചു.

തൊടുപുഴയിൽ മുൻസിപ്പൽ സ്റ്റാന്റിൽ നിന്നും പ്രകടനം ആരംഭിച്ച് ഗാന്ധി പാർക്കിൽ സമാപിച്ചു. സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി ടി.ആർ.സോമൻ ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡണ്ട് എം.എൻ.അനിൽ പ്രസംഗിച്ചു. കട്ടപ്പനയിൽ പ്രകടനവും പൊതുയോഗവും നടന്നു. എഐയുടിയുസി ജില്ലാ സെക്രട്ടറി എം.ബി.രാജശേഖ

പ്രകടനത്തിന് സഖാക്കൾ എ.ജി.അജയൻ, എ.ബ്രഹ്മകുമാർ, എം.കെ.തങ്കപ്പൻ, അകിൽമുരളി, വി.ജി.രാജൻ എന്നിവർ നേതൃത്വം നൽകി.

അങ്കമാലി ടെൽക്കിനുമുന്നിൽ നടന്ന യോഗത്തിൽ സഖാവ് പി.പി.അഗസ്റ്റിൻ പ്രസംഗിച്ചു. പ്രകടനത്തിന് സഖാക്കൾ കെ.സി.ജയൻ, വി.കെ.മോഹനൻ, എൻ.ആർ.ബിനു, പുഷ്പജൻ, എം.വി.വിജയകുമാർ, പി.വി.രജീഷ്, സിജു പി.ടി. എന്നിവർ നേതൃത്വം നൽകി.

തൃശൂരിൽ നിയോജകമണ്ഡലം കേന്ദ്രങ്ങളിൽ ധർണ്ണ സംഘടിപ്പിക്കപ്പെട്ടു. സംയുക്ത




ചെന്നൈയിൽ നടന്ന റാലിയിൽ എഐയുടിയുസി തമിഴ്നാട് സംസ്ഥാന സെക്രട്ടറി സഖാവ് വി.ശിവകുമാർ പ്രസംഗിക്കുന്നു.

രൻ പ്രസംഗിച്ചു.

എറണാകുളം ജില്ലയിൽ വിവിധ സമരകേന്ദ്രങ്ങളിൽ പ്രകടനവും യോഗവും നടന്നു. എറണാകുളം നഗരത്തിൽ നടന്ന യോഗത്തിൽ

ട്രേഡ്യൂണിയൻ ജില്ലാ നേതാക്കൾ ധർണ്ണയെ അഭിസംബോധന ചെയ്തു. കൊടുങ്ങല്ലൂരിൽ എഐയുടിയുസി ജില്ലാ ജോയിന്റ് സെക്രട്ടറി എ.വി.ബെന്നിയും, ചാവക്കാട് സി.ആർ.ഉണ്ണികൃഷ്ണനും പ്രസംഗിച്ചു. വിവിധ സ്ഥലങ്ങളിൽ നടന്ന പ്രതിഷേധ പ്രകടനങ്ങൾക്ക് എഐയുടിയുസി ജില്ലാ ജോയിന്റ് സെക്രട്ടറി ഒ.കെ.വൽസലൻ, സി.വി.പ്രേംരാജ്, കെ.വി.രാജീവൻ, പി.കെ.ഷിബു, സജീവൻ പണിക്കശേരി എന്നിവർ നേതൃത്വം കൊടുത്തു.

പാലക്കാട് ടൗണിൽ പ്രകടനവും ധർണ്ണയും നടന്നു. അഞ്ചുവിളക്കിൽ നടന്ന ധർണ്ണ സിഐടിയു നേതാവ് എം.ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. എഐയുറ്റിയുസി ജില്ലാ സെക്രട്ടറി കെ.പ്രദീപ് പ്രസംഗിച്ചു. ചിറ്റൂർ താലൂക്ക് പ്രകടനം അന്നിക്കോട് ജംഗ്ഷനിൽ സമാപച്ചു. എഐയുറ്റിയുസി ജില്ലാ കമ്മിറ്റി അംഗം കെ.രാമനാഥൻ പ്രസംഗിച്ചു.



എറണാകുളത്ത് നടന്ന പ്രകടനം

കൊച്ചുമോൻ, എഐറ്റിയുസി ജില്ലാ സെക്രട്ടറി അഡ്വ. സന്തോഷ്കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. സമാപനയോഗത്തിൽ എഐയുടിയുസിയെ പ്രതിനിധീകരിച്ച് ജില്ലാ ജോയിന്റ് സെക്രട്ടറി എ.ജി.അജയകുമാർ പ്രസംഗിച്ചു. ചങ്ങനാശ്ശേരിയിൽ സഖാക്കൾ കെ.എൻ. രാജൻ, റ്റി.ജെ.ജോണിക്കുട്ടി, ചിങ്ങവനത്ത് സഖാക്കൾ എൻ.കെ.ബിജു, കെ.സദാനന്ദൻ, പാമ്പാടിയിൽ സഖാക്കൾ റ്റി.വൈശാഖ്, എൻ.ആർ.രാജു, കാഞ്ഞിരപ്പള്ളിയിൽ സഖാ



കോട്ടയത്ത് നടന്ന റാലി

എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.എം.ദിനേശൻ പ്രസംഗിച്ചു. പ്രകടനത്തിന് സഖാക്കൾ ജോണി ജോസഫ്, സി.കെ. ബാബു എന്നിവർ നേതൃത്വം നൽകി.

തൃപ്പൂണിത്തുറയിൽ ജില്ലാപ്രസിഡന്റ് സഖാവ് മോഹൻകുമാർ, സഖാവ് പി.പി.സജീവ്കുമാർ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ സി.ബി.അശോകൻ, കെ.എ.സതീശൻ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

കാഞ്ഞിരമറ്റം മില്ലുങ്കൽ നടന്ന യോഗത്തിൽ സഖാവ് മോഹൻകുമാർ, കെ.ഒ.ഷാൻ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ സി.കെ. രാജേന്ദ്രൻ, സി.റ്റി.സുരേന്ദ്രൻ, സി.കെ. തമ്പി, സി.കെ.അശോകൻ, എൻ.എൻ.സിന്ധു, കെ.എൻ. രാജി എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

ആലുവയിൽ നടന്ന യോഗത്തിൽ സഖാവ് കെ.പി.സാൽവിൻ പ്രസംഗിച്ചു.

കോഴിക്കോട് മുതലക്കുളം മൈതാനിയിൽനിന്നും പ്രകടനം ആരംഭിച്ച് ലിങ്ക് റോഡിൽ സമാപിച്ചു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരിം ഉദ്ഘാടനം ചെയ്തു. എഐയുടിയുസിയെ പ്രതിനിധീകരിച്ച് പി.എം.ശ്രീകുമാർ പ്രസംഗിച്ചു. കക്കോടി ബസാറിൽ നടന്ന യോഗത്തിൽ എഐയുടിയുസിയെ പ്രതിനിധീകരിച്ച് ജ്യോതിരാജ് പ്രസംഗിച്ചു.

കണ്ണൂർ സ്റ്റേഡിയം കോർണറിൽ നിന്നാരംഭിച്ച പ്രകടനം തെക്കിബസാറിൽ സമാപിച്ചു. യോഗത്തിൽ എഐയുടിയുസി ജില്ലാ സെക്രട്ടറി അനൂപ് ജോൺ പ്രസംഗിച്ചു. കമ്പിൽ നടന്ന പ്രകടനത്തിന് സംയുക്ത ട്രേഡ് യൂണിയൻ നാറാത്ത് പഞ്ചായത്ത് ചെയർമാൻ അഡ്വ.പി.സി.വിവേക് നേതൃത്വം നൽകി. ■

സൈദ്ധാന്തിക പാഠങ്ങൾ

# മാർക്സിസവും മതവും

... മതമെന്നത് "ആളുകളുടെ നിത്യജീവിതത്തെ നിയന്ത്രിക്കുന്ന ബാഹ്യശക്തികൾ അവരുടെ മനസ്സിൽ ഉളവാക്കുന്ന വിചിത്രമായ പ്രതിഫലനമല്ലാതെ മറ്റൊന്നുമല്ല" എന്ന് ('ആന്റി ഡ്യൂറിംഗ്') തെളിയിച്ചുകൊണ്ട് അതിന്റെ സാരസത്ത പൂർണ്ണമായി വെളിപ്പെടുത്താൻ കഴിഞ്ഞത് മാർക്സിസത്തിന് മാത്രമാണ്.

മതത്തിന്റെ നാരായവേര് കിടക്കുന്നതെവിടെയാണെന്ന് 'മൂലധനം', 'ആന്റിഡ്യൂറിംഗ്', 'ലുഡ്‌വിഗ് ഫോയർബാഹ്' തുടങ്ങിയ കൃതികളിൽ മാർക്സും എംഗൽസും വെളിപ്പെടുത്തുന്നുണ്ട്. മനുഷ്യന്റെ വളർച്ചയുടെ ഏറ്റവും ആദ്യഘട്ടങ്ങളിൽ മതവിശ്വാസം പൊട്ടിമുളച്ചത് പ്രകൃതിശക്തികളുമായുള്ള പോരാട്ടത്തിലെ മനുഷ്യന്റെ നിസ്സഹായതയിൽനിന്നായിരുന്നുവെങ്കിൽ, വൈരുദ്ധ്യങ്ങൾ നിറഞ്ഞ വർഗ്ഗസമൂഹത്തിൽ അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെമേലുള്ള സാമൂഹ്യമർദ്ദനവും ചൂഷകർക്കെതിരായ പോരാട്ടത്തിൽ തങ്ങൾ നിസ്സഹായരാണെന്ന അവരുടെ ബോധവുമാണ് മതത്തിന്, ഈ ജന്മത്തിലെ കഷ്ടപ്പാടുകൾക്കുള്ള ഒരു പ്രതിഫലമെന്ന നിലയ്ക്ക് അടുത്ത ജന്മത്തിൽ നല്ലൊരു ജീവിതമുണ്ടാകുമെന്ന വിശ്വാസത്തിന്, ജന്മം നൽകുകയും അതിന് വളമിട്ടുകൊടുക്കുകയും ചെയ്തതെന്ന് തെളിയിച്ചുകൊണ്ടാണ് അവർ മതത്തിന്റെ ഈ നാരായവേരുകൾ നമുക്ക് വെളിപ്പെടുത്തിത്തരുന്നത്...

എംഗൽസ് എഴുതിയ "ബ്രൂണോ ബൗവറും ആദ്യകാല ക്രിസ്തുമതവും", "വെളിപാടുപുസ്തകം", "ക്രിസ്തുമതത്തിന്റെ ആദ്യകാല ചരിത്രത്തെപ്പറ്റി" എന്നീ കൃതികൾ റോമാസാമ്രാജ്യത്വത്തിന്റെ അധഃപതന കാലത്തെ സാമൂഹ്യവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ പോരാട്ടത്തിന്റെ ചരിത്രസാഹചര്യങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട്. ക്രിസ്തുമതത്തിന്റെ ആവിർഭാവത്തിന് കളമൊരുക്കിയത് ഈ പോരാട്ടമായിരുന്നെന്ന കാര്യം ഇവിടെ അനുസ്മരിക്കുമല്ലോ. റോമൻസാമ്രാജ്യ നുകത്തിനെതിരായി അടിമകളും ദരിദ്രരും അടിമത്തത്തിലാഴ്ത്തപ്പെട്ട ദേശീയ ജനവിഭാഗങ്ങളും നടത്തിയ എണ്ണമറ്റ കലാപങ്ങൾ ചോരയിൽ മുക്കിക്കൊല്ലപ്പെട്ടതിനെ തുടർന്ന് കരകയറാനാവാത്ത നിരാശാഗർത്തത്തിൽ ചെന്നുചാടിയ ആളുകളുടെ വീക്ഷണമെന്ന നിലയ്ക്ക് ഉയർന്നുവന്ന ഒന്നാണ് ക്രിസ്തുമതമെന്ന് ഈ ലേഖനങ്ങൾ അസന്ദിഗ്ദ്ധമായി തെളിയിക്കുന്നു.

ശാസ്ത്രവീക്ഷണവും മതവീക്ഷണവും തമ്മിൽ നടന്നുവന്ന അവിരാമമായ പോരാട്ടം ഏതുതരത്തിലുള്ളതായിരുന്നുവെന്ന് "പ്രകൃതിയുടെ വൈരുദ്ധ്യാത്മകത" എന്ന ഗ്രന്ഥത്തിൽ എംഗൽസ് ഭംഗിയായി വിവരിക്കുന്നുണ്ട്. മതം ശാസ്ത്രപുരോഗതിക്ക് വലിയൊരു വിലങ്ങുതടിയായിരുന്നുവെന്ന് അദ്ദേഹം തെളിയിക്കുന്നുമുണ്ട്. മതചരിത്രം ശാസ്ത്രീയ ചിന്തയുടെ വളർച്ചക്കെതിരായ പോരാട്ടത്തിന്റെ ചരിത്രമാണ്. പള്ളി ഏറ്റവും പ്രഗത്ഭരായ ശാസ്ത്രജ്ഞരെ അത്യന്തം ക്രൂരമായി പീഡിപ്പിച്ചിട്ടുണ്ട്. അത് അവരെ ദേഹദണ്ഡനമേൽപ്പിക്കുകയോ ജീവനോടെ ദഹിപ്പിക്കുകയോ അവരുടെ കൃതികൾ ചുട്ടെരിക്കുകയോ ഒക്കെ ചെയ്തിട്ടുണ്ട്... പക്ഷേ, പ്രകൃതിശാസ്ത്രത്തിന്റെ വളർച്ച മതപരവും ആശയവാദപരവുമായ വീക്ഷണത്തിന് അനിവാര്യമായും പലേ വിള്ളലുകളുമുണ്ടാക്കി. അതുകൊണ്ടാണ്, ശാസ്ത്രീയവും ഭൗതികവാദപരവുമായ പ്രചാരണം മതത്തിനെതിരായ പോരാട്ടത്തിലെ ഏറ്റവും കരുത്തേറിയ ആയുധമായിരിക്കുമെന്ന് മാർക്സിസത്തിന്റെ ആചാര്യന്മാർ കരുതിയത്.

എന്നാൽ, മതത്തിനെതിരായി മർദ്ദനമുറകൾ സ്വീകരിക്കാനുള്ള അരാജകവാദികളുടെയും ബ്ലാങ്കിസ്റ്റുകളുടെയും ഡ്യൂറിംഗിന്റെയും മറ്റും ശ്രമങ്ങളെ മാർക്സും എംഗൽസും ശക്തിയായി അപലപിച്ചിരുന്നു. ("ആന്റി ഡ്യൂറിംഗ്", "പ്രവാസ സാഹിത്യം" എന്നീ കൃതികൾ നോക്കുക). മതത്തെ നിരോധിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് മതവിശ്വാസം ഒന്നിനൊന്ന് ശക്തിപ്പെടുകയേയുള്ളൂവെന്ന് അവർ തെളിയിച്ചു. മതത്തിന് വളമിട്ടുകൊടുക്കുന്ന സാമൂഹികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളെ ഉന്മൂലനം ചെയ്യാതെ മതത്തെ ഇല്ലായ്മ ചെയ്യാൻ സാദ്ധ്യമല്ലെന്നാണ്, അമൂർത്തമായ പ്രത്യയശാസ്ത്ര പ്രചാരണം നടത്തുന്ന ബൂർഷ്വാ നാസ്തികവാദത്തിന് വിപരീതമായി, മാർക്സിസം പറയുന്നത്. സാമ്പത്തികവും രാഷ്ട്രീയവുമായ വിമോചനത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്നിടയിലായിരിക്കും അദ്ധ്വാനിക്കുന്ന ജനത മതപരമായ ധാരണകളിലും അന്ധവിശ്വാസങ്ങളിലും നിന്ന് വിമുക്തമാകുന്നത്. ഭൗതികവാദ വീക്ഷണത്തോടുകൂടിയ വിദ്യാഭ്യാസം ഇതിൽ അവരെ സഹായിക്കും. തൊഴിലാളികൾക്കിടയിൽ ഭൗതികവാദ സാഹിത്യവും പ്രകൃതിശാസ്ത്രങ്ങളുടെയും സാമൂഹ്യശാസ്ത്രങ്ങളുടെയും നേട്ടങ്ങളും പ്രചരിപ്പിക്കാൻ മാർക്സിസ്റ്റാചാര്യന്മാർ തൊഴിലാളിപ്പാർട്ടി നേതാക്കളോട് ആഹ്വാനം ചെയ്തത് അതുകൊണ്ടാണ്.

*(സിപിഎസ്‌യു കേന്ദ്രക്കമ്മിറ്റിയുടെ കീഴിലുള്ള മാർക്സിസം-ലെനിനിസം ഇൻസ്റ്റിറ്റ്യൂട്ട്)*

... പക്ഷേ, മതമെന്ന് പറയുന്ന ഏത് സംഗതിയും ആളുകളുടെ നിത്യജീവിതത്തെ നിയന്ത്രിക്കുന്ന ബാഹ്യശക്തികൾ അവരുടെ മനസ്സിൽ ഉളവാക്കുന്ന വിചിത്രമായ, ഭ്രമകൽപ്പനാപരമായ, പ്രതിഫലനമല്ലാതെ മറ്റൊന്നുമല്ല. ഈ പ്രതിഫലനത്തിൽ ഭൗമികശക്തികൾ അമാനുഷിക ശക്തികളുടെ രൂപം കൈക്കൊള്ളുന്നു. ചരിത്രാരംഭത്തിൽ പ്രകൃതിശക്തികളാണ് ആദ്യമായി ഇപ്രകാരം പ്രതിഫലിപ്പിക്കപ്പെട്ടത്. തുടർന്നുള്ള പരിണാമഗതിക്കിടയിൽ ഈ ശക്തികൾ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിവിധങ്ങളായ പലേ രൂപങ്ങളും കൈക്കൊണ്ടു. ഇൻഡോ-യൂറോപ്യൻ ജനവിഭാഗങ്ങളുടെ കാര്യത്തിലെങ്കിലും ഭാരതീയ വേദങ്ങളിൽ പറയുന്ന ഈ ആദ്യകാല പ്രക്രിയയുടെ ഉത്ഭവം കണ്ടെത്താൻ പുരാവൃത്ത വിജ്ഞാന താരതമ്യ പഠനശാസ്ത്രത്തിന് (Comparative Mythology) കഴിഞ്ഞിട്ടുണ്ട്. അതിന്റെ തുടർന്നുള്ള പരിണാമം ഇന്ത്യക്കാർക്കും പേഴ്സ്യക്കാർക്കും യവനന്മാർക്കും റോമാക്കാർക്കും ജർമ്മൻകാർക്കുമിടയിലും ലഭ്യമായ സാമഗ്രികൾ വച്ച് തെളിയിക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷേ ഏറെ താമസിയാതെ പ്രകൃതിശക്തികൾക്ക് സമാന്തരമായി സാമൂഹ്യശക്തികളും സക്രിയമാകുന്നുണ്ട്. ഈ ശക്തികളും പ്രകൃതിശക്തികളുടെ അത്രതന്നെ അന്യവും പിടികിട്ടാത്തതുമെന്ന നിലക്കാണ് മനുഷ്യനെ അഭിമുഖീകരിക്കുന്നത്. അത്രതന്നെ പ്രകടമായ സ്വാഭാവികാവശ്യകതയോടുകൂടിത്തന്നെയാണ് അവയും മനുഷ്യന്റെ മേൽ ആധിപത്യം ചെലുത്തുന്നതും. തുടക്കത്തിൽ പ്രകൃതിയുടെ നിഗൂഢശക്തികളെ മാത്രം പ്രതിഫലിപ്പിച്ചിരുന്ന അത്ഭുതരൂപങ്ങൾക്ക് ചില സാമൂഹ്യസവിശേഷതകൾ കൈവരികയും അവ ചരിത്രശക്തികളുടെ പ്രതിനിധികളായിത്തീരുകയും ചെയ്യുന്നു. പരിണാമത്തിന്റെ ഇനിയുമൊരു ഉത്തരഘട്ടത്തിൽ എണ്ണമറ്റ ദൈവങ്ങളുടെ പ്രകൃതിസഹജവും സാമൂഹ്യവുമായ സവിശേഷതകളെല്ലാം സർവ്വശക്തനായ ഒരൊറ്റ ദൈവത്തിൽ അവരോധിക്കപ്പെടുന്നുണ്ട്. ഈ സർവ്വശക്തനാകട്ടെ അമൂർത്ത മനുഷ്യന്റെ ഒരു പ്രതിഫലനം മാത്രവുമാണ്. ഏകേശ്വരവാദത്തിന്റെ ഉത്ഭവം അവിടെ നിന്നാണ്. ചരിത്രപരമായി നോക്കിയാൽ, പിൽക്കാല യവനരുടെ വികലമാക്കപ്പെട്ട ദർശനത്തിന്റെ അവസാനത്തെ സന്തതിയാണിത്. യഹൂദരുടെ ദേശീയ ദൈവമായ യഹോവയായി അവതാരം കൊണ്ടതും ഇതാണ്. സൗകര്യപ്രദവും ഉപയുക്തവും ഏതുതരത്തിൽ വേണമെങ്കിലും മാറ്റാവുന്നതുമായ ഈ രൂപത്തിൽ മതത്തിന് പ്രത്യക്ഷമായി തുടർന്നും നിലനിൽക്കാൻ കഴിയും. അതായത്, മനുഷ്യൻ അവന്റെ മേൽ ആധിപത്യം ചെലുത്തുന്ന പ്രകൃതിസഹജവും സാമൂഹ്യവുമായ അന്യശക്തികളുടെ നിയന്ത്രണത്തിൽ കഴിയുന്നിടത്തോളം ഈ ശക്തികളുമായുള്ള അവന്റെ ബന്ധത്തിന്റെ വൈകാരിക രൂപമായി അതിന് തുടരാൻ സാധിക്കും. എന്നാൽ, ഇന്നത്തെ ബൂർഷ്വാ സമൂഹത്തിൽ ഒരു അന്യശക്തിയെന്നോണം ആളുകളുടെ മേൽ ആധിപത്യം ചെലുത്തുന്നത് അവർ സ്വയം സൃഷ്ടിച്ച സാമ്പത്തിക ബന്ധങ്ങളാണെന്ന്, അവർ സ്വയം ഉൽപ്പാദിപ്പിച്ച ഉൽപ്പാദനോപാധികളാണെന്ന്, നാം പലവുരു കണ്ടുകഴിഞ്ഞുവല്ലോ. അതിനാൽ മതത്തിന് ജന്മം നൽകുന്ന പ്രതിഫലനത്തിന്റെ വാസ്തവത്തിലുള്ള അടിത്തറയും അതോടൊപ്പം മതപരമായ പ്രതിഫലനവും തുടർന്നും നിലനിൽക്കും. ബൂർഷ്വാ അർത്ഥശാസ്ത്രം ഈ അന്യമായ ആധിപത്യത്തിന്റെ കാര്യകാരണ ബന്ധത്തിലേക്ക് അൽപം വെളിച്ചം വീശിയിട്ടുണ്ടെങ്കിലും അതുകൊണ്ട് കാര്യമായ വ്യത്യാസമൊന്നും സംഭവിക്കുന്നില്ല. പൊതുവിൽ പ്രതിസന്ധികളെ തടയാനോ മുതലാളിമാർക്ക് നഷ്ടത്തിലും കിട്ടാക്കടത്തിലും പാപ്പരത്തത്തിലും നിന്ന് രക്ഷ നൽകാനോ തൊഴിലാളികൾക്ക് തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനുമെതിരായി ഉറപ്പുനൽകാനോ ബൂർഷ്വാ സാമ്പത്തികശാസ്ത്രത്തിന് കഴിയില്ല. മനുഷ്യൻ ഇച്ഛിക്കുന്നത് ഒന്നും ദൈവം (അതായത്, മുതലാളിത്ത ഉല്പാദനരീതി നടത്തുന്ന അന്യമായ ആധിപത്യം) കൽപ്പിക്കുന്നത് വേറൊന്നുമാണെന്ന് പറയുന്നത് ഇപ്പോഴും ശരിയാണ്. ബൂർഷ്വാ സാമ്പത്തികശാസ്ത്രത്തെക്കാൾ വളരെ വ്യാപകവും ഗഹനവുമാണ് നമുക്കുള്ള അറിവെന്ന് വരികിലും ആ അറിവുകൊണ്ട് മാത്രം സാമൂഹ്യശക്തികളെ സമൂഹത്തിന്റെ ആധിപത്യത്തിൽ കൊണ്ടുവരാൻ പറ്റുകയില്ല. മറ്റെല്ലാറ്റിലുമുപരിയായി ഇതിന് ആവശ്യമായിട്ടുള്ളത് ഒരു സാമൂഹ്യകൃത്യമാണ്. ഈ കൃത്യം നടത്തിക്കഴിയുമ്പോൾ മാത്രമേ, എല്ലാവിധ ഉൽപ്പാദനോപാധികളും ഏറ്റെടുത്തിട്ട് ആസൂത്രിതമായ രീതിയിൽ അതെല്ലാം ഉപയോഗപ്പെടുത്തുകയും സ്വയം നിർമ്മിച്ചതെങ്കിലും തടുക്കാനാവാത്ത ഒരു അന്യശക്തിയെപ്പോലെ ഇന്ന് തങ്ങളെ അഭിമുഖീകരിക്കുന്ന ഈ ഉൽപ്പാദനശക്തികളുടെ ദാസ്യത്വത്തിൽ നിന്ന് സമൂഹവും അതിലെ അംഗങ്ങളും മോചനം നേടുകയും ചെയ്യുമ്പോൾ മാത്രമേ, അങ്ങനെ ഇച്ഛിക്കുന്ന മനുഷ്യൻ തന്നെ കൽപ്പിക്കുകയും ചെയ്യാൻ തുടങ്ങുമ്പോൾ മാത്രമേ, മതത്തിൽ ഇപ്പോഴും പ്രതിഫലിക്കുന്ന അവസാനത്തെ അന്യശക്തിയും അപ്രത്യക്ഷമാവുകയുള്ളൂ. അതോടൊപ്പം മതപരമായ പ്രതിഫലനവും അപ്രത്യക്ഷമാകും. പ്രതിഫലിപ്പിക്കാൻ പിടികിട്ടാത്ത ഒരു അന്യശക്തി ഉണ്ടായിരിക്കില്ലെന്നതാണ് ഇതിനുള്ള ലളിതമായ കാരണം. പക്ഷേ, മതം ഇപ്രകാരം സ്വാഭാവികമായി മരണമടയുന്നതുവരെ കാത്തിരിക്കാൻ ശ്രീമാൻ ഡ്യൂറിംഗിനെക്കൊണ്ടാവില്ല... അദ്ദേഹം തന്റെ ഭാവി സായുധപോലീസിനെ മതത്തിനെതിരായി ഇളക്കിവിടുകയും അതുവഴി രക്തസാക്ഷിത്വം വരിക്കാനും കുറേക്കൂടി കാലം ജീവിക്കാനും മതത്തെ സഹായിക്കുകയും ചെയ്യുന്നു...

*(ആന്റി ഡ്യൂറിംഗ്, ഫ്രെഡറിക് എംഗൽസ്)* ■

## എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ ജനമോചന പ്രതിജ്ഞാ വാരാചരണം

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തെ അടുത്തറിയുക, യഥാർത്ഥ സമര ചരിത്രം യുവാക്കളിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ ആഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യാ ദിനംമുതൽ ആഗസ്റ്റ് 15 വരെ സംസ്ഥാന വ്യാപകമായി ജനമോചന പ്രതിജ്ഞാവാരമായി ആചരിച്ചു. ഔദ്യോഗിക ചരിത്രകാരൻമാർ അവതരിപ്പിക്കുന്ന സഹനസമരത്തിലൂടെയുള്ള സമരചരിത്രം മാത്രമല്ല യഥാർത്ഥ ഇന്ത്യൻ സ്വാതന്ത്ര്യസമരം. അറിയപ്പെടുന്നവരും അല്ലാത്തവരുമായ ലക്ഷക്കണക്കിന് ധീരവിപ്ലവകാരികളുടെ വിട്ടുവീഴ്ചയില്ലാത്ത സമരത്തിന്റെ കൂടിഫലമാണ് 1947 ആഗസ്റ്റ് 15 ന് നാം നേടിയെടുത്ത സ്വാതന്ത്ര്യം. എന്നാൽ ദേശീയ മുതലാളിമാരുടെ സ്വാധീനത്തിലുള്ള കോൺഗ്രസിന്റെയും ഗാന്ധിജിയുടെയും സ്വാതന്ത്ര്യസമരത്തിലെ മേൽക്കൈമൂലം സ്വാതന്ത്ര്യത്തിന്റെ സത്ഫലങ്ങൾ ഒരുപിടിവരുന്ന സമ്പന്നരായ ആൾക്കാർക്ക് മാത്രമായി ചുരുങ്ങുകയാണ് ഉണ്ടായത്. ദേശാഭിമാനികളായ സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നങ്ങൾ സ്വതന്ത്ര്യഭാരത ഭരണാധികാരികൾ ചവിട്ടി മെതിക്കുകയാണ്. പട്ടിണി മരണങ്ങൾ, നിരക്ഷരത, സാംസ്കാരിക അധഃപതനം, പ്രാദേശിക ലഹളകൾ, വർഗ്ഗീയ കലാപങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തുടങ്ങിയവയിൽ ഒന്നും പോലും നമുക്ക് ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ലക്ഷകണക്കിന് തൊഴിലാളികൾ തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയുടെ ലോകത്തിലേയ്ക്ക് തള്ളിവിടപ്പെടുന്നു. കർഷക ആത്മഹത്യകൾപ്പെരുകുന്നു. എന്നാൽ മറുവശത്ത് ഇന്ത്യൻ മുതലാളിമാർ ലോക കോടീശ്വരൻമാരായി വളർന്നുകൊണ്ടിരിക്കുന്ന കാഴ്ചയും നാം കാണുന്നു. ബിജെപിയുടെ നേതൃത്വത്തിലുള്ള പുതിയ കേന്ദ്രഭരണമാകട്ടെ എല്ലാവിധ എതിരഭിപ്രായങ്ങളേയും ശാരീരികമായി തന്നെ ഇല്ലാതാക്കുന്ന ഫാസിസ്റ്റ് വാഴ്ചയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ സഹചര്യത്തിൽ ശക്തമായ യുവജനപ്രക്ഷോഭം വളർത്തിയെടുക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള യോഗങ്ങൾ വിവിധ സ്ഥലങ്ങളിൽ എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ടു.

ആലപ്പുഴ ജില്ലയിൽ ഓഗസ്റ്റ് 11ന് ഖുദിറാം ബോസ് അനുസ്മരണ ദിനത്തിൽ രാമങ്കരിയിൽ നടന്ന യോഗത്തിൽ എഐഡിവൈഒ സംസ്ഥാന വൈസ്പ്രസിഡന്റ് സഖാവ് ആർ. പാർത്ഥസാരഥിവർമ്മ, എക്സിക്യൂട്ടീവ് അംഗം ഇ.വി പ്രകാശ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ലോക്കൽ കമ്മിറ്റി അംഗം ബി.ആർ. അനിൽ, സഖാക്കൾ എൻ. കുഞ്ഞുമോൻ, അപർണ്ണ, കെ.പി.വിശ്വനാഥ് എന്നിവർ പ്രസംഗിച്ചു. ബിജു സേവ്യർ അദ്ധ്യക്ഷത വഹിച്ചു, ആഗസ്റ്റ് 15 ന് ആലപ്പുഴ ബീച്ചിൽ നടന്ന പൊതുയോഗത്തിൽ റ്റി.ഷിജിൻ അദ്ധ്യക്ഷത വഹിച്ചു. എഐഡിവൈഒ സംസ്ഥാന ജോയിന്റ് സെക്രട്ടറി പി.പി.പ്രശാന്ത് കുമാർ മുഖ്യപ്രസംഗം നടത്തി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ലോക്കൽ കമ്മിറ്റി സെക്രട്ടറി അഡ്വ. എം.എ.ബിന്ദു, തത്ത ഗോപിനാഥ്, നജ്മ, അനീഷ് എന്നിവർ പ്രസംഗിച്ചു. കണ്ണൂരിൽ നടന്ന പഠന പരിപാടിയ്ക്ക് എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സ.എൻ.കെ ബിജു നേതൃത്വം നൽകി. എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡന്റ് റ്റി.ജെ. ഡിക്സൺ പങ്കെടുത്ത ചർച്ച പാലക്കാട് സംഘടിപ്പിക്കപ്പെട്ടു. ■

# യാക്കൂബ് മേമന്റെ തൂക്കിക്കൊല
# പ്രസക്തമായ ചില ചോദ്യങ്ങൾ

257 നിരപരാധികളുടെ വിലപ്പെട്ട ജീവനുകൾ അപഹരിക്കുകയും 713 പേരെ ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്ത 1993 ലെ മുംബൈ സ്ഫോടനത്തിലെ കൂട്ടാളി യാക്കൂബ് മേമനെ സുപ്രീംകോടതി വധശിക്ഷക്കുവിധിക്കുകയും എല്ലാ ദയാഹർജികളും തള്ളപ്പെടുകയും ചെയ്തതിനെ തുടർന്ന് 2015 ജൂലൈ 30 ന് തൂക്കിക്കൊന്നു. ഭീകരാക്രമണത്തിന്റെ തെളിയിക്കപ്പെട്ട പങ്കാളിക്കു നൽകിയ ഈ വധശിക്ഷ, ഭീകരവാദികളെ നേരിടുന്നതിൽ സർക്കാർ എത്ര കർക്കശമാണെന്ന് കാണിക്കുന്നുവെന്നാണ് ബിജെപി സർക്കാരും അവരുടെ ആശ്രിതരും പൊങ്ങച്ചത്തോടെ അവകാശപ്പെടുന്നത്. എന്തുകാരണത്തിന്റെ പേരിലായാലും, ഹൃദയരഹിതമായ ആക്രമണങ്ങളും ഭ്രാന്തമായ കൊലകളും നടത്തുന്നവർക്ക് കഠിനശിക്ഷ നൽകണമെന്നതിൽ രണ്ട് അഭിപ്രായമുണ്ടാകില്ല. കുറ്റവാളികൾ ഏതു പ്രദേശത്തു നിന്നു വരുന്നു, ഏതു മതക്കാരാണ്, ഏതു ഭാഷ സംസാരിക്കുന്നു എന്നിവയൊക്കെ അപ്രസക്തമാണ്. കുറ്റം, കുറ്റം തന്നെയാണ്. മനുഷ്യരാശിക്കെതിരേയുള്ള അപരാധം ക്ഷമിക്കാവുന്നതല്ല. എന്നാൽ മേമൻ തൂക്കിക്കൊല ചെയ്യപ്പെട്ട പരിതസ്ഥിതികൾ ചില ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

ഇത് പലപ്രമുഖ വ്യക്തിത്വങ്ങളുടേയും ശ്രദ്ധയിൽപ്പെടാതെ പോയിട്ടുള്ളതുമല്ല. മൂല്യങ്ങളിലും കീഴ്‌വഴക്കങ്ങളിലും നീതിശാസ്ത്രത്തിലും ഒക്കെ വിശ്വസിക്കുന്ന, മനസ്സാക്ഷിയുള്ള, ശരിയായി ചിന്തിക്കുന്ന ഏതൊരാളും നിയമത്തിന്റെ ന്യായമായ പ്രക്രിയയിലൂടെ നീതി ശരിയായി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കുവാനാണ് ആഗ്രഹിക്കുക. അതുകൊണ്ട്, മേമന്റെ തൂക്കിക്കൊലയുമായി ബന്ധപ്പെട്ട ചില വസ്തുതകളും അഭിപ്രായങ്ങളും അവർ അറിയേണ്ടത് ആവശ്യമാണ്. എങ്കിൽ, സർക്കാരിന്റെ അവകാശവാദങ്ങൾ ന്യായയുക്തമാണോ അല്ലയോ എന്ന് അവർക്ക് സ്വയം വിലയിരുത്താനാകും.

### മേമനെ പിടികൂടുകയായിരുന്നില്ല, അയാൾ കീഴടങ്ങുകയായിരുന്നു

ഒന്നാമതായി യാക്കൂബ് മേമനെ ഏതെങ്കിലും ഏറ്റുമുട്ടലിലോ അന്വേഷണത്തിലോ തിരച്ചിലിലോ പിടികൂടുകയായിരുന്നില്ല. ഇന്ത്യയുടെ രഹസ്യാന്വേഷണ ഏജൻസിയായ റിസർച്ച് ആന്റ് അനാലിസിസ് വിങ്ങി(റോ) ലെ മുതിർന്ന ഉദ്യോഗസ്ഥനും പാകിസ്ഥാനുമായി ബന്ധപ്പെട്ട ഭീകരവാദവിരുദ്ധ വിഭാഗത്തിന്റെ മുൻ തലവനുമായ ബി.രാമന്റെ പ്രസ്താവന ഇപ്രകാരമാണ്, "പാകിസ്ഥാന്റെ ഇന്റർ സർവ്വീസ് ഇന്റലിജൻസുമായി യോജിക്കാനാകാതെ വന്ന തനിക്കും മേമൻ കുടുംബത്തിലെ ചില അംഗങ്ങൾക്കും ഇന്ത്യയിലേയ്ക്ക് മടങ്ങാനും മുംബൈ പോലീസിന് മുമ്പാകെ കീഴടങ്ങാനുമുള്ള സാധ്യതകൾ ആരായാൻ ഒരു ബന്ധുവും വക്കീലുമായും കൂടിയാലോചിക്കാൻ കറാച്ചിയിൽ നിന്നും രഹസ്യമായി കാഠ്മണ്ഡുവിലെത്തിയതായിരുന്നു യാക്കൂബ് മേമൻ. എന്നാൽ നീതി ലഭിച്ചേക്കില്ല എന്ന ഭയത്താൽ ബന്ധുവും വക്കീലും കീഴടങ്ങുന്നതിനെതിരെ അയാളെ ഉപദേശിച്ചു. കറാച്ചിയിലേയ്ക്ക് തിരികെ പോകാൻ അവർ ഉപദേശിച്ചു. കറാച്ചിയിലേയ്ക്കുള്ള വിമാനത്തിൽ കയറുന്നതിനുമുമ്പ് സംശയം തോന്നിയ നേപ്പാൾ പോലീസ് അയാളെ അറസ്റ്റ് ചെയ്യുകയും തിരിച്ചറിഞ്ഞയുടനെ വേഗത്തിൽ ഇന്ത്യയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു". രാമന്റെ ഈ കഥയെ അന്വേഷണാത്മക പത്രപ്രവർത്തകർ സ്ഥിരീകരിക്കുകയും ചെയ്തു. കൂടാതെ രാമന്റെ അഭിപ്രായപ്രകാരം യാക്കൂബിനും ചില കുടുംബാംഗങ്ങൾക്കും ഗൂഢാലോചനയിലുള്ള പങ്കിനെപ്പറ്റിയോ, 1994 ജൂലൈ വരെ ഐഎസ്ഐയുമായി അവർക്കുണ്ടായിരുന്ന സഹകരണത്തെപ്പറ്റിയോ, സംശയത്തിന്റെ ഒരു കണികപോലുമില്ല. കുറ്റകൃത്യത്തിലുള്ള പങ്ക്, ഇന്ത്യയ്ക്ക് മുമ്പാകെ സ്വമേധയാ കീഴടങ്ങുക എന്നീ രണ്ട് പ്രധാന പ്രശ്നങ്ങൾ മുൻനിർത്തി യാക്കൂബിന് എന്തെങ്കിലും മാപ്പുനൽകുമെന്നോ, എന്തെങ്കിലും തരത്തിലുള്ള അനുകമ്പ നേടുവാൻ അവസരം ലഭിക്കുമെന്നോ വാഗ്ദാനം നൽകുവാൻ സാധിക്കുകയില്ലെന്നും അദ്ദേഹം സമ്മതിക്കുന്നു. എന്നാൽ ഗൂഢാലോചനയുടെ ചുരുളഴിക്കുന്നതിൽ അന്വേഷണ ഏജൻസികളെ വളരെയധികം സഹായിച്ച മേമന് വധശിക്ഷ നൽകുന്നത് സംബന്ധിച്ച് രാമന് അഭിപ്രായമുണ്ട്. "കാഠ്മണ്ഡുവിൽ നിന്നും അനൗദ്യോഗികമായി പിടികൂടിയതിന് ശേഷം അന്വേഷണ ഏജൻസികളോട് യാക്കൂബ് കാണിച്ച സഹകരണം; മറ്റ് ചില കുടുംബാംഗങ്ങളെ പാകിസ്താനിൽ നിന്നും പുറത്തുവന്ന് കീഴടങ്ങുവാൻ പ്രേരിപ്പിക്കുന്നതിൽ അയാൾക്കുള്ള പങ്ക്, ഇതെല്ലാം വധശിക്ഷ നടപ്പാക്കണോ എന്ന് പരിഗണിക്കുമ്പോൾ കണക്കിലെടുക്കേണ്ട ശക്തമായ സാഹചര്യങ്ങളാണെന്നാണ് എന്റെ അഭിപ്രായം." രാമൻ നിരീക്ഷിക്കുന്നു. ഇതാണ് പ്രധാനമായകാര്യം. മാപ്പുസാക്ഷിയായി മാറിക്കൊണ്ട്, കുറ്റകൃത്യമെങ്ങനെ നടപ്പാക്കിയെന്നത് സംബന്ധിച്ച പ്രധാന വിവരങ്ങൾ നൽകിയ ഒരാൾക്ക് വധശിക്ഷ നൽകാമോ? മുതലാളിത്ത നീതി ശാസ്ത്രത്തിന്റെ ഉദ്ദേശ്യത്തിനും സ്വഭാവത്തിനും യോജിക്കുന്നുവോ ഇത്?

### മേമൻ കേസിലെ നീതിന്യായ പ്രക്രിയ ഉയർത്തുന്ന ചോദ്യങ്ങൾ

കേസ്സന്വേഷണത്തിലെ നിരവധിയായ പഴുതുകൾ, വിട്ടുപോയ കണ്ണികൾ, തകർന്ന ചരടുകൾ, കുറ്റം ചുമത്താൻപോന്ന വകുപ്പുകളുടെയും സാധൂകരിക്കത്തക്ക തെളിവുകളുടെയും അഭാവം-യാക്കൂബ് മേമന്റെ വധശിക്ഷയുടെ ന്യായയുക്തതയെ സംബന്ധിച്ച് അഭിപ്രായം രൂപീകരിക്കാൻ ശ്രമിക്കുന്ന ഒരാളിന്റെ മുമ്പാകെ ഉയർന്നുവരുന്ന ചോദ്യങ്ങളാണിവ. ചില ചോദ്യം ചെയ്യപ്പെടേണ്ടതായ നീക്കങ്ങൾ പരാമർശിക്കേണ്ടതുണ്ട്. ടാഡ(Terrorist and Disruptive Activities (Prevention)Act ) കോടതി ഏപ്രിൽ 30 നാണ് യാക്കൂബ് മേമന്റെ മരണവാറന്റ് പുറപ്പെടുവിക്കുന്നത്. ഇതിൽ 90 ദിവസം സമയം നൽകി ജൂലൈ 30 ന് വധശിക്ഷയ്ക്കുള്ള തീയതി നിശ്ചയിക്കുന്നു. എന്നാൽ മരണവാറന്റ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് ഏപ്രിൽ 30 ന് ടാഡ കോടതി യാക്കൂബ് മേമന്റെ ഭാഗം കേട്ടില്ലെന്നു മാത്രമല്ല, വാറന്റിനെ സംബന്ധിച്ച് അദ്ദേഹത്തെ അറിയിക്കുന്നത് ജൂലൈ 13 നുമാത്രമാണ്. ശിക്ഷ നടപ്പാക്കുന്നതിന് വെറും 17 ദിവസം മുൻപ് മാത്രമാണ്. ജൂലൈ 28 ന് യാക്കൂബ് മേമൻ ദയാഹർജി സമർപ്പിക്കുന്നു. ഇതിൽ വിചാരണ നേരിടുവാനായി പാകിസ്ഥാനിൽ നിന്നുള്ള മടങ്ങിവരവുമായി ബന്ധപ്പെട്ട, നേരത്തെ വിചാരണ കോടതിയിൽ നിന്നും സുപ്രീംകോടതിയിൽ നിന്നും മറച്ചുവയ്ക്കപ്പെട്ട ഒരു പുതിയ സാഹചര്യം അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. നേരത്തെ പരാമർശിച്ച ബി. രാമന്റെ ലേഖനത്തിന്റെ രൂപത്തിലായിരുന്നു ഈ വെളിപ്പെടുത്തൽ. റോ, വാർത്താവിതരണ പ്രക്ഷേപണ വകുപ്പ്, സിബിഐ തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നും എല്ലാ വസ്തുതകളും വിളിച്ചുവരുത്തി തന്റെ കേസ് ഒന്നുകൂടി പരിഗണിക്കണമെന്ന് മേമൻ രാഷ്ട്രപതിയോട് അഭ്യർത്ഥിച്ചു. ഈ പുതിയ സാക്ഷ്യങ്ങളിൽ ജുഡീഷ്യൽ റെക്കോഡിൽ നിന്നും ഭിന്നമായ വസ്തുതകൾ ഉൾപ്പെടെയുണ്ടെന്നും അതുകൊണ്ടുതന്നെ സുപ്രീംകോടതിയടക്കമുള്ള കോടതികൾക്ക് ഇത് പരിഗണിക്കുവാനുള്ള അവസരം ലഭിച്ചിട്ടില്ലായെന്നും മേമൻ ചൂണ്ടിക്കാട്ടി. "വധശിക്ഷാ കേസുകളിലെ ദയാഹർജി സംബന്ധിച്ച ചട്ടങ്ങളുടെ റൂൾ VIII പ്രകാരം സാഹചര്യങ്ങളിൽ എന്തെങ്കിലും മാറ്റമോ, അല്ലെങ്കിൽ പുതിയ സാക്ഷ്യങ്ങൾ ലഭ്യമായാലോ ശിക്ഷയ്ക്കു വിധിക്കപ്പെട്ട തടവുകാരനു നേരിട്ടോ, അയാളെ പ്രതിനിധീകരിച്ച് മറ്റൊരാൾക്കോ മുൻ ഉത്തരവും പുനഃപരിശോധിക്കുന്നതിനായി പുതിയ അപേക്ഷ രാഷ്ട്രപതിക്കു സമർപ്പിക്കാവുന്നതാണ്. എന്നാൽ ഇതും പരിഗണിക്കപ്പെട്ടില്ല. താൻ ചിത്തഭ്രമം എന്ന ഗുരുതരമായ മാനസികപ്രശ്നം നേരിടുകയാണെന്നും ഏകാന്ത തടവ് അനുഭവിക്കുകയാണെന്നും രാഷ്ട്രപതിയുടെ അറിവിലേയ്ക്ക് മേമൻ കൊണ്ടുവന്നിരുന്നു. തടവുകാരന്റെ വധശിക്ഷയെ ജീവപര്യന്തം തടവാക്കി മാറ്റുന്നതിന് അനുവദിക്കുന്ന രണ്ടു പ്രധാന ഘടകങ്ങളാണ് ഇവയെന്ന് പരമോന്നത കോടതിവിധിച്ചിട്ടുള്ള ഉദാഹരണങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ ബിജെപിക്കാരനായ കേന്ദ്ര ആഭ്യന്തര മന്ത്രി അതിവേഗം രാഷ്ട്രപതിയുടെ അടുത്തെത്തി രഹസ്യ ചർച്ചകൾ നടത്തുകയും തുടർന്ന് രാഷ്ട്രപതി ദയാഹർജി തള്ളുകയുമായിരുന്നു. രാഷ്ട്രപതി ദയാഹർജി തള്ളിയതിനെതിരെ ഹൈക്കോടതിയിലോ, സുപ്രീംകോടതിയിലോ റിട്ട് ഹർജി സമർപ്പിക്കാൻ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവർക്ക് അവകാശമുണ്ട്. അതുകൊണ്ട് അവസാനശ്രമമെന്ന നിലയിൽ, വധശിക്ഷ ഇളവു ചെയ്യുവാനായി ജൂലൈ 29 ന് സുപ്രീംകോടതി മുമ്പാകെ റിട്ട് ഹർജി സമർപ്പിച്ചു. വധശിക്ഷയുടെ തീയതിക്ക് വെറും 17 ദിവസം മുമ്പുമാത്രം മരണവാറന്റിനെ സംബന്ധിച്ച് തന്നെ അറിയിച്ചതുവഴി മരണവാറന്റ് തീയതിയും വധശിക്ഷാതീയതിയും തമ്മിൽ ടാഡ കോടതി സ്വന്തം ഇഷ്ടപ്രകാരം നിശ്ചയിച്ച 90 ദിവസത്തെ ഇടവേളയെ സർക്കാർ സ്വേച്ഛയാൽ വെട്ടിച്ചുരുക്കിയെന്നു മേമൻ ഹർജിയിൽ ആരോപിക്കുന്നു. ദയാഹർജി തള്ളിയ വിവരം അറിയിച്ച് 14 ദിവസങ്ങൾക്കുള്ളിൽ വധശിക്ഷ നടപ്പാക്കരുതെന്നുള്ള മുൻ സുപ്രീം കോടതി വിധികളും മേമൻ ചൂണ്ടിക്കാട്ടി. എന്നാൽ പരമോന്നത കോടതി ഇതെല്ലാം അവഗണിക്കുകയോ ഉറപ്പില്ലാത്ത വാദങ്ങളുന്നയിച്ച് തള്ളിക്കളയുകയോ ചെയ്തു.

### പാതിരാത്രിയിൽ കേട്ട ദയാഹർജി

നമുക്കെല്ലാം അറിയുന്നതുപോലെ, കോടതിയുടെ പരിശോധനയെന്ന പരിഹാരം വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവർക്കു ലഭ്യമായ വിശ്വസനീയവും മുഖ്യമായതുമായ ഒരു അവകാശമാണ്. പല അവസരങ്ങളിലും വധശിക്ഷ നടപ്പാക്കുന്നതു കോടതികൾ താൽക്കാലികമായി തടഞ്ഞിട്ടുമുണ്ട്. പക്ഷേ മേമന്റെ കേസിൽ, അയാളുടെ സ്വതന്ത്രമായ അവകാശങ്ങളെ പരിഗണിക്കുകകൂടി ചെയ്യാതെ, എല്ലാ കീഴ്‌വഴക്കങ്ങളെയും എങ്ങനെയൊക്കെയോ മറികടന്ന് നിശ്ചയിച്ച തീയതിയിലും സമയത്തും തന്നെ വധശിക്ഷ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള വ്യഗ്രതയിലായിരുന്നും സർക്കാരും കോടതിയുമെന്ന് നാമെല്ലാം കണ്ടതാണ്. യാക്കൂബ് മേമനെ തൂക്കിക്കൊല്ലാൻ കീഴ്ക്കോടതി നിശ്ചയിച്ച തീയതി അലംഘനീയമെന്ന മട്ടിലായിരുന്നു അത്. സാന്ദർഭികമായി, യാക്കൂബ് മേമന്റെ റിട്ട് ഹർജി ജൂലൈ 28 ന് ആദ്യം കേട്ട ജഡ്ജിമാരായ കുര്യൻ ജോസഫിനും അനിൽ ആർ. ദവേക്കുമിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു. നടപടിക്രമങ്ങളിൽ ഗുരുതരമായ വൈകല്യങ്ങൾ ജസ്റ്റിസ് കുര്യൻ ജോസഫ് കണ്ടെത്തുകയും, ജൂലൈ 21 ന് തള്ളിയ മേമന്റെ തിരുത്തൽ ഹർജി വീണ്ടും കേൾക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. നിയമം വഴി സ്ഥാപിക്കപ്പെട്ട ഒരു നടപടിക്രമം പിന്തുടരാതെ ഒരു വ്യക്തിക്ക് ജീവൻ നിഷേധിക്കപ്പെടുകയാണെങ്കിൽ, നീതി നടപ്പാക്കുന്നതിൽ ഒരു സാങ്കേതികതയും വഴിമുടക്കി നിൽക്കാൻ പാടില്ലെന്നാണ് ജസ്റ്റിസ് കുര്യൻ ജോസഫ് അഭിപ്രായപ്പെട്ടത്. അതിലുപരി, നിയമം മനുഷ്യനുവേണ്ടിയാണ്. അതൊരിക്കലും നിസ്സഹായവുമല്ല. കോടതി, വിശേഷിച്ചും വളരെ ഉയർന്ന, ഭരണഘടനാപരമായ അധികാരങ്ങൾ കുടികൊള്ളുന്ന സുപ്രീംകോടതി ബലഹീനമായിത്തീരരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ അദ്ദേഹത്തെ ഒഴിവാക്കിക്കൊണ്ട് മേമന്റെ ജൂലൈ 29 ലെ റിട്ട് ഹർജി ചീഫ് ജസ്റ്റിസ് എച്ച്.എൽ.ദത്തു മറ്റൊരു മൂന്നംഗ ബഞ്ചിനു കൈമാറി. ജഡ്ജിമാരായ ദിപക്ക് മിശ്ര, പ്രഫുല്ല സി.പന്ത്, അമിതാവറോയി എന്നിവരടങ്ങിയ പുതിയ ബഞ്ച് ജൂലൈ 30 ന് ജസ്റ്റിസ് കുര്യൻ ജോസഫിന്റെ നിരീക്ഷണങ്ങളെ തള്ളിക്കളഞ്ഞു.

അടുത്ത പ്രത്യേകത, സാധാരണ ഇത്തരം ഹർജികൾ വൈകിയ നേരത്ത് ജഡ്ജിമാരുടെ വീടുകളിൽ വച്ച് കേൾക്കാറുണ്ട്. എന്നാൽ ഈ കേസിൽ ജൂലൈ 29 ന്റെ അർദ്ധരാത്രിയിൽ സുപ്രീംകോടതിയുടെ ഗേറ്റുകൾ തുറന്നിട്ടിരിക്കുകയായിരുന്നു, തൂക്കിക്കൊലയ്ക്ക് ഏതാനും മണിക്കൂറുകൾക്കുമുമ്പ്, വധശിക്ഷ സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ടുള്ള മേമന്റെ അപേക്ഷ കേൾക്കുവാൻ ഈ മൂന്നംഗ ബഞ്ചിനെ അനുവദിക്കുന്നതിനായി. ഈ അടിയന്തിരമായ തിടുക്കം വാസ്തവത്തിൽ വിശദീകരിക്കാനാകാത്തതാണ്. കോടതിയിൽ വച്ച് കേസ് പരിഗണിച്ചാൽ അറ്റോർണി ജനറലടക്കം നേരിട്ടു ഹാജരാകും എന്നതുകൊണ്ട് വേഗത്തിൽ തീരുമാനമെടുക്കാനുമാകും. എന്നാൽ വസതികളിലാണെങ്കിൽ സ്റ്റേ അനുവദിക്കുകയും ബന്ധപ്പെട്ടവർക്ക് നോട്ടീസ് അയയ്ക്കുകയും വേണ്ടിവരും. അതിനാൽ, മനഃപൂർവ്വമുള്ള നടപടിയാണിതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ പ്രത്യക്ഷത്തിൽ ബാക്കിയാവുന്ന ചോദ്യം എന്തുകൊണ്ടാണ് യാക്കൂബ് മേമന്റെ വധശിക്ഷ സ്റ്റേ ചെയ്ത് നോട്ടീസ് അയച്ച് അയാളുടെ ഹർജിയെ വസ്തുതകൾ പരിശോധിച്ച് തീർപ്പാക്കുന്നത് ഒഴിവാക്കാൻ കോടതി വ്യഗ്രതകാട്ടിയത് എന്നതാണ്?

### ഐപിസി സെക്ഷൻ 120 ബി വകുപ്പ് പിന്നീട് കൂട്ടിച്ചേർത്തത്

ഇവിടെ പരാമർശിക്കേണ്ട മറ്റൊരു പ്രധാന വസ്തുത ഭീകരപ്രവർത്തനവുമായി ബന്ധപ്പെട്ട ഗൂഢാലോചനയ്ക്ക് പരമാവധി ശിക്ഷയായി ജീവപര്യന്തം തടവും പിഴയും മാത്രം വിധിക്കാവുന്ന, ടാഡാ നിയമത്തിന്റെ 3(3) വകുപ്പുപ്രകാരമാണ് യാക്കൂബ് മേമനെ കുറ്റക്കാരനായി വിചാരണക്കോടതി കണ്ടെത്തിയത്. പക്ഷേ, യാക്കൂബ് മേമനുമേൽ വധശിക്ഷ നടപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെയാകണം ക്രിമിനൽ ഗൂഢാലോചനയ്ക്കു വധശിക്ഷ നൽകാൻ പറ്റുന്ന ഇന്ത്യൻ ശിക്ഷാനിയമം 120 ബി വകുപ്പുകൂടി പിന്നീട് കൂട്ടിച്ചേർത്തത്. ഇതെല്ലാം കാലാനുക്രമത്തിൽ കണക്കിലെടുക്കുമ്പോൾ യാതൊരു മുൻവിധികളുമില്ലാത്ത നിഷ്പക്ഷമായ മനസ്സിനുമുമ്പിൽ ചപലമായ വിധിന്യായം കൊണ്ടുള്ള ആക്രമണം എഴുതിത്തള്ളാൻ കഴിയില്ല. മുൻ സുപ്രീം കോടതി ജഡ്ജി, മാർക്കണ്ഡേയ കട്ജു തന്നെ അഭിപ്രായപ്പെട്ടത്, "നീതിയുടെ കൊടിയ വികൃതാനുകരണ"മാണ് യാക്കൂബ് മേമന്റെ കേസിലുണ്ടായതെന്നാണ്.

ഈ അവസരത്തിൽ നമ്മൾ ഓർമ്മിക്കേണ്ടത്, 2001 ലെ പാർലമെന്റ് വെടിവയ്പ്പ് കേസിൽ അഫ്സൽ ഗുരുവിനെ തൂക്കിലേറ്റിയപ്പോൾ, ശരിയായ നീതിന്യായ പ്രക്രിയ പിന്തുടർന്നോ അതോ 'മറ്റു താൽപ്പര്യങ്ങൾ'ക്കു പ്രാമുഖ്യം ലഭിച്ചോ എന്ന ചോദ്യങ്ങൾ ഉയർന്നിരുന്നു. അഫ്സലും കീഴടങ്ങിയ ഭീകരവാദിയായിരുന്നു. അഫ്സലിനെതിരെയും പ്രത്യക്ഷത്തിൽ തെളിവുകളുണ്ടായിരുന്നില്ല. എൺപതോളം പ്രോസിക്യൂഷൻ സാക്ഷികളിൽ ഒരാൾപോലും ഒരിക്കൽപോലും അഫ്സൽ ഏതെങ്കിലും ഭീകരസംഘടനയുമായി ബന്ധപ്പെട്ടിരുന്നു എന്ന് ആരോപിച്ചി

(ശേഷം 7-ാം പേജിൽ)

**മേമന്റെ തൂക്കിക്കൊല**

# നിയമസാധുതയും നീതിയും ചോദ്യം ചെയ്യപ്പെടുന്നു

(6-ാം പേജിൽ നിന്ന്)

ട്ടില്ല. എന്നിട്ടും സാഹചര്യത്തെളിവുകൾ മാത്രം കണക്കിലെടുത്തുകൊണ്ട് അദ്ദേഹത്തിന് വധശിക്ഷ നൽകുകയായിരുന്നു. കാരണം, കോടതി കണക്കിലെടുത്തത്, പാർലമെന്റ് വെടിവെയ്പ്പ് നിരവധി ജീവഹാനിക്കു കാരണമായി. രാജ്യത്തെയൊട്ടാകെ പിടിച്ചുകുലുക്കി, അതുകൊണ്ട് സമൂഹത്തിന്റെ മനഃസാക്ഷി തൃപ്തിപ്പെടണമെങ്കിൽ അതിന് കാരണക്കാരായവർക്ക് പരമാവധി ശിക്ഷ തന്നെ നൽകിയേ മതിയാകൂവത്രേ. ഈ കേസിലും ഒരു സാധാരണക്കാരൻ തന്റെ ബുദ്ധി ഉപയോഗിച്ച് ഈ സാഹചര്യങ്ങളെയും നിരീക്ഷണങ്ങളെയും യോജിപ്പിക്കുകയാണെങ്കിൽ ലഭിച്ചേക്കാവുന്ന ദുസ്സൂചനകൾ ബാഹ്യമായ കാരണങ്ങളാൽ നിയോഗിക്കപ്പെട്ടതാണ് വധശിക്ഷ എന്നതാവും.

### ഇതൊരു രാഷ്ട്രീയ തീരുമാനമായിരുന്നോ?

സ്വാഭാവികമായും ഉയരുന്ന ചോദ്യം, എന്തുകൊണ്ടാണ് യാക്കൂബ് മേമന്റെ കേസ് ഇപ്രകാരം കൈകാര്യം ചെയ്തതെന്നാവും. ഉത്തരം കണ്ടെത്തുവാനായി നമുക്കൽപ്പം ചരിത്രം ചികയേണ്ടിവന്നേക്കാം. നമുക്കെല്ലാം അറിയാം, രാജ്യത്ത് വർഗ്ഗീയ സംഘർഷത്തിന്റെ ഭൂതത്തെ വീണ്ടും തുറന്നുവിട്ടത്, തെരഞ്ഞെടുപ്പു ലക്ഷ്യങ്ങൾ മാത്രം മുന്നിൽക്കണ്ട് അന്നത്തെ കോൺഗ്രസ്സ് പ്രധാനമന്ത്രി രാജീവ് ഗാന്ധി ബാബറി മസ്ജിദിന്റെ പൂട്ടു തുറന്നുകൊടുത്തതോടെയാണ്. ഉടനേ തന്നെ, കൊടിയ ഹിന്ദു വർഗ്ഗീയശക്തികളായ ആർഎസ്എസും ബിജെപിയും അവസരം മുതലെടുത്ത് തങ്ങളുടെ വിഷലിപ്തമായ ഹിന്ദുത്വ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാനും, മുസ്ലീം ന്യൂനപക്ഷങ്ങൾക്കെതിരെ വിദ്വേഷ പ്രചാരണം അഴിച്ചുവിടാനും ആരംഭിച്ചു. ജനത്തെ വർഗ്ഗീയമായി ധ്രുവീകരിച്ച് അധികാരം നേടിയെടുക്കാൻ താൽപ്പര്യപ്പെട്ടിരുന്ന ആർഎസ്എസിനും ബിജെപിക്കും ഒരു മുസ്ലീം വിരുദ്ധ മതഭ്രാന്ത് കൊണ്ടുവരുന്നതിൽ വിജയിക്കാനായി. ഇത് ചരിത്രപ്രധാനമായ ബാബറി മസ്ജിദ് പൊളിക്കുന്നതിലേയ്ക്കും രാജ്യമൊട്ടാകെ വർഗ്ഗീയ ലഹളകളിലേയ്ക്കും നയിച്ചു. വർഗ്ഗീയ വിഭജനവും വിദ്വേഷവും ആളിക്കത്തിക്കുവാനുള്ള ബിജെപി-ആർഎസ്എസ്-ശിവസേന സഖ്യത്തിന്റെ വമ്പിച്ച രൂപകൽപ്പനയുടെ ഭാഗമായി നടത്തപ്പെട്ടതാണ് മുംബൈ കലാപം. 90 കളുടെ പകുതിയിൽ പുറത്തുവന്ന ജസ്റ്റിസ് ബി.എൻ.ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ട്, ശിവസേനാ നേതാക്കളെ മുംബൈ കലാപത്തിന് ഉത്തരവാദികളായി കാണുകയും അവർക്കെതിരെ കെസെടുക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു. എന്നാൽ അന്നത്തെ ബിജെപി-ശിവസേന സർക്കാർ ശുപാർശകൾ സ്വീകരിച്ചില്ല. പലരും വിശ്വസിക്കുന്നത്, ഇന്ത്യൻ മുതലാളിത്ത വ്യവസ്ഥയും, ക്രിമിനൽ നിയമസംവിധാനവും സംഘലകുറ്റകൃത്യങ്ങളെ വ്യക്തമായും പക്ഷപാതപരമായ രീതിയിലാണ് നേരിടുന്നതെന്നാണ്. ഇതിനെ പിന്തുണക്കുന്ന വാദമാണ്, മേമന്റെ വധശിക്ഷ ഭീകരപ്രവർത്തനത്തിനിറങ്ങുന്നവർക്ക് മുന്നറിയിപ്പും 257 ഇരകളുടെ കുടുംബങ്ങൾക്ക് ആശ്വാസം പകരുമെന്നും വാദിക്കാമെങ്കിലും, ഹീനമായ മുംബൈ കലാപത്തിലൂടെ 900 ത്തോളം ജീവനെടുക്കാൻ മുന്നിൽ നിന്നവർ എന്തുകൊണ്ടാണ് ആരേയും ഭയക്കാനില്ലാതെ ഇപ്പോഴും സ്വതന്ത്രരായി നടക്കുന്നത്? പേരിനു മാത്രം മൂന്നു കുറ്റവാളികളെ പിടിച്ച് കേവലം ഒരു വർഷത്തെ ശിക്ഷയും നൽകിവിട്ടു. മതത്തിന്റെ പേരിൽ വാളുകൊണ്ട് നിരപരാധികളുടെ ജീവനെടുക്കുന്ന കലാപകാരിയെ, ആർഡിഎക്സ് കൊണ്ട് സ്ഫോടനം നടത്തുന്ന തീവ്രവാദിയുമായി താരതമ്യപ്പെടുത്താനാവില്ലായെന്നു വിശ്വസിക്കണോ? മുംബൈ സ്ഫോടനങ്ങൾ ഒട്ടും തന്നെ മാപ്പർഹിക്കുന്നില്ല. പക്ഷേ, മലേഗാവ്, അജ്മീർ, സംഝോധ എക്സ്പ്രസ്സ് സ്ഫോടനങ്ങൾക്കു പിറകിലെ ഹിന്ദു ഭീകരസംഘനകൾക്കെതിരെ എന്തുകൊണ്ട് ശത്രുതയുണ്ടാവുന്നില്ല. മുംബൈ സ്ഫോടനക്കേസിലെ പബ്ലിക്ക് പ്രോസിക്യൂട്ടർക്ക് വീരോചിത സ്വീകരണം നൽകുമ്പോൾ, അജ്മീർ, മലേഗാവ് കേസുകളിൽ അവരുടെ സഹപ്രവർത്തകരെ തള്ളിമാറ്റുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് യു.പി.യിലെ മീററ്റ് നഗരത്തിൽ ഹാഷിംപുരാ മേഖലയിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 42 പേരെ ക്രൂരമായി കൊലപ്പെടുത്തിയിട്ടും ആരേയും കുറ്റക്കാരായി കണ്ടെത്താത്തത്. അതും, പ്രാദേശിക സായുധ കോൺസ്റ്റാബുലറിയിലെ(PAC) 19 ഭടന്മാർ ഇരകളെ വളഞ്ഞുപിടിച്ച്, നഗരപ്രാന്തത്തിൽ കൊണ്ടുപോയി തോക്കിനിരയാക്കി മൃതദേഹങ്ങൾ കനാലുകളിൽ താഴ്ത്തി എന്ന ആരോപണം നിലനിൽക്കുമ്പോൾ, ഗോധ്രയിൽ ട്രെയിൻ കത്തിച്ച സംഭവത്തിൽ കുറ്റം ചാർത്തപ്പെട്ടവർക്ക് ജീവപര്യന്തമോ വധശിക്ഷയോ നൽകുമ്പോൾ എന്തുകൊണ്ടാണ് ഗുജറാത്തിലെ മുസ്ലീം വിരുദ്ധ കലാപം ആസൂത്രണം ചെയ്ത് നടപ്പാക്കിയവർ ശിക്ഷാ ഭീതിയില്ലാതെ നടക്കുന്നത്! എന്തുകൊണ്ടാണ് 2002 ഫെബ്രുവരിയിൽ അഹമ്മദാബാദ് നഗരത്തിൽ നടന്ന നരോദാ പാട്യാ കൂട്ടക്കൊലയിൽ 97 നിരപരാധികളെ ദയയില്ലാതെ കൊന്നൊടുക്കിയ ഹിന്ദു വർഗ്ഗീയ ഭ്രാന്തൻമാരായ 5000 ത്തോളം ബജറംഗ് ദൾ പ്രവർത്തകരെ അന്നത്തെ ബിജെപി സർക്കാർ മനപ്പൂർവം രക്ഷിച്ചത്. മുംബൈ സ്ഫോടനത്തിന്റെ ഇരകളുടെ കുടുംബങ്ങൾ എത്രത്തോളം അർഹിക്കുന്നുണ്ടോ, അത്രത്തോളം നീതി, മുംബൈ കലാപത്തിലേയും,ഗുജറാത്ത് കൂട്ടക്കൊലയിലേയും, സിഖ് വിരുദ്ധ കൂട്ടക്കൊലകളിലെയും ഇരകളും അർഹിക്കുന്നില്ലേ? ഭീകരവാദ ഗൂഢാലോചനയിലേതിനേക്കാൾ പ്രയാസമാണ് ഒരു കലാപക്കേസിൽ തെളിവുകൾ സംഘടിപ്പിക്കാൻ എന്ന് പറയുന്നത് എത്രത്തോളം വിശ്വാസയോഗ്യമാണ്. കലാപത്തിൽ കുറ്റാരോപിതരായവർക്ക് നേരെ ദാക്ഷിണ്യം കാണിക്കുവാനും, പൊള്ളയായ അന്വേഷണം നടത്തുവാനുമുള്ള മറയാക്കി ഇതിനെ മാറ്റാമോ? സർക്കാരും ഭരണയന്ത്രവും വർഗീയ ചുവയുള്ളവരാണെന്നല്ലേ ഇത് കാണിക്കുന്നത്! ഒരു കലാപകാരി, ഒരു കൊലപാതകി, ഒരു മതഭ്രാന്തൻ, ഒരു മൗലികവാദി- അവർ ഏത് ജാതിയോ, മതമോ, ദേശമോ ആയിക്കൊള്ളട്ടെ, മനുഷ്യരാശിക്കെതിരെ അക്ഷന്തവ്യമായ തെറ്റുചെയ്തവരുടെ ഗണത്തിലെ അവരെ പെടുത്താൻ പറ്റൂ. ഹൈദരാബാദിൽനിന്നുള്ള എംഐഎം എം.പി.അസദുദ്ദീൻ ഒവൈസി തെരഞ്ഞെടുപ്പ് നേട്ടത്തിനായി വർഗീയത ഇളക്കിവിട്ടുകൊണ്ട് 'മുസ്ലിം താൽപര്യങ്ങളുടെ സംരക്ഷകനായി' സ്വയം അവരോധിക്കുന്നു, അതിനാൽ വിമർശിക്കപ്പെടുന്നു. എന്നാൽ മുംബൈ കലാപകാലത്ത് 'ഹിന്ദുക്കളുടെ സംരക്ഷകനായി' സ്വയം അവരോധിക്കപ്പെടുകയും, ആ പ്രതിച്ഛായ ഉപയോഗിച്ച് 1995-ൽ മഹാരാഷ്ട്രയിൽ ശിവസേനയെ അധികാരത്തിലേറ്റുകയും ചെയ്തപ്പോൾ, പക്ഷേ, ബാൽ താക്കറേയിൽ ചാർത്തപ്പെട്ടത് 'ദേശസ്നേഹി' പട്ടമാണ്. ഭരണകൂടം വർഗീയമായി പക്ഷപാതപരമെങ്കിൽ, പ്രത്യേക മതചിഹ്നങ്ങൾ പേറുന്ന ഏതൊരു 'കലാപകാരി'യേയും 'തീവ്രവാദി'യേയും അന്യായമായി ലക്ഷ്യമാക്കി തങ്ങളുടെ 'ദേശീയവാദ-ദേശസ്നേഹ' പ്രതിച്ഛായ തെളിയിക്കാൻ വെമ്പുന്നു. കുറ്റവാളി ഒരു വലതുപക്ഷ ഹിന്ദുവാണെങ്കിലോ എല്ലാ തെറ്റുകളും പൊറുക്കപ്പെടുന്നു. ഉദാഹരണത്തിന്, 68 പേരുടെ മരണത്തിനിടയാക്കിയ സംഝോത എക്സ്പ്രസ്സിനു നേരെയുണ്ടായ കൊടിയ അക്രമത്തിന്റെ സൂത്രധാരൻ സ്വാമി അസീമാനന്ദയെന്ന കാഷായ വസ്ത്രധാരിക്ക് പഞ്ചാബ്-ഹരിയാനാ ഹൈക്കോടതി കഴിഞ്ഞ വർഷം ജാമ്യം അനുവദിച്ചു. ജാമ്യത്തെ എതിർക്കാൻ സർക്കാരിനു പദ്ധതിയില്ലായിരുന്നു.ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതിയിൽ ചോദ്യം ചെയ്യാൻ മതിയായ കാരണങ്ങളില്ലെന്നാണ് തീവ്രവാദ കേസുകൾ കൈകാര്യം ചെയ്യുന്ന ദേശീയ അന്വേഷണ ഏജൻസി (NIA) വിലയിരുത്തിയത് എന്നാണ് ആഭ്യന്തര മന്ത്രാലയം പാർലമെന്റിനെ അറിയിച്ചത്. അതുപോലെ എൻഡിഎ അധികാരത്തിലേറിയപ്പോൾ, 2008-ലെ മലേഗാവ് സ്ഫോടനക്കേസിൽ മൃദു സമീപനം കൈക്കൊള്ളണമെന്ന് തന്നോടാവശ്യപ്പെട്ടതായി ഈ കേസിലെ പ്രത്യേക പ്രോസിക്യൂട്ടറായ രോഹിണി സല്ല്യന്റെ വെളിപ്പെടുത്തൽ കോളിളക്കം സൃഷ്ടിച്ചിരുന്നു. വടക്കൻ മഹാരാഷ്ട്രയിലെ മുസ്ലിം ഭൂരിപക്ഷ പട്ടണമായ മലേഗാവിലാണ് സ്ഫോടനങ്ങൾ നടന്നത്. കേസ് അന്വേഷിച്ച് കൊണ്ടിരിക്കുന്ന ദേശീയ അന്വേഷണ ഏജൻസി സ്ഫോടനം നടത്തിയത് ഹിന്ദു ഭീകര ശക്തികളാണെന്ന് കണ്ടെത്തിയിരുന്നു. കേസിനെ സുപ്രീംകോടതിയിൽ വച്ച് പരാജയപ്പെടുത്താൻ ശ്രമമുണ്ടെന്നും അഡ്വ. രോഹിണി തുടർന്ന് ആരോപിക്കുന്നുണ്ട്. ഇവിടെ പ്രതികൾ ആവശ്യപ്പെടുന്നത്, മഹാരാഷ്ട്ര സംഘടിത കുറ്റകൃത്യനിയന്ത്രണ നിയമം (MCOCA) അനുസരിച്ച് തങ്ങൾക്കെതിരെയുള്ള ചാർജ്ജുകൾ ഒഴിവാക്കണമെന്നാണ്. ഇതുവഴി അവർ ജാമ്യത്തിനർഹത നേടും. പ്രതി ഹിന്ദുവാണെങ്കിൽ സർക്കാർ പരമാവധി വിശാല ഹൃദയത്തോടെ അയാളെ സംരക്ഷിക്കാൻ ശ്രമിക്കുമെന്നല്ലേ ഇത് വ്യക്തമായി ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ മുസ്ലീം പ്രതിയാണെങ്കിലോ കുറ്റം തെളിയിക്കുവാനും വധശിക്ഷയടക്കമുള്ള കടുത്ത ശിക്ഷകൾ നൽകുവാനും അത്യുൽസാഹം കാണിക്കും. ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ബിജെപി സർക്കാരിന്റെ ഭാഗത്തെ വർഗ്ഗീയ ചായ്‌വല്ലേ ഇത് കാണിക്കുന്നത്! പിന്നെങ്ങനെയാണ്, എല്ലാവരും നിയമത്തിന് മുൻപിൽ സമന്മാരാണെന്ന് ഒരാൾക്ക് പറയാൻ കഴിയുക. നിയമം അതിന്റെ വഴി നോക്കും എന്ന ബൂർഷ്വാ രാഷ്ട്രീയക്കാരും മന്ത്രിമാരുമൊക്കെ ആവർത്തിക്കുന്ന വാചകം വെറുമൊരു ജൽപ്പനമായി മാറുന്നില്ലേ? കുറ്റം ചെയ്ത മനസ്സുകൾ എപ്പോഴും സംശയാലുവായിരിക്കും എന്നൊരു ചൊല്ലുണ്ട്. ഇതറിയാവുന്നതുകൊണ്ടാകാം, വിമർശനങ്ങൾ വന്നു മൂടുമ്പോൾ, സ്വയരക്ഷയ്ക്കായി ബിജെപി നേതൃത്വം പ്രത്യാക്രമണം നടത്തിക്കൊണ്ടു പറയുന്നത്, യാക്കൂബ് മേമന്റെ വധശിക്ഷയ്ക്ക് വർഗ്ഗീയ നിറം നൽകാനുള്ള ശ്രമം നടക്കുകയാണെന്നാണ്. കോടതി വിധിയെ ചോദ്യം ചെയ്യരുതെന്ന് അവർ ജനങ്ങളോട് ആവശ്യപ്പെടുന്നു.

### നിയമസാധുതയും നീതിയുമാണ് ചോദ്യം ചെയ്യപ്പെടുന്നത്

ചോദ്യം ചെയ്യപ്പെടുന്നത് കോടതിവിധിയല്ല; നിയമസാധുതയും നീതിയുമാണ്. എല്ലാവരും നിയമത്തിന് മുമ്പിൽ തുല്യരാണെങ്കിൽ, എന്തുകൊണ്ടാണ് സമ്പത്തും സ്വാധീനവും അധികാരവുമുള്ളവർക്ക് അനുകൂലമായി ഓരോ ദിവസവും അനവധി നിയമനടപടികളുണ്ടാകുന്നത്? എന്തുകൊണ്ടാണ് പണവും സ്വാധീനവുമുള്ളവർക്കുമാത്രം നേടിയെടുക്കാവുന്നതാണ് കോടതിവിധിയും നീതിയുമെന്ന് സാധാരണക്കാർക്ക് പറയേണ്ടിവരുന്നത്? അടുത്തിടെ നടക്കുന്ന സംഭവങ്ങൾ കാണിക്കുന്നത്, പ്രശസ്തരും പ്രമുഖരുമായവർ നടത്തുന്ന കുറ്റകൃത്യങ്ങളുടെയും തട്ടിപ്പുകളുടെയും നേർക്ക് മൃദുവായ സമീപനമാണ് നീതിന്യായ സംവിധാനങ്ങൾ കൈക്കൊള്ളുന്നതെന്നാണ്. ഇവർക്കനുകൂലമായ നീതി നൽകാനുള്ള ബാഹ്യ സമ്മർദ്ദങ്ങൾക്ക് വഴങ്ങുന്നതുകാണുമ്പോൾ നീതിന്യായ സംവിധാനത്തിന്റെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനത്തെപ്പറ്റി ചോദ്യമുയരുക തന്നെ ചെയ്യും. വ്യക്തിപരമായ നേട്ടങ്ങൾക്കായും അധികാരസ്ഥാനങ്ങളിലുള്ളവരെ പ്രീതിപ്പെടുത്താനായും തയ്യാറാക്കുന്ന വിധികളെപ്പറ്റിയുള്ള സംശയം വർദ്ധിക്കുകയാണ്. ജുഡീഷ്യൽ സംവിധാനവുമായി ചേർന്നു നിൽക്കുന്നവർ തന്നെയാണ് അത് ആരോപിക്കുന്നത്. ഈ സാഹചര്യത്തിൽ ഭരണാധികാരികളുടെ ആഗ്രഹങ്ങൾക്കു മുൻപിൽ അടിയറ വയ്ക്കുന്നതരത്തിൽ കൃത്രിമമായി സൃഷ്ടിച്ചെടുത്തതോ വെട്ടിച്ചുരുക്കപ്പെട്ടതോ ആയ വിധികൾ വരാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. അങ്ങനെ എല്ലാ വശങ്ങളും വസ്തുതകളും പരിശോധിച്ച് യുക്തിപരമായ വിശകലനം നടത്തുമ്പോൾ അഫ്സൽ ഗുരുവിന്റെയും യാക്കൂബ് മേമന്റെയും വധശിക്ഷകൾ നിയമനിർവ്വഹണത്തിന്റെ സ്വാഭാവികമായ പരിണതി എന്നതിനുപകരം രാഷ്ട്രീയ കൊലപാതകമാണെന്ന് നിർണ്ണയിക്കേണ്ടിവരും. ഇത്തരം രാഷ്ട്രീയ കൊലപാതകങ്ങൾ തീവ്രവാദത്തെ നേരിടുന്നതിന്റെ പുകമറയാണ് സൃഷ്ടിക്കുന്നത്. ഇതിന്റെ മറവിൽ തീവ്രവർഗ്ഗീയ ശക്തികളായ ആർഎസ്എസ്സിനും ബിജെപിക്കും, മതന്യൂനപക്ഷങ്ങൾക്കെതിരെ വിദ്വേഷപ്രചരണം നടത്തുവാനും, ഭൂരിപക്ഷ സമൂഹത്തിനുമുൻപിൽ അവരെ തീവ്രവാദികളായി മുദ്രകുത്തുന്നതിനുമുള്ള ഹീനപദ്ധതി ശക്തിയാർജ്ജിക്കുകയും ചെയ്യും. മറ്റൊരു വിഷമകരമായ ഘടകം, സർക്കാർ വർഗ്ഗീയ ചായ്‌വോടെ പ്രവർത്തിക്കുമ്പോൾ, അത് എതിർവർഗ്ഗീയതയെ ആളിക്കത്തിക്കുകയും വർഗ്ഗീയ ഭ്രാന്തിന്റെ മുദ്രാവാക്യങ്ങളാൽ ജനത്തെ തെറ്റിദ്ധരിപ്പിക്കാൻ ഭീകരസംഘടനകളെ അനുവദിക്കുകയും ചെയ്യുന്നു. ഇതുവഴി എതിർവർഗ്ഗീയ തീവ്രവാദ ശക്തികളും ശക്തിനേടി പ്രതികാരത്തിന്റെയും തിരിച്ചടിയുടെയും പേരിൽ അക്രമം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### വർഗ്ഗീയതയ്ക്കും മത-ഭ്രാന്തിനും ജനങ്ങൾ ഇരയാകരുത്

ക്രൂരമായ മുതലാളിത്ത ചൂഷണത്തിനു കീഴിൽ ചതഞ്ഞരയുന്ന, സാധാരണക്കാരായ തൊഴിലെടുക്കുന്ന ജനങ്ങളാണ് ഇതിനിടയിൽപെട്ടുപോകുന്നത്. അവരെ സംബന്ധിച്ചിടത്തോളം, പരസ്പരവിശ്വാസം, സാഹോദര്യം, ഐക്യം, പരസ്പരമുള്ള ഊഷ്മളമായ ബന്ധം എന്നിവയൊന്നും, ഭരിക്കുന്ന മുതലാളിവർഗ്ഗത്തിന്റെ പിന്തുണയോടെ രാഷ്ട്രീയ അധികാരം മോഹിച്ച് പ്രവർത്തിക്കുന്നവരുടെ നേട്ടങ്ങൾക്കായി ബലികഴിക്കപ്പെടരുത് എന്നാണ് ആഗ്രഹം. എന്നാൽ ഭരണവർഗ്ഗവും അതിന്റെ അടിമ സർക്കാരും സാധാരണ ജനങ്ങളുടെ ഐക്യത്തിനുമേൽ ഇടങ്കോലിടാൻ ആഗ്രഹിക്കുന്നവരാണ്. ഒരു വിഭാഗം ജനങ്ങളെ മറ്റൊരു വിഭാഗത്തിനെതിരെ അണിനിരത്തി, വർഗ്ഗീയ വിഷം ചീറ്റി ആവശ്യമുള്ളപ്പോൾ ചോരപ്പുഴകളൊരുക്കാൻ തന്ത്രം മെനഞ്ഞ് ജനങ്ങളെ വിഭജിച്ചു നിർത്തുകയും പരസ്പരം അടുക്കാനാകാത്തവിധം അകറ്റുകയും ചെയ്യും. ജനാധിപത്യ തത്വങ്ങളേയും മതേതര മൂല്യങ്ങളേയും മാനിക്കുകയും അധ്വാനിച്ച് ജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും ഐക്യം കാംക്ഷിക്കുകയും ചെയ്യുന്ന എല്ലാവരും തന്നെ ഇത് ഗൗരവമായി ചിന്തിക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ.

വിവരങ്ങളുടെ ഉറവിടം:-

*ദി ഗാർഡിയൻ, 10-02-13, ദി ഹിന്ദു, 10-02-13, ഇന്ത്യ റെസിസ്റ്റ്, 9-2-13, ഡെക്കാൻ ഹെറാൾഡ്, 26-7-15, ബിസിനസ്സ് സ്റ്റാന്റേർഡ്, 26-7-20115, ഹിന്ദുസ്ഥാൻ ടൈംസ്, 9-8-15, ഫ്രണ്ട് ലൈൻ, എൻഡിടിവി 21-8-15, 30-6-15, 11-8-15) തുടങ്ങിയവ.* ■

> **ചോദ്യം ചെയ്യപ്പെടുന്നത് കോടതിവിധിയല്ല; നിയമസാധുതയും നീതിയുമാണ്. എല്ലാവരും നിയമത്തിന് മുമ്പിൽ തുല്യരാണെങ്കിൽ, എന്തുകൊണ്ടാണ് സമ്പത്തും സ്വാധീനവും അധികാരവുമുള്ളവർക്ക് അനുകൂലമായി ഓരോ ദിവസവും അനവധി നിയമനടപടികളുണ്ടാകുന്നത്? എന്തുകൊണ്ടാണ് പണവും സ്വാധീനവുമുള്ളവർക്കുമാത്രം നേടിയെടുക്കാവുന്നതാണ് കോടതിവിധിയും നീതിയുമെന്ന് സാധാരണക്കാർക്ക് പറയേണ്ടിവരുന്നത്?**

# സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണദിനം

**ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികനും തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവുമായ സഖാവ് ശിബ്ദാസ്ഘോഷിന്റെ 39-ാം അനുസ്മരണദിനമായ ആഗസ്റ്റ് 5 രാജ്യവ്യാപകമായി സമുചിതം ആചരിക്കപ്പെട്ടു. ഇൻഡ്യയിൽ മാർക്സിസം-ലെനിനിസമെന്ന മഹത്തായ തത്വചിന്തയെ സമൂർത്തവൽക്കരിക്കുകയും സമ്പന്നമാക്കുകയും കാലാനുസൃതം വികസിപ്പിക്കുകയും ചെയ്ത ആ മഹാനായ ഗുരുനാഥന്റെ പാഠങ്ങൾ അനുസ്മരിപ്പിക്കുന്ന സമ്മേളനങ്ങൾ രാജ്യത്തിന്റെ എല്ലാ കോണുകളിലും നടന്നു. സഖാവ് ശിബ്ദാസ്ഘോഷ് കെട്ടിപ്പടുത്ത ഇൻഡ്യയിലെ യഥാർത്ഥ തൊഴിലാളിവർഗ്ഗവിപ്ലവപ്പാർട്ടിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)-ന്റെ വ്യത്യസ്ത സംസ്ഥാനഘടകങ്ങളുടെ ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണയോഗങ്ങളിൽ പാർട്ടി പോളിറ്റ്ബ്യൂറോ അംഗങ്ങളും കേന്ദ്രകമ്മിറ്റിയംഗങ്ങളുമുൾപ്പെടെയുള്ള നേതാക്കൾ പ്രസംഗിച്ചു. സഖാവ് ശിബ്ദാസ്ഘോഷിന്റെ അമൂല്യങ്ങളായ പാഠങ്ങളുടെ വെളിച്ചത്തിൽ വർത്തമാനകാല സാമൂഹ്യ-രാഷ്ട്രീയപ്രശ്നങ്ങൾ വിശകലനം ചെയ്തുകൊണ്ട് ഇന്നത്തെ കർത്തവ്യങ്ങളെന്തെന്ന് ചൂണ്ടിക്കാട്ടുന്നവയായിരുന്നു ആ പ്രസംഗങ്ങൾ. പാർട്ടി കേരള സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണസമ്മേളനത്തിന്റെ റിപ്പോർട്ട് കഴിഞ്ഞ ലക്കം യൂണിറ്റിയിൽ പ്രസിദ്ധീകരിച്ചിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നടന്ന അനുസ്മരണദിനാചരണത്തിന്റെ സംക്ഷിപ്തവിവരണം താഴെക്കൊടുക്കുന്നു.**



ബാംഗ്ലൂരിൽ പൊളിറ്റ്ബ്യൂറോ മെമ്പർ സഖാവ് കൃഷ്ണ ചക്രവർത്തി പ്രസംഗിക്കുന്നു



ജാർഖണ്ഡിലെ ഘാട്ട്സിലയിൽ പൊളിറ്റ്ബ്യൂറോ മെമ്പർ സഖാവ് രഞ്ജിത്ധർ പ്രസംഗിക്കുന്നു

**പശ്ചിമബംഗാൾ** സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 5-ന് കൊൽക്കത്തയിലെ നേതാജി ഇൻഡോർ സ്റ്റേഡിയത്തിൽ വമ്പിച്ച സമ്മേളനം നടന്നു. പാർട്ടി ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് മുഖ്യപ്രസംഗം നടത്തി. സംസ്ഥാനസെക്രട്ടറിയും കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് സൗമൻബസു അദ്ധ്യക്ഷത വഹിച്ചു. സമ്മേളനസമയത്തിന് തൊട്ടുമുമ്പ് പെയ്ത കനത്ത മഴയിൽ നഗരവീഥികൾ വെള്ളത്തിനടിയിലായെങ്കിലും അതിനെയൊന്നും വകവയ്ക്കാതെ ആയിരങ്ങൾ ഇൻഡോർ സ്റ്റേഡിയത്തിൽ യോഗം ശ്രവിക്കാനായി എത്തിച്ചേർന്നു. സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിത്രത്തിൽ വ്യത്യസ്ത പാർട്ടി കമ്മിറ്റികളുടെയും മുന്നണി സംഘടനകളുടെയും പ്രസിദ്ധീകരണങ്ങളുടെയും ഭാരവാഹികൾ പൂക്കൾ അർപ്പിച്ചതോടെയാണ് യോഗനടപടികൾ ആരംഭിച്ചത്. തുടർന്ന് പാർട്ടിയുടെ യുവ കമ്മ്യൂണിസ്റ്റ് ദളമായ കോംസൊമോൾ ഗാർഡ് ഓഫ് ഓണർ നൽകി. സഖാവ് പ്രൊവാഷ് ഘോഷ് ഇന്നത്തെ സാഹചര്യങ്ങളെ വിശകലനം ചെയ്തുകൊണ്ട് മാർക്സിസത്തിന് മാത്രമേ ഇന്ന് ജനങ്ങളെ നയിക്കാൻ കഴിയുകയുള്ളുവെന്ന് ചൂണ്ടിക്കാട്ടി. സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളാൽ സുസജ്ജരായി ഇന്നത്തെ സാഹചര്യത്തെ നേരിടാനും വിപ്ലവകർത്തവ്യം നിറവേറ്റാനും അദ്ദേഹം പാർട്ടി അംഗങ്ങളോടും അനുഭാവികളോടും അഭ്യർത്ഥിച്ചു.

**ജാർഖണ്ട് :** ഘാട്സിലയിലെ മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ്ചിന്ത പഠനകേന്ദ്രത്തിൽ വച്ച് സംസ്ഥാനതല അനുസ്മരണയോഗം നടന്നു. എസ്‌യുസിഐ (സി) ജാർഖണ്ട് സംസ്ഥാനകമ്മിറ്റി സെക്രട്ടറി സഖാവ് റബിൻ സമാജ്പതിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാർട്ടി പോളിറ്റ്ബ്യൂറോ അംഗം സഖാവ് രഞ്ജിത്ധർ മുഖ്യപ്രസംഗം നടത്തി. സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം നാൾതോറും രൂക്ഷമായിവരുന്ന ചൂഷണം മൂലം ശ്വാസം മുട്ടിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ നിന്നുള്ള ഏക മോചനമാർഗ്ഗം മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമാണെന്ന് അദ്ദേഹം പറഞ്ഞു.

**കർണ്ണാടക:** ബാംഗ്ലൂർ പാലസ റോഡിലുള്ള ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് ഹാളിൽ വച്ച് ആഗസ്റ്റ് 5-ന് നടന്ന അനുസ്മരണയോഗത്തിൽ പാർട്ടി പോളിറ്റ്ബ്യൂറോ അംഗം സ.കൃഷ്ണചക്രവർത്തി മുഖ്യപ്രസംഗം നടത്തി. വിപ്ലവമെന്നത് അരാജകത്വമല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തൊഴിലാളിവർഗ്ഗത്തിന്റെ പ്രബുദ്ധവും സംഘടിതവുമായ പ്രസ്ഥാനത്തിലൂടെ കൂടുതൽ ഉയർന്നതും ശ്രേഷ്ഠവുമായ സമൂഹത്തെയും സംസ്കാരത്തെയും വാർത്തെടുക്കുന്ന മഹത്തായ പ്രസ്ഥാനമാണത് - അദ്ദേഹം ചൂണ്ടിക്കാട്ടി. കർണ്ണാടക സംസ്ഥാനകമ്മിറ്റി ഓഫീസ്സെക്രട്ടറി സ.കെ.ഉമ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനകമ്മിറ്റിയംഗങ്ങളായ ഡോ.ബി.ആർ.മഞ്ജുനാഥ്, ഡോ.എച്.ജി.ജയലക്ഷ്മി എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

**ഡൽഹി:** ഡൽഹി സംസ്ഥാന കമ്മിറ്റി ഗാന്ധി പീസ് ഫൗണ്ടേഷനിൽ വച്ച് അനുസ്മരണയോഗം സംഘടിപ്പിച്ചു. പോളിറ്റ്ബ്യൂറോ അംഗം സ.കൃഷ്ണചക്രവർത്തി മുഖ്യപ്രസംഗം നടത്തി. ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനങ്ങളെയും തൊഴിലാളിവർഗ്ഗത്തെയും മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ്



ഛത്തിസ്ഘട്ടിൽ കേന്ദ്രകമ്മിറ്റിയംഗം സഖാവ് ഗോപാൽകുണ്ടു പ്രസംഗിക്കുന്നു


തമിഴ്നാട്ടിലെ തേനിയിൽ കേന്ദ്രകമ്മിറ്റിയംഗം സഖാവ് സി.കെ.ലൂക്കോസ് പ്രസംഗിക്കുന്നു


രാജസ്ഥാനിൽ കേന്ദ്രകമ്മിറ്റിയംഗം സഖാവ് സത്യവാൻ പ്രസംഗിക്കുന്നു



ഹൈദ്രാബാദിൽ കേന്ദ്രകമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണ പ്രസംഗിക്കുന്നു


ത്രിപുരയിൽ കേന്ദ്രകമ്മിറ്റിയംഗം സഖാവ് സൗമൻബസു പ്രസംഗിക്കുന്നു


മുംബൈയിൽ സഖാവ് തപൻദാസ് ഗുപ്ത പ്രസംഗിക്കുന്നു


ഉത്തർഖണ്ഡിലെ ശ്രീനഗറിൽ സഖാവ് പ്രതാപസമൽ പ്രസംഗിക്കുന്നു



പാറ്റ്നയിൽ സഖാവ് സ്വപൻ ചാറ്റർജി പ്രസംഗിക്കുന്നു

# രാജ്യവ്യാപകമായി സമുചിതം ആചരിക്കപ്പെട്ടു

വിപ്ലവത്തിനായി തയ്യാറെടുപ്പിക്കുകയും വിപ്ലവത്തിലേയ്ക്ക് നയിക്കുകയും ചെയ്യുകയെന്നതാണ് ജനങ്ങളുടെ മോചനത്തിനുള്ള ഒരേയൊരു മാർഗ്ഗമെന്നും, അതിനുവേണ്ടിയുള്ള പ്രയത്നത്തിൽ മുഴുകുകയെന്നതാണ് നമ്മുടെ മഹാനായ ആചാര്യന് ആദരാഞ്ജലികളർപ്പിക്കാനുള്ള അർത്ഥവത്തായ മാർഗ്ഗമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



ഹരിയാനയിൽ കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് ശങ്കർ സാഹ പ്രസംഗിക്കുന്നു



ബീഹാറിൽ കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് ഛായമുഖർജി പങ്കെടുത്ത സമ്മേളനം


ഉത്തർപ്രദേശിലെ ലക്നോവിൽ സഖാവ് ശിവശങ്കർ പ്രസംഗിക്കുന്നു

**അസ്സം:** അസ്സം സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 6-ന് ഗുവാഹത്തിയിലെ ഡിസ്ട്രിക്ട് ലൈബ്രറി ആഡിറ്റോറിയത്തിൽ വച്ച് നടന്ന അനുസ്മരണസമ്മേളനത്തിൽ പോളിറ്റ് ബ്യൂറോ അംഗം സ.അസിത് ഭട്ടാചാര്യ മുഖ്യപ്രസംഗം നടത്തി. ഇന്ന് ലോകത്തെവിടെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് മുഖ്യതടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് ആധുനികതിരുത്തൽവാദമാണെന്ന് അദ്ദേഹം പറഞ്ഞു. ആധുനികതിരുത്തൽവാദത്തെ പ്രത്യയശാസ്ത്രപരമായി പരാജയപ്പെടുത്താൻ ഇന്ന് സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകൾ അനിവാര്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാന സെക്രട്ടറി സഖാവ് പ്രൊഫ. ചന്ദ്രലേഖാദാസ് അദ്ധ്യക്ഷത വഹിച്ചു.


ഒറീസയിലെ കട്ടക്കിൽ സഖാവ് റാബിൻ സമാജ്പതി പ്രസംഗിക്കുന്നു

**തമിഴ്നാട് :** തമിഴ്നാട് സംസ്ഥാനസംഘാടക കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 8-ന് തേനിയിൽ വസന്തമഹൾ ഹാളിൽ വച്ച് നടന്ന അനുസ്മരണസമ്മേളനത്തിൽ പാർട്ടി കേന്ദ്രകമ്മിറ്റിയംഗം സ.സി. കെ.ലൂക്കോസ് മുഖ്യപ്രസംഗം നടത്തി. ദ്വന്ദ്വാത്മകഭൗതികവാദ ദർശനത്തെ ആഴത്തിൽ മനസ്സിലാക്കുകയും പ്രയോഗവൽക്കരിക്കുകയും ചെയ്തുകൊണ്ട് സഖാവ് ശിബ്ദാസ്ഘോഷ് സംഭാവനചെയ്ത അമൂല്യങ്ങളായ പാഠങ്ങൾ മനസ്സിലാക്കാനും സ്വാംശീകരിക്കാനും അദ്ധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ കൊണ്ടെത്തിക്കാനും കഴിഞ്ഞാൽ മാത്രമേ ഇൻഡ്യൻ ജനതയുടെ മോചനപ്രസ്ഥാനം വളർത്തിയെടുക്കാൻ കഴിയുകയുള്ളുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാനസെക്രട്ടറി സ.എ.രംഗസ്വാമി അദ്ധ്യക്ഷത വഹിച്ചു. പുറമെ, പുതുക്കോട്ടൈ ജില്ലയിലെ അവഡയ്യാർ കോയിലിലും ചെന്നൈയിലും മധുരയിലും അനുസ്മരണപരിപാടികൾ നടന്നു.

**ആന്ധ്ര-തെലങ്കാന:** ഹൈദരാബാദിലെ ബഷീർബാഗ് പ്രസ്സ്ക്ലബ്ബിൽ വച്ച് ആഗസ്റ്റ് 5-ന് നടന്ന അനുസ്മരണയോഗത്തിൽ കേന്ദ്രകമ്മിറ്റിയംഗം സ.കെ.രാധാകൃഷ്ണ മുഖ്യപ്രസംഗം നടത്തി. ആന്ധ്രപ്രദേശ്-തെലങ്കാന സംസ്ഥാനസെക്രട്ടറി സ.കെ.ശ്രീധറും പ്രസംഗിച്ചു. ആന്ധ്ര-തെലങ്കാന സംഘാടകകമ്മിറ്റിയംഗം സ.ബി.എസ്.അമർനാഥ് അദ്ധ്യക്ഷത വഹിച്ചു.

**ഹരിയാന:** ആഗസ്റ്റ് 5-ന് റോട്ടക്കിലെ ഛോട്ടുറാം പാർക്ക് മീറ്റിംഗ് ഹാളിൽ വച്ച് അനുസ്മരണയോഗം നടന്നു. കേന്ദ്രകമ്മിറ്റിയംഗവും എ.ഐ.യു.റ്റി.യു.സി അഖിലേന്ത്യാ ജനറൽസെക്രട്ടറിയുമായ സ.ശങ്കർ സാഹയായിരുന്നു മുഖ്യപ്രസംഗകൻ. കേന്ദ്രകമ്മിറ്റിയംഗവും ഹരിയാന സംസ്ഥാനസെക്രട്ടറിയുമായ സ.സത്യവാനും പ്രസംഗിച്ചു. പാർട്ടി സംസ്ഥാനകമ്മിറ്റിയിലെ മുതിർന്ന അംഗമായ സ.അനൂപ് സിംഗ് അദ്ധ്യക്ഷത വഹിച്ചു.


അസമിൽ പൊളിറ്റ്ബ്യൂറോ മെമ്പർ സഖാവ് അസിത്ഭട്ടാചാര്യ പ്രസംഗിക്കുന്നു

**ഗുജറാത്ത്:** അഹമ്മദാബാദിൽ വച്ച് ആഗസ്റ്റ് 8-ന് നടന്ന അനുസ്മരണയോഗത്തിൽ സ.ശങ്കർസാഹ മുഖ്യപ്രസംഗം നടത്തി. ഗുജറാത്ത് സംസ്ഥാന സംഘാടക കമ്മിറ്റിയംഗം സ.മീനാക്ഷിജോഷി അദ്ധ്യക്ഷത വഹിച്ചു. ഗുജറാത്ത് സംസ്ഥാനസെക്രട്ടറി സ.ദ്വാരികാനാഥ് റാത്തും പ്രസംഗിച്ചു. വഡോദരയിലും സൂറത്തിലും ജില്ലാതല അനുസ്മരണപരിപാടികൾ നടന്നു.



ഗുജറാത്തിൽ നടന്ന അനുസ്മരണ സമ്മേളനം

**ഛത്തീസ്ഘട്ട്:** ആഗസ്റ്റ് 5-ന് ഛത്തീസ്ഘട്ടിലെ ദുർഗ്ഗ് സിറ്റിയിൽ അനുസ്മരണസമ്മേളനം നടന്നു. പാർട്ടി കേന്ദ്രകമ്മിറ്റിയംഗം സ.ഗോപാൽകുണ്ഡു മുഖ്യപ്രസംഗം നടത്തി. ഛത്തീസ്ഘട് സംസ്ഥാനസെക്രട്ടറി സ.ബിശ്വജിത് ഹരാഡെ അദ്ധ്യക്ഷത വഹിച്ചു.

**ത്രിപുര:** സംസ്ഥാന സംഘാടക കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 7-ന് അഗർത്തലയിലെ ടിബി അസോസിയേഷൻ ഹാളിൽ വച്ച് അനുസ്മരണസമ്മേളനം നടന്നു. കേന്ദ്രകമ്മിറ്റിയംഗം സ.സൗമൻ ബസു മുഖ്യപ്രസംഗം നടത്തി. സംസ്ഥാനസെക്രട്ടറി സ.അരുൺ ഭൗമിക് അദ്ധ്യക്ഷത വഹിച്ചു.


ഡൽഹിയിൽ നടന്ന അനുസ്മരണ സമ്മേളനം

**രാജസ്ഥാൻ:** ജയ്പൂരിലെ ആനന്ദ് ഗസ്റ്റ് ഹൗസ് ഹാളിൽ വച്ച് ആഗസ്റ്റ് 5-ന് നടന്ന അനുസ്മരണയോഗത്തിൽ കേന്ദ്രകമ്മിറ്റിയംഗം സ.സത്യവാൻ മുഖ്യപ്രസംഗം നടത്തി. സ.രാം പ്രതാപ് ചൗധരി അദ്ധ്യക്ഷത വഹിച്ചു. എഐഡിവൈഒ ജനറൽസെക്രട്ടറി സ.പ്രതിഭ നായിക് പ്രസംഗിച്ചു.

**ബീഹാർ:** മുസഫർപൂരിലെ ജുബ്ബ സാഹ്നി ആഡിറ്റോറിയത്തിൽ നടന്ന അനുസ്മരണയോഗത്തിൽ പാർട്ടി കേന്ദ്രകമ്മിറ്റിയംഗവും എഐഎംഎസ്എസ് അഖിലേന്ത്യാ പ്രസിഡന്റുമായ സ.ഛായാ മുഖർജി മുഖ്യപ്രസംഗം നടത്തി. ബീഹാർ സംസ്ഥാനകമ്മിറ്റിയംഗം സ.അരുൺ കുമാർ സിംഗ് അദ്ധ്യക്ഷത വഹിച്ചു. ബീഹാർ സംസ്ഥാനസെക്രട്ടറി സഖാവ് ശിവശങ്കർ പ്രസംഗിച്ചു.

പാറ്റ്ന ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാറ്റ്ന ഐഎംഎ ഹാളിൽ നടന്ന യോഗത്തിൽ ബീഹാർ സംസ്ഥാനകമ്മിറ്റിയംഗം സ.മണികണ്ഠ പഥക് അദ്ധ്യക്ഷത വഹിച്ചു. യുപി സംസ്ഥാന സംഘാടക കമ്മിറ്റിയിലെ മുതിർന്ന അംഗം സ.സ്വപൻ ചാറ്റർജി മുഖ്യപ്രസംഗം നടത്തി. പാറ്റ്ന ജില്ലാസെക്രട്ടറി സ.സാധന മിശ്ര പ്രസംഗിച്ചു.


ആൻഡമാനിൽ നടന്ന അനുസ്മരണ സമ്മേളനം

**മധ്യപ്രദേശ്:** ഭോപ്പാലിലെ സുഭാഷ് നഗർ കമ്മ്യൂണിറ്റി ഹാളിൽ വച്ച് ആഗസ്റ്റ് 8-ന് നടന്ന യോഗത്തിൽ പാർട്ടി സ്റ്റാഫ് മെംബറായ സ.ശങ്കർ ദാസ്ഗുപ്ത മുഖ്യപ്രസംഗം നടത്തി. സംസ്ഥാനകമ്മിറ്റിയംഗം സ.ഉമാപ്രസാദ് അദ്ധ്യക്ഷത വഹിച്ചു. മധ്യപ്രദേശ് സംസ്ഥാന സെക്രട്ടറി സ.പ്രതാപ് സമൽ പ്രസംഗിച്ചു.

**പഞ്ചാബ്:** പഞ്ചാബിലെ ബുദ്ലാഡയിൽ എഫ്സിഐ ഹാളിൽ വച്ച് ആഗസ്റ്റ് 9-ന് നടന്ന അനുസ്മരണയോഗത്തിൽ പാർട്ടിയുടെ പഞ്ചാബ് യൂണിറ്റ് ഇൻചാർജ്ജ് സ. അമീന്ദർപാൽ സിംഗ് അദ്ധ്യക്ഷത വഹിച്ചു. മധ്യപ്രദേശ് സംസ്ഥാന സെക്രട്ടറി സ.പ്രതാപ് സമൽ മുഖ്യപ്രസംഗം നടത്തി. സഖാക്കൾ ജഗ്തർ സിംഗ്, ഥാനാ സിംഗ്, സന്ദീപ് കുമാർ, സുഖ്വീർ, സുർസതി, ഹർദീപ് കൗർ, പ്രൊഫ.ഗുർബച്ചൻ സിംഗ് എന്നിവരും പ്രസംഗിച്ചു.

**ഒഡിഷ:** ആഗസ്റ്റ് 5-ന് കട്ടക്കിലെ ശഹീദ് ഭവനിൽ നടന്ന അനുസ്മരണയോഗത്തിൽ പാർട്ടിയുടെ ഒഡിഷ സംസ്ഥാന സെക്രട്ടറി സ.ധുർജ്ജടി ദാസ് അദ്ധ്യക്ഷത വഹിച്ചു. ഝാർഖണ്ട് സംസ്ഥാന സെക്രട്ടറി സ.റബിൻ സമാജ്പതി മുഖ്യപ്രസംഗം നടത്തി. ഒഡിഷ സംസ്ഥാനകമ്മിറ്റിയംഗം സ.വീണാപാണി ദാസ് പ്രസംഗിച്ചു.

**യുപി:** എസ്യുസിഐ(സി) യുപി സംസ്ഥാനസംഘാടക കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 9-ന് ലഖ്നൗവിലെ ഗംഗാപ്രസാദ് മെമ്മോറിയൽ ഹാളിൽ നടന്ന അനുസ്മരണയോഗത്തിൽ യുപി സംസ്ഥാനസെക്രട്ടറി സ.വി.എൻ. സിംഗ് അദ്ധ്യക്ഷത വഹിച്ചു. ബീഹാർ സംസ്ഥാനസെക്രട്ടറി

(ശേഷം 10-ാം പേജിൽ)


മധ്യപ്രദേശിലെ ഭോപ്പാലിൽ നടന്ന അനുസ്മരണ സമ്മേളനം

# സാമൂഹിക-സാമ്പത്തിക സെൻസസ്

## ഗ്രാമീണദുരിതങ്ങളുടെയും കൊടുംദാരിദ്ര്യത്തിന്റെയും കരളുരുക്കുന്ന ചിത്രം

**സ്വാതന്ത്ര്യാനന്തര സംവത്സരങ്ങളിൽ ഇന്ത്യയ്ക്ക് കരഗതമായ കണ്ണഞ്ചിപ്പിക്കുന്ന പുരോഗതിയെയും വികസനത്തെയും പറ്റിയാണ് എല്ലാ ഭരണകക്ഷികളുടെയും സ്ഥിരം വായ്ത്താരി. പണ്ട് കോൺഗ്രസ് നേതാക്കളാണ് ഇതേപ്പറ്റി ശബ്ദമുയർത്തിയിരുന്നത്. ഇപ്പോൾ ഇക്കാര്യത്തിൽ കോൺഗ്രസിനെ കവച്ചുവെക്കാൻ ബിജെപിക്കാണ് നറുക്ക് വീണിരിക്കുന്നത്. മുതലാളിത്ത ഇന്ത്യയ്ക്കു വേണ്ടി, ഇന്ത്യ ഭരിക്കുന്ന കുത്തകകൾക്കും അവരുടെ രാഷ്ട്രീയ ദല്ലാളന്മാർക്കും വേണ്ടി ചെണ്ട കൊട്ടാൻ നിയോഗിക്കപ്പെട്ട സാമ്പത്തികവിശാരദന്മാരും കോളമെഴുത്തുകാരും ഇത്തരത്തിൽ വികസന കഥയെഴുതുന്നതിൽ പിന്നിലല്ല. വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഉടൻകൊല്ലി സാമ്പത്തിക പരിഷ്കാരങ്ങൾ അതിവേഗം നടപ്പിലാക്കുവാനും അതുവഴി മൊത്തം ആഭ്യന്തര ഉൽപ്പാദന (GDP) ത്തിന്റെ കാര്യത്തിൽ ചൈനയെ കവച്ചുവെയ്ക്കുവാനാവുമെന്നാണ് സമീപകാലത്തായി ഇവർ ഘോരമായി വാദിക്കുന്നത്.**

പക്ഷേ, ഗ്രാമീണ ഇന്ത്യയുടെ 2011 ലെ സാമൂഹിക, സാമ്പത്തിക ജാതി സെൻസസ് (SECC) റിപ്പോർട്ടിന്റെ ഇടക്കാല കണക്കുകൾ ഈ ഊതിവീർപ്പിച്ച വികസന ബലൂണിൽ തറച്ച സൂചിമുനകളായി മാറി. ബൂർഷ്വ വീക്ഷണമുള്ള സർക്കാർ ഏജൻസികളാണ് ഈ റിപ്പോർട്ടുകൾ തയ്യാറാക്കിയതെങ്കിൽപ്പോലും സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള 67 വർഷങ്ങൾ കൊണ്ട് ഇന്ത്യൻ ജനതയുടെ 80 ശതമാനം വരുന്ന ഗ്രാമീണ ജനതയുടെ ദാരിദ്ര്യവും ദുരിതങ്ങളും എത്രമാത്രം പെരുകിയെന്ന് ഈ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു. കൊടും ദാരിദ്ര്യവും കഷ്ടതകളും സ്വാതന്ത്ര്യം ലഭിച്ച വർഷത്തെക്കാൾ വർദ്ധിച്ചിരിക്കുന്നുവെന്ന കണ്ടെത്തലാണ് കൂടുതൽ ഞെട്ടിക്കുന്നത്.

സെൻസസ് അടക്കമുള്ള ഇതഃപര്യന്തമുള്ള സർവ്വേകൾ ഭരണമുതലാളിവർഗ്ഗവും അവരുടെ കിങ്കരന്മാരും ബോധപൂർവ്വം പടച്ചുണ്ടാക്കിയ വികസന പൊയ്ക്കഥകൾക്ക് തുല്യം ചാർത്തുവാൻ വേണ്ടി മാത്രമായിരുന്നുവെന്ന് ഇപ്പോഴത്തെ റിപ്പോർട്ടുകൾ വെളിവാക്കുന്നു.

### പ്രധാന കണ്ടെത്തലുകൾ

എസ്ഇസിസി സർവ്വെയുടെ വെളിപ്പെടുത്തലുകളെക്കാൾ എത്രയോ ഭീകരമാണ് മുതലാളിത്ത ഇന്ത്യയിലെ പച്ചയാഥാർത്ഥ്യങ്ങളെന്ന് തുടക്കത്തിലേ പറഞ്ഞുകൊള്ളട്ടെ. പക്ഷേ റിപ്പോർട്ട് വലിച്ചുപുറത്തിട്ടിരിക്കുന്ന കുറച്ച് തുണ്ടുകൾ തന്നെ വികസനത്തെയും വളർച്ചയെയും പറ്റിയുള്ള ഭരണവൃന്ദത്തിന്റെ ബഡായികളെ പിച്ചിച്ചീന്തുവാൻ പോന്നതാണ്. ഗ്രാമീണ കുടുംബങ്ങളുടെ 49 ശതമാനവും ദാരിദ്ര്യത്തിന്റെ പിടിയിലാണെന്ന് സർവ്വെ പറയുന്നു. കഴിഞ്ഞ സർക്കാർ വരച്ച ദാരിദ്ര്യരേഖക്ക് താഴെ 30 ശതമാനം പേരെയുണ്ടായിരുന്നുള്ളൂ എന്നാണ് അവകാശപ്പെട്ടിരുന്നത്. നഗരപ്രദേശങ്ങളിലെ 92% കുടുംബങ്ങളിലെയും പ്രധാന വരുമാനസമ്പാദകന് പ്രതിമാസം 10000 രൂപയിൽ താഴെയാണ് വരവ്. 75% ഗ്രാമീണ കുടുംബങ്ങളിലും ഇത് അയ്യായിരമോ അതിൽ താഴെയോ ആണ്. എന്നുവെച്ചാൽ അത് ആയിരം രൂപയോ വെറും പത്തുരൂപയോ പോലുമാകാം. കൊടുംദരിദ്രരെന്ന് അവരെ അടയാളപ്പെടുത്തേണ്ടിവരും. ഗ്രാമീണകുടുംബങ്ങളിൽ പകുതിയും ഭൂരഹിതരാണ്. ഈ ഭൂരഹിതരിൽ പകുതിയും കഠിനവും വിരസവുമായ കായികാധ്വാനത്തിന്റെ അടിച്ചമർത്തലുകളിൽ ഉഴലവെ അവകാശങ്ങളേതുമില്ലാത്ത, തൊഴിൽ സംരക്ഷണമില്ലാത്ത, വരുമാന സുരക്ഷിതത്വമില്ലാത്ത ദിവസക്കൂലിവേലയെ ആശ്രയിക്കുന്നു. 2.37 കോടി(13.25%) കുടുംബങ്ങൾ ദുർബ്ബലമായ ചുവരുകളും മേൽക്കൂരകളുമുള്ള ഒറ്റമുറി വീടുകളിൽ ജീവിക്കുന്നു. ഭൂമിയില്ലാത്തതും ജീവിച്ചുപോകാനായി സ്ഥിരതയില്ലാത്ത കായികവേലകളെ ആശ്രയിക്കേണ്ടി വരുന്നതുമാണ് ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾ നേരിടേണ്ടി വരുന്ന മുഖ്യദുരിതങ്ങൾ. കാർഷികവൃത്തികൊണ്ട് ജീവൻ നിലനിർത്താനേ മതിയാവൂ. കുറഞ്ഞ യന്ത്രവൽക്കരണവും ചുരുങ്ങിയ ജലസേചന സൗകര്യങ്ങളും ഔദ്യോഗിക വായ്പ ലഭിക്കാനുള്ള സാദ്ധ്യത തീരെ വിരളമായതുമാണ് കാരണങ്ങളായി ചൂണ്ടിക്കാട്ടപ്പെടുന്നത്. ഗ്രാമീണമേഖലയിലെ സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്ന ചൂഷകമുതലാളിത്തമാണ് ഈ പ്രശ്നങ്ങളുടെയെല്ലാം തായ്‌വേര്. കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാനുള്ള തൊഴിൽ ഗ്രാമീണ മേഖലകളിൽ കണ്ടെത്താനാവില്ല. 23.52 ശതമാനം ഗ്രാമീണ കുടുംബങ്ങളിൽ 25 വയസ്സിന് മുകളിലുള്ള സാക്ഷരരായവർ ആരുമില്ല. ബിരുദധാരിയായ ഒരംഗമുള്ളത് വെറും 3 ശതമാനം ഗ്രാമീണകുടുംബങ്ങളിൽ മാത്രമാണ്. വിദഗ്ദ്ധതൊഴിൽ ലഭിക്കാനുള്ള സാധ്യതയും അത്രകണ്ട് കുറവാണ്. 6.68 ലക്ഷങ്ങൾ ഭിക്ഷാടനം നടത്തിയാണ് ജീവിക്കുന്നത്. അതേസമയം 4.08 കുടുംബങ്ങൾ ചവറ് പെറുക്കി ജീവിക്കുന്നു. എസ്ഇസിസി സർവ്വെ ഫലങ്ങൾ എത്രത്തോളം ചെത്തിമിനുക്കിയാലും ഗ്രാമീണ ഇന്ത്യയെ ഗ്രസിച്ചിരിക്കുന്ന ഭീതിദമായ ദാരിദ്ര്യത്തിന്റെയും ദൈന്യതയുടെയും ചിത്രം മൂടിവെയ്ക്കാനാവാതെ തെളിഞ്ഞുവരുന്നു. കാർഷികമേഖലയിൽ കൈവരിച്ച നേട്ടങ്ങളെയും ദാരിദ്ര്യത്തിന്റെ കാര്യത്തിൽ വന്ന കുറവുകളെയും പറ്റി സമീപകാലത്ത് നടത്തിയ അവകാശവാദങ്ങൾ ഹൃദയശൂന്യമായ കാപട്യമായിരുന്നുവെന്ന് ഈ സർവ്വെഫലങ്ങൾ തെളിയിക്കുന്നു.

### ധനാഢ്യരുടെ അഭിവൃദ്ധിയുടെ വീരകഥകൾ

മറുവശത്ത് ധനാഢ്യരുടെ വെച്ചടികയറ്റം കണ്ണഞ്ചിപ്പിക്കുന്നതാണ്. 90 ശതമാനം ദേശവാസികൾ എവ്വിധമെങ്കിലും ജീവിച്ചുപോവാൻ പെടാപാട് പെടുമ്പോൾ ഭരണകുത്തക വർഗ്ഗത്തിന്റെയും അവരുടെ പിണിയാളുകളുടെയും രാഷ്ട്രീയ കാര്യസ്ഥന്മാരുടെയും സമ്പത്ത് ഇരട്ടിക്കിരട്ടി കുതിച്ചുകയറുകയാണ്. ഒരൊറ്റവർഷം കൊണ്ട് ഇന്ത്യയിലെ ഏറ്റവും വലിയ 10 വ്യവസായികളുടെ സമ്പത്ത് 261.6 ബില്ല്യൻ ഡോളർ വർദ്ധിച്ചിരിക്കുന്നു. (*ഫോർബ്സ് റിപ്പോർട്ട്,* ഒക്ടോബർ 2014) ഏറ്റവും മുന്നിലുള്ള 100 സഹസ്രകോടീശ്വരന്മാരുടെ ആകെ സമ്പത്ത് കഴിഞ്ഞ 11 മാസം കൊണ്ട് മാത്രം മൂന്നിലൊന്ന് വർദ്ധിച്ച് 346 ബില്യൺ ഡോളറിലെത്തി. 2014 ൽ ഇന്ത്യയിൽ 8595 അതിസമ്പന്നന്മാരുണ്ടെന്നും അവർക്ക് 1.01 ട്രില്യൺ ഡോളർ സമ്പത്തുണ്ടെന്നും Wealth & UBS റിപ്പോർട്ടിൽ പറയുന്നു. ഇക്കാര്യത്തിൽ ഇന്ത്യ ലോകത്ത് 6–ാം സ്ഥാനത്താണ്. ഇവരുടെ എണ്ണം 2014 ൽ മാത്രം 9.5 ശതമാനം കൂടിയെന്നും അവരുടെ സമ്പത്ത് 8.3 ശതമാനം കണ്ട് വർദ്ധിച്ചുവെന്നും റിപ്പോർട്ട് പറയുന്നു. ഏറ്റവും ധനികനായ ഇന്ത്യക്കാരൻ മുകേഷ് അംബാനി കഴിഞ്ഞവർഷം മാത്രം 2.4 ബില്യൺ ഡോളർ കൂട്ടിചേർത്തുകൊണ്ട് സമ്പാദ്യം 24.4 ബില്യൺ ഡോളറിൽ (ഏകദേശം 1.49,474 കോടി രൂപ) എത്തിച്ചു. ഇന്ത്യയിലെ ഏറ്റവും ധനികരായ 5 സഹസ്ര കോടീശ്വരന്മാരുടെ ആകെ സ്വകാര്യസമ്പാദ്യം 85.5 ബില്യൺ ഡോളറാണ്, അതായത് ഏകദേശം 5,23,897 രൂപ. (13.8.2014 ലെ *ഇക്കണോമിക് ടൈംസ്*). അതേസമയം 75 ശതമാനം ഗ്രാമീണ കുടുംബങ്ങളും പ്രതിമാസം 5000 രൂപപോലും സമ്പാദിക്കാൻ കഴിയാതെ കഷ്ടപ്പെടുകയാണെന്ന് എസ്ഇസിസി സർവ്വെ പറയുന്നു. 77 ശതമാനം ഇന്ത്യക്കാരും പ്രതിദിനം 20 രൂപയിൽ താഴെയുള്ള വരുമാനത്തിലാണ് നിലനിൽക്കുന്നതെന്നാണ് അർജുൻസെൻഗുപ്ത റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉല്പാദനമായ 2066.90 കോടി ഡോളറിൽ എത്രത്തോളം ആരുടെ ഭണ്ഡാരപ്പെട്ടിയിലാണ് വീണിരിക്കുന്നതെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

(1 ബില്യൺ = 1000 മില്യൺ
1 ട്രില്യൺ =1000 ബില്യൺ
1 മില്യൺ = 10 ലക്ഷം
1 ഡോളർ = ഏകദേശം 60 രൂപ)

എസ്ഇസിസിയുടെ സ്ഥിതിവിവരക്കണക്കുകൾക്ക് രണ്ട് വിവക്ഷകളുണ്ട്. ബഹുഭൂരിപക്ഷം ഇന്ത്യക്കാരും ജീവൻ നിലനിർത്തുവാൻ പോലും കഷ്ടപ്പെടുന്ന തരത്തിൽ കഠിനമായ ദാരിദ്ര്യത്തിൽ ഉഴലുമ്പോൾ എങ്ങനെയാണ് ചുരുക്കം ചിലരിൽ സമ്പത്ത് കുന്നുകൂടുന്നത് ഈ സർവ്വെകൾ കാട്ടിത്തരുന്നുവെന്നതാണ് പ്രധാന കാര്യം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ധനികരും ദരിദ്രരും തമ്മിലുള്ള വിടവ് കൂടുതൽ കൂടുതൽ വർദ്ധിക്കുകയാണ്. രണ്ടാമതായി, ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉല്പാദന (ജിഡിപി) ത്തിന്റെ വളർച്ചയെ രാജ്യത്തിന്റെ സാമ്പത്തിക ഉന്നമനമായി ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്ന ഭരണവൃന്ദത്തിന്റെയും അവരുടെ പക്കമേളക്കാരായ സാമ്പത്തിക വിദഗ്ദ്ധന്മാരുടെയും കോളമെഴുത്തുകാരുടെയും അത്യുത്സാഹം വെറുമൊരു വഞ്ചനയാണെന്നും ഈ സർവ്വെ തെളിയിക്കുന്നു. ഉല്പാദിപ്പിക്കപ്പെട്ട സമ്പത്തിന്റെ, വിതരണത്തിന്റെ രീതിയും ക്രമവും വിശദീകരിക്കാത്തതിനാൽ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ വർദ്ധനവ് ജനങ്ങളുടെ സാമ്പത്തിക വളർച്ചയുടെ അളവുകോലായി കണക്കാക്കാനാവില്ലെന്ന് ഞങ്ങൾ മുമ്പുതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

### ഈ ശോചനീയാവസ്ഥക്ക് കാരണമെന്ത്?

സ്വാഭാവികമായും, ഈ അസമത്വത്തിന് കാരണമെന്തെന്നുള്ള ചോദ്യമാണ് ആദ്യമുയരുന്നത്. തെറ്റായ പദ്ധതി നടത്തിപ്പോ, പാർട്ടിയേതായാലും സാമ്പത്തിക മേഖലയെ കഴിവുകെട്ട രീതിയിൽ കൊണ്ടുപോയതോ ആണോ ഇതിനെല്ലാം കാരണം? അതാണ് കാരണമെങ്കിൽ പ്രതിവിധി വളരെ എളുപ്പമായിരുന്നു. പരിഹാരനടപടികൾ സ്വീകരിക്കുക. സാമ്രാജ്യത്വ-മുതലാളിത്തം നീട്ടിവെക്കുന്ന ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾക്കനുസൃതമുള്ള പരിഷ്കാര നടപടികൾ പണക്കാരെ കൂടുതൽ പണക്കാരും ദരിദ്രരെ കൂടുതൽ ദരിദ്രമാക്കുന്ന പ്രക്രിയ നേരെ തിരിച്ചിടുമെന്ന് വിശ്വസിപ്പിക്കാൻ ബിജെപി നേതാക്കളും അവരുടെ സർക്കാരും പരിശ്രമിക്കുകയാണ്. സത്യത്തെ മറച്ചുവെക്കാൻ അത്യദ്ധ്വാനം ചെയ്ത കോൺഗ്രസ് നേതാക്കളെപ്പോലെ തന്നെ ഇവരും വലിയ കള്ളം പ്രചരിപ്പിക്കുകയാണ്. ദാരിദ്ര്യത്തിന്റെ പ്രഹരമേറ്റ് അനുദിനം പാപ്പരായി മാറിക്കൊണ്ടുള്ള മനുഷ്യോചിതമല്ലാത്ത ഗതികെട്ട ജീവിതത്തിന്റെ കാരണം ദുർവ്വിധിയാണെന്ന് കഷ്ടപ്പെടുന്ന ജനങ്ങൾ വിശ്വസിക്കുന്നു. വിധിയോ മുജ്ജന്മ പാപമോ അല്ല അവരുടെ ശോച്യാവസ്ഥക്ക് കാരണമെന്ന് മനസ്സിലാക്കണം. യഥാർത്ഥ കാരണം കൗശലപൂർവ്വം അവരിൽ നിന്ന് മറച്ചുവെച്ചിരിക്കുന്നു. കോൺഗ്രസ്സോ ബിജെപിയോ വോട്ട് രാഷ്ട്രീയത്തിൽ അഭിരമിച്ച് എവ്വിധവും അധികാരത്തിൽ കയറിക്കൂടി മുതലാളിത്ത സേവ നടത്താൻ കാത്തിരിക്കുന്ന മറ്റേതെങ്കിലും പാർട്ടിയോ സത്യം വെളിപ്പെടുത്തില്ല. തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി ഈ തെരഞ്ഞെടുപ്പധിഷ്ഠിത കക്ഷികൾ പരസ്പരം ചെളിവാരിയെറിയുക മാത്രം ചെയ്യും. അതുപോലെ തന്നെ സാമ്പത്തിക വിദഗ്ദ്ധന്മാരും കോളമെഴുത്തുകാരും രാഷ്ട്രീയവിശാരദന്മാരും സത്യത്തെ അവരുടെ ഗിരിപ്രഭാഷണങ്ങളിലൂടെ വിദഗ്ദ്ധമായി മറച്ചുവെയ്ക്കുന്നു. ഗ്രാമീണ ജനതയുടെ മാത്രമല്ല സാധാരണ ജനങ്ങളുടെയാകെ ജീവിതത്തെ നരകസമാനമാക്കി മാറ്റിയ ദാരിദ്ര്യവും അസമത്വങ്ങളും അവഗണനകളുമെല്ലാം ഉടലെടുക്കുന്നത് ചീഞ്ഞുനാറിയ മരണാസന്ന മുതലാളിത്തത്തിന്റെ മൃതഭാരത്തിൽ നിന്നാണ് എന്നതാണ് യാഥാർത്ഥ്യം.

### എന്താണ് മുതലാളിത്തം?

മുതലാളിത്തത്തിന്റെ അടിസ്ഥാന സാമ്പത്തിക നിയമമെന്താണ്? ലളിതമായി പറഞ്ഞാൽ, മുതലാളി-കൂലിത്തൊഴിലാളി ഉല്പാദനബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയിലാവട്ടെ, വ്യവസായത്തിലാവട്ടെ ഉല്പാദനത്തിനായി മൂലധന നിക്ഷേപം നടത്തിക്കൊണ്ട് മൂലധനം വികസിപ്പിക്കുന്നതാണ് മുതലാളിത്തം. ഉല്പാദനത്തിന്റെ ലക്ഷ്യം ജനങ്ങളുടെ ആവശ്യകതകൾ നിറവേറ്റാനല്ല, മറിച്ച് പരമാവധി ലാഭം കരസ്ഥമാക്കുക എന്നതാണ്. നിക്ഷേപിച്ച മൂലധനത്തേക്കാൾ കൂടുതൽ ലഭിക്കുന്ന വരവാണ് ലാഭം. ഈ ലാഭം സ്വരുക്കൂട്ടുന്നത് അർഹമായ കൂലി നൽകാതെ തൊഴിലാളിയുടെ അദ്ധ്വാനശേഷിയെ ചൂഷണം ചെയ്തുകൊണ്ടാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ അദ്ധ്വാനശേഷി സൃഷ്ടിക്കുന്ന മിച്ചമൂല്യമാണ് ലാഭം. അതിനാൽ അടിച്ചമർത്തലും അവകാശനിഷേധവും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതും മുതലാളിത്തവ്യവസ്ഥിതിയിൽ സ്വയം സൃഷ്ടമാണ്. പഴഞ്ചൻ ജന്മിത്വവ്യവസ്ഥയെ തൂത്തെറിഞ്ഞുകൊണ്ട് മുതലാളിത്തം ആവിർഭവിച്ച കാലത്ത് അത് സാമൂഹ്യപുരോഗതിയെ പോഷിപ്പിച്ചു. ചരിത്രത്തിന്റെ ഇളക്കമില്ലാത്ത നിയമപ്രകാരം, ഒരിക്കൽ മുതലാളിത്തം മരണാസന്ന ഘട്ടത്തിലേക്ക് പ്രവേശിച്ചതോടെ അതിന്റെ എല്ലാ പുരോഗമനസ്വഭാവവും നഷ്ടപ്പെടുകയും ശരിയായ അർത്ഥത്തിലുള്ള സാമ്പത്തിക വികാസത്തിന്റെയും

*(ശേഷം 11–ാം പേജിൽ)*

## ശിബ്ദാസ്ഘോഷ് അനുസ്മരണദിനാചരണം

*(9–ാം പേജിൽ നിന്ന്)*

സഖാവ് ശിവശങ്കർ മുഖ്യപ്രസംഗം നടത്തി.

മഹാരാഷ്ട്ര: മുംബൈ സെൻട്രലിലെ തർദേവോയിലുള്ള ജനതാകേന്ദ്രയിൽ വച്ച് ആഗസ്റ്റ് 5–ന് നടന്ന അനുസ്മരണയോഗത്തിൽ മുംബൈ യൂണിറ്റ് ഇൻചാർജ്ജ് സ. അനിൽ ത്യാഗി അദ്ധ്യക്ഷത വഹിച്ചു. ഗുജറാത്ത് സംസ്ഥാന സംഘാടകകമ്മിറ്റിയംഗം സ.തപൻ ദാസ്ഗുപ്ത മുഖ്യപ്രസംഗം നടത്തി. സഖാക്കൾ കുമാർ കുലശ്രേഷ്ഠ, ജയ്റാം വിശ്വകർമ്മ എന്നിവരും പ്രസംഗിച്ചു.

**ഉത്തരാഖണ്ഡ്:** ഉത്തരാഖണ്ഡിലെ ശ്രീനഗറിലുള്ള ഗാർവാർ മണ്ഡൽ ഹാളിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ മധ്യപ്രദേശ് സംസ്ഥാനസെക്രട്ടറി സ.പ്രതാപ് സമൽ മുഖ്യപ്രസംഗം നടത്തി. സഖാവ് മുകേഷ് സെംവാൾ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഗാർവാർ സർവ്വകലാശാലയിലെ പ്രൊഫ. ആർ.സി.ഡിംറിയും പ്രസംഗിച്ചു.

**ആൻഡമാൻ:** ആൻഡമാൻ ദ്വീപുകളിലുള്ള പാർട്ടി പ്രവർത്തകരും അനുഭാവികളും ആഗസ്റ്റ് 5–ന് ആൻഡമാനിലെ ഒരു ഹാളിൽ ഒത്തുചേർന്നു. അവർ സഖാവ് ശിബ്ദാസ്ഘോഷിനെക്കുറിച്ചുള്ള ഗാനം ആലപിക്കുകയും, അദ്ദേഹത്തിന്റെ വിയോഗവേളയിൽ പാർട്ടി കേന്ദ്രകമ്മിറ്റി അദ്ദേഹത്തിന് ആദരാഞ്ജലിയർപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച പ്രസ്താവന വായിക്കുകയും ചെയ്തു. അവർ സഖാവ് ശിബ്ദാസ്ഘോഷിന്റെ പല പ്രധാനപ്പെട്ട പാഠങ്ങളെപ്പറ്റിയും ചർച്ച ചെയ്തു. സഖാവ് ബിജോൺ മണ്ഡൽ അദ്ധ്യക്ഷത വഹിച്ചു. അനുസ്മരണപരിപാടികളുടെ ഭാഗമായി ആഗസ്റ്റ് 9–ന് നടന്ന സ്കൂൾ ഓഫ് പൊളിറ്റിക്സിന് പാർട്ടിയുടെ പശ്ചിമബംഗാൾ സംസ്ഥാനകമ്മിറ്റിയംഗം സഖാവ് അശോക് സാമന്ത നേതൃത്വം നൽകി. ■

# ചെമ്മീൻ പീലിംഗ് തൊഴിലാളി സമരം തുടരുന്നു

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്കുളിലെ ചെമ്മീൻ പീലിംഗ് തൊഴിലാളികൾ നടത്തിവരുന്ന പണിമുടക്കു സമരം ദിവസങ്ങൾ പിന്നിട്ടിരിക്കുന്നു. 2010 ൽ സർക്കാർ പ്രഖ്യാപിച്ച മിനിമംകൂലി നടപ്പിലാക്കുക, സർക്കാർ ഉത്തരവിൻ പ്രകാരം രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പുനഃരാരംഭിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള മത്സ്യസംസ്കരണ തൊഴിലാളി യൂണിയന്റെ(എഐയുടിയുസി) നേതൃത്വത്തിലാണ് സമരം നടന്നുവരുന്നത്. ആഗസ്റ്റ് 1, 6 തീയതികളിൽ ജില്ലാ ലേബർ ഓഫീസർ വിളിച്ച അനുരഞ്ജന യോഗത്തിൽ തൊഴിലുടമകളുടെ സംഘടനാ പ്രതിനിധികൾ പങ്കെടുത്തില്ല. ഇതിനെ തുടർന്ന് കെഎംഎസ്ടിയു ആഗസ്റ്റ് 10ന് സൂചനാ പണിമുടക്കും അമ്പലപ്പുഴ അസിസ്റ്റന്റ് ലേബർ ഓഫീസ് മാർച്ചും നടത്തി. അമ്പലപ്പുഴ-കാർത്തികപ്പള്ളി താലൂക്കുകളിലെ മുഴുവൻ തൊഴിലാളികളും പണിമുടക്കിൽ പങ്കുചേർന്നതുമൂലം ഒരുസ്ഥാപനം പോലും തുറന്നു പ്രവർത്തിപ്പിക്കുവാൻ ഉടമകൾക്ക് കഴിഞ്ഞില്ല. ആഗസ്റ്റ് 17,18 തീയിതികളിൽ ഉടമകളുടെ സംഘടന കെഎംഎസ്ടിയു നേതാക്കളെ ചർച്ചക്കു വിളിച്ചെങ്കിലും താൽക്കാലികമായ ഒരു ഒത്തുതീർപ്പിനു പോലും അവർ തയ്യാറായില്ല. 2014ൽ കെഎംഎസ്ടിയുവിന്റെ നേതൃത്വത്തിൽ ചേർത്തല താലൂക്കിൽ നടത്തിയ തൊഴിലാളി സമരത്തെ തുടർന്ന് ജില്ലാ കളക്ടർ വിളിച്ചുചേർത്ത ചർച്ചയിൽ വെച്ചുണ്ടായ താൽക്കാലിക ഒത്തുതീർപ്പുപ്രകാരമുള്ള കൂലിയെങ്കിലും നൽകിയാൽ പണിമുടക്ക് നിർത്തിവെയ്ക്കാമെന്നുള്ള യൂണിയന്റെ ആവശ്യകത പോലും അംഗീകരിക്കുവാൻ തൊഴിലുടമാസംഘടന തയ്യാറായില്ല. ഈ സാഹചര്യത്തിലാണ് ആഗസ്റ്റ് 19 മുതൽ അനിശ്ചിതകാല പണിമുടക്കിന് യൂണിയൻ തീരുമാനിച്ചത്. പണിമുടക്കുമൂലം മത്സ്യസംസ്കരണ മേഖലയാകെ സ്തംഭനാവസ്ഥയിലായി. ആഗസ്റ്റ് 24ന് നൂറുകണക്കിന് സ്ത്രീ തൊഴിലാളികൾ പങ്കെടുത്ത കളക്ട്രേറ്റ് മാർച്ച് നടന്നു. കളക്ടർക്ക് നിവേദനം നൽകി. ആഗസ്റ്റ് 25ന് ജില്ലാ ലേബർ ഓഫീസർ അനുരഞ്ജന യോഗം വിളിച്ചുചേർത്തു. ജില്ലാ ലേബർ ഓഫീസർ മുമ്പോട്ടുവച്ച ഒത്തുതീർപ്പു നിർദ്ദേശങ്ങൾ തള്ളിക്കൊണ്ട് ഉടമകൾ ചർച്ച ബഹിഷ്കരിച്ചു. തുടർന്ന് ആഗസ്റ്റ് 31ന് ജില്ലാകളക്ടർ അനുരഞ്ജന യോഗം വിളിച്ചുചേർത്തു. അതും ഉടമകളുടെ നിഷേധാത്മക നിലപാടുമൂലം അലസിപ്പിരിഞ്ഞു. ചർച്ചയ്ക്കുശേഷം വളഞ്ഞവഴിയിലെ സമരകേന്ദ്രത്തിലെത്തി ചർച്ചയെക്കുറിച്ച് വിശദീകരിച്ചു മടങ്ങിയ യൂണിയൻ ജനറൽ സെക്രട്ടറിയും എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ എസ്.സീതിലാലിനെ ചില ഉടമകളും അവരുടെ ഗുണ്ടകളും ചേർന്ന് തടഞ്ഞുവച്ച് ആക്രമിക്കുവാൻ ശ്രമിച്ചു. സംഭവം കണ്ടുകൊണ്ട് പിന്നാലെയെത്തിയ സ്ത്രീതൊഴിലാളികൾ അക്രമികളെ തുരത്തി സഖാവ് സീതിലാലിനെ രക്ഷിച്ചു.

അക്രമസംഭവത്തിൽ പ്രതിഷേധിച്ച് സെപ്തംബർ 1ന് വളഞ്ഞവഴിയിൽ കെഎംഎസ്ടിയു പ്രവർത്തകരും എഐയുടിയുസി പ്രവർത്തകരും ചേർന്ന് പ്രതിഷേധ പ്രകടനവും യോഗവും നടത്തി. എഐയുടിയുസി ജില്ലാ കമ്മിറ്റിയംഗം സഖാവ് പി.കെ.ശശിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിഷേധയോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. സമരനേതൃത്വത്തെയും തൊഴിലാളികളെയും കടന്നാക്രമിക്കുന്നത് അവസാനിപ്പിച്ച് സമരം മാന്യമായി ഒത്തുതീർപ്പാക്കുന്നതിന് ഉടമകൾ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. തുടർന്ന് സമരത്തെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് യൂണിയൻ ജനറൽ സെക്രട്ടറി സ.എസ്.സീതിലാൽ പ്രസംഗിച്ചു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി സ.വി.കെ സദാനന്ദൻ, എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സ. എസ്.രാജീവൻ, കെഎംഎസ്ടിയു ജില്ലാ പ്രസിഡന്റ് രേവമ്മ ചന്ദ്രൻ, ജില്ലാ സെക്രട്ടറി ആർ.അർജ്ജുനൻ, ജോയിന്റ് സെക്രട്ടറി കെ.പി. സുബൈദ, മൈന ഗോപിനാഥ്, എഐയുടിയുസി ജില്ലാ സെക്രട്ടറി സ.പി.ആർ.സതീശൻ എന്നിവരും പ്രസംഗിച്ചു.

തൊഴിലാളികൾ ഒന്നടങ്കം എഐയുടിയുസി നേതൃത്വത്തിൽ പൂർണ്ണമായ വിശ്വാസമർപ്പിച്ചുകൊണ്ട് സമരരംഗത്ത് അടിയുറച്ചു നിൽക്കുകയാണ്. സമരം കൂടുതൽ ജനപിന്തുണയാർജ്ജിച്ചുകൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നു. സെപ്തംബർ 9ന് വീണ്ടും ജില്ലാ ലേബർ ഓഫീസർ അനുരഞ്ജന യോഗം വിളിച്ചിട്ടുണ്ട്. ■



സ.എസ്.സീതിലാലിനെ പീലിംഗ് ഷെഡ് ഉടമകൾ കയ്യേറ്റം ചെയ്തതിൽ പ്രതിഷേധിച്ചു നടന്ന യോഗം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

### മൂൺ ഫിഷറി ഇന്ത്യ (ലിമിറ്റഡ്) ൽ എഐയുടിയുസി യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

ആലപ്പുഴ ജില്ലയിലെ അരൂരിലുള്ള മത്സ്യ വിഭവ കയറ്റുമതി സ്ഥാപനമായ മൂൺ ഫിഷറി ഇന്ത്യ ലിമിറ്റഡിൽ കേരള മത്സ്യസംസ്കരണ തൊഴിലാളി യൂണിയൻ (എഐയുടിയുസി) യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. ആഗസ്റ്റ് 20ന് കമ്പനി ഗേറ്റിനു മുൻപിൽ സ്ഥാപിച്ച കൊടിമരത്തിൽ പതാകയുയർത്തിക്കൊണ്ട് യൂണിയൻ ജനറൽ സെക്രട്ടറിയും എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന ഗേറ്റ് മീറ്റിംഗിൽ എഐയുടിയുസി ജില്ലാക്കമ്മിറ്റിയംഗം കെ. പ്രതാപൻ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികളായ ജോണി, സുനിൽ, ഷീല തുടങ്ങിയവർ നേതൃത്വം നൽകി. ■

# സെൻസസ്: വികസനമെന്നത് വെറും വീമ്പുപറച്ചിൽ

(10-ാം പേജിൽ നിന്ന്)

സാമൂഹിക പുരോഗതിയുടെയും വിലങ്ങുതടിയായി മാറുകയും ചെയ്തു. തൊഴിലാളിവർഗ്ഗത്തിന്റെയും കർഷകരുടെയും അദ്ധ്വാനിക്കുന്ന ഇതരജനവിഭാഗങ്ങളുടെയും മേൽ നടത്തുന്ന ചൂഷണവും അടിച്ചമർത്തലും കൂടുതൽ കൂടുതൽ നിഷ്ക്കരുണമാവുകയും ചെയ്തു.

### മുതലാളിത്ത ഇന്ത്യയുടെ വസ്തുനിഷ്ഠ യാഥാർത്ഥ്യമെന്ത്?

ഇതേ മുതലാളിത്ത ഉല്പാദന ബന്ധത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഇന്ത്യയുടെ ഉല്പാദന സമ്പ്രദായം നിലനിൽക്കുന്നത്. കാർഷിക മേഖലയിലോ വ്യാവസായിക മേഖലയിലോ ആയിക്കൊള്ളട്ടെ ഉല്പാദനം നടക്കുന്നത് സ്വകാര്യഉടമസ്ഥതയിലും പരമാവധി ലാഭം ലാക്കാക്കിയുമാണ്. നമ്മുടെ സമൂഹം വർഗ്ഗവിഭജിതമാണ്. ഒരുവശത്ത് എല്ലാ സമ്പത്തിന്റെയും ഉല്പാദനോപാധികളുടെയും അധിപന്മാരായ മുതലാളിമാരും അവരുടെ പിണിയാളുകളുമാണ്. മൊത്തം ഉല്പാദനത്തിന്റെ നിയന്ത്രണവും അവർക്കാണ്. അദ്ധ്വാനം വഴിയുണ്ടാവുന്ന മിച്ചമൂല്യം കൈവശപ്പെടുത്തി സ്വന്തം സമ്പത്ത് കുന്നുകൂട്ടുന്നതും അവരാണ്. മറുവശത്ത് അദ്ധ്വാനിക്കുന്ന ജനകോടികളാണ്. പീഡിതരായ അവർ മുതലാളിമാരുടെ സമ്പത്ത് കൊഴുപ്പിക്കാനായി നിരന്തരം ചൂഷണത്തിന് വിധേയരുമാണ്.

സാമ്പത്തികരംഗം നിയന്ത്രിക്കുന്നവർ രാഷ്ട്രീയത്തെയും നിയന്ത്രിക്കുന്നു. അതിനാൽ തന്നെ സമ്പദ്‌വ്യവസ്ഥയെന്നതുപോലെ രാഷ്ട്രീയ സംവിധാനവും ദരിദ്രർക്കും അടിച്ചമർത്തപ്പെട്ടവർക്കുമെതിരായി ചാഞ്ഞിരിക്കുന്നു. വളർച്ചയുടെയും വികസനത്തിന്റെയും സമൃദ്ധിയുടെയുമൊക്കെ പുകമറ സൃഷ്ടിച്ച് തങ്ങളുടെ കാര്യസ്ഥന്മാരായ സർക്കാരിന്റെയും വിധേയരായ ഉദ്യോഗസ്ഥവൃന്ദത്തിന്റെയും വിശ്വസ്തരായ ഉപദേശകരുടെയും സഹായത്തോടെ തങ്ങളുടെ വർഗ്ഗതാൽപ്പര്യമായ പരമാവധി ലാഭ സമാഹരണവും അടിച്ചമർത്തപ്പെട്ട തൊഴിലാളിവർഗ്ഗത്തിന്റെയും അദ്ധ്വാനിക്കുന്ന ഇതരജനവിഭാഗങ്ങളുടെ ഓരോ തുള്ളി ചോരയും പിഴിഞ്ഞൂറ്റിക്കൊണ്ട് തങ്ങൾക്ക് എല്ലാ ആനുകൂല്യങ്ങളും ഉറപ്പാക്കുന്ന നയങ്ങളാവിഷ്ക്കരിക്കുകയും പദ്ധതികൾക്ക് രൂപം കൊടുക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അതിനാൽ ഭരണവർഗ്ഗമോ അവരുടെ പിണിയാളുകളോ രാഷ്ട്രത്തിന്റെ താല്പര്യത്തെപ്പറ്റി പറയുമ്പോൾ അവർ ഉദ്ദേശിക്കുന്നത് ജനങ്ങളുടെ താല്പര്യത്തെയല്ല, മറിച്ച് അവരുടെ സ്വന്തം നിക്ഷിപ്ത താല്പര്യത്തെയാണെന്ന സത്യം അവർ മറച്ചുവെക്കുന്നു. ഭരണമുതലാളിവർഗ്ഗത്തിന്റെ താല്പര്യം മർദ്ദിത ജനതയുടെ താല്പര്യത്തിന് കടകവിരുദ്ധമാണെന്നത് തീർച്ചയാണ്. ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ രാഷ്ട്രത്തിന്റെ പൊതുതാല്പര്യമെന്ന് ഒന്നില്ല. ഒന്നുകിൽ അടിച്ചമർത്തപ്പെട്ട ചൂഷിതജനങ്ങളുടെ താല്പര്യം; അതല്ലെങ്കിൽ മർദ്ദകന്റെ, ചൂഷകനായ ഭരണമുതലാളിയുടേത്.

പഴയ പ്ലാനിംഗ് കമ്മിഷന്റെ, അതല്ലെങ്കിൽ ഇപ്പോഴുള്ള നീതി ആയോഗിന്റെ (National Institution for Transforming India) സാമ്പത്തിക പരിഷ്കാരത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും കുറിപ്പടികൾ, പണസംബന്ധിയായ നയങ്ങൾ, ബജറ്റ് നിർദ്ദേശങ്ങൾ, ധനനിയമങ്ങൾ ഇവയെല്ലാം അവയുടെ അടിയന്തിരവും അന്തിമവുമായ വിശകലനത്തിൽ ഭരണവർഗ്ഗത്തെ സേവിക്കാനും അവരുടെ വർഗ്ഗതാല്പര്യം സംരക്ഷിക്കാനും മാത്രമുദ്ദേശിച്ചുള്ളവയാണ്. മുതലാളിത്തക്രമത്തിന്റെ സഹജമായ നിയമങ്ങളാൽ രൂപം കൊള്ളുന്ന പ്രതിസന്ധികൾ എത്രത്തോളം രൂക്ഷമാവുന്നോ അത്രത്തോളം ആ പ്രതിസന്ധിയുടെ ഭാരം ഇതിനോടകം നടു തകർന്നിരിക്കുന്ന ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുവാനുള്ള മാർഗ്ഗവും രീതികളും കണ്ടെത്തുന്നു. 'ദാരിദ്ര്യ ശമീകരണം', 'എല്ലാരെയും ഉൾക്കൊള്ളുന്ന വികസനം', 'ദരിദ്രരെ ശാക്തീകരിക്കൽ' എന്നിങ്ങനെയുള്ള പ്രച്ഛന്നവേഷങ്ങളിട്ടും 'നല്ലദിനങ്ങൾ വരവായി' എന്ന മായാമറ സൃഷ്ടിച്ചുമാണ് അവരിത് ചെയ്യുന്നത്. സബ്സിഡി എടുത്തുകളയൽ, ക്ഷേമ പദ്ധതികൾ പിൻവലിക്കൽ, പരോക്ഷനികുതി നിരക്കുകളുടെ കുത്തനെയുള്ള വർദ്ധനവ് തുടങ്ങിയ 'കടുത്ത നടപടി' കളോട് സഹകരിക്കണമെന്നും സമ്പദ്‌വ്യവസ്ഥയെ പാളത്തിലേക്ക് തിരികെയെത്തിക്കാനായി ചില ത്യാഗങ്ങൾ സഹിക്കണമെന്നും മറ്റും ജനങ്ങളോട് ആഹ്വാനം ചെയ്യുകയാണ് ഭരണവൃന്ദങ്ങളുടെ മറ്റൊരു കപടതന്ത്രം. സത്യം തുറന്ന് അറിയിക്കുന്നതിന് പകരം ബൂർഷ്വാമാധ്യമങ്ങളും ഈ വൃത്തികെട്ട കാപട്യത്തിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കുന്നു. പക്ഷേ സമ്പദ്‌വ്യവസ്ഥയുടെ പാളം തെറ്റൽ തുടരുന്നു. ജനങ്ങളുടെ ദുരിതങ്ങൾ വർദ്ധമാനമാക്കിക്കൊണ്ട് 'കടുത്ത നടപടികൾ' സ്ഥിരസ്വഭാവമാർജ്ജിച്ച് തുടരുന്നു. അവ്വിധത്തിൽ സ്വാതന്ത്ര്യാനന്തരം അടിച്ചമർത്തപ്പെട്ട സാധാരണക്കാരുടെ ദൈന്യതയും വിലാപവും കടന്നുപോകുന്ന ഓരോ ദിനവും കടുക്കുകയാണ്. ഭരണബൂർഷ്വാസി വിനാശകരമായ മുതലാളിത്ത ആഗോളവൽക്കരണത്തിന്റെ നയങ്ങൾ പിന്തുടരാനാരംഭിച്ചതോടെ കാര്യങ്ങൾ കൂടുതൽ വഷളായിരിക്കുകയാണ്.

### 'താഴേക്ക് അരിച്ചിറങ്ങുമെന്ന സിദ്ധാന്തം' – കിരീടംവച്ച കാപട്യം

മുതലാളിത്തത്തിൽ ഒരുപിടി ധനാഢ്യരുടെ കുന്നുകൂടുന്ന അതിസമ്പത്ത് മൂടിവയ്ക്കാനാവാത്തതുകൊണ്ട് ബൂർഷ്വാ പാളയത്തിലെ ചില ബുദ്ധിരാക്ഷസന്മാർ 'താഴേക്ക് അരിച്ചിറങ്ങുമെന്ന സിദ്ധാന്തം' ഒരിക്കൽ ആവിഷ്ക്കരിച്ചു. നിക്ഷേപകരും, ബിസിനസ്സുകാരും വ്യവസായികളും പോലുള്ള സമ്പന്നർക്ക് പ്രഥമതലത്തിൽ നേടുന്ന സമ്പാദ്യം ദീർഘകാലാടിസ്ഥാനത്തിൽ, ക്രമേണ ദരിദ്രരിലേക്ക്, മെച്ചപ്പെട്ട ജീവിതസാഹചര്യം നേടുവാനുതകുന്ന തരത്തിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് ഈ സിദ്ധാന്തം മുന്നോട്ടുവയ്ക്കുന്നവർ വാദിക്കുന്നത്. ധനികരുടെ സമ്പൽസമൃദ്ധി എല്ലാവരുടെയും സമ്പൽസമൃദ്ധിയായി മാറുമെന്നതാണ് യുക്തി. യു.എസ്. പ്രസിഡന്റായിരുന്ന റൊണാൾഡ് റീഗണായിരുന്നു പിൽക്കാലത്ത് റീഗണോമിക്സ് എന്ന് വിളിക്കപ്പെട്ട ഈ സിദ്ധാന്തത്തിന്റെ പ്രയോക്താവ്. ഈ സിദ്ധാന്തത്തിന്റെ കുതിരപ്പുറത്തേറി യു.എസ്സും ഇന്ത്യയുമടക്കമുള്ള മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങൾ വ്യവസായ കുടുംബങ്ങളെയും ബഹുരാഷ്ട്ര കുത്തകകളെയും നികുതിയിളവുകളും നികുതി കുടിശ്ശിക എഴുതിത്തള്ളലുകളും കൊണ്ട് അഭിഷേകം ചെയ്തു. കഴിഞ്ഞ കുറച്ചുവർഷങ്ങൾ കൊണ്ട് നികുതിയിളവുകളും മറ്റാനുകൂല്യങ്ങളുമായി ധനകാര്യസ്ഥായീകരണത്തിന്റെ പേരുപറഞ്ഞ് ഏതാണ്ട് 7 ലക്ഷം കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ഇന്ത്യൻ കുത്തക കോർപ്പറേറ്റ് മേഖലകൾക്ക് അനുവദിച്ച് നൽകിയത്. ധനികരും ദരിദ്രരും തമ്മിലുള്ള വിടവ് മൂടിവയ്ക്കാനാവാത്തവണ്ണം ഭീകരരൂപമാർജ്ജിച്ചിരിക്കുന്നുവെന്നും 'താഴേ

(ശേഷം 12-ാം പേജിൽ)

# സെൻസസ്: അതിസമ്പന്നരുടെ എണ്ണത്തിൽ ഇന്ത്യയ്ക്ക് ആറാം സ്ഥാനം

*(11-ാം പേജിൽ നിന്ന്)*

ക്കുള്ള അരിച്ചിറക്കത്തിന്റെ സിദ്ധാന്തം' വിലപ്പോവുകയില്ലെന്നും മുതലാളിത്ത പിണിയാളന്മാർക്ക് മനസ്സിലായിരിക്കുന്നു. അതിനാൽത്തന്നെ 'അരിച്ചിറക്ക' സാമ്പത്തിക ശാസ്ത്രം തമാശയാണെന്ന് ഐഎംഎഫ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നു: "വരുമാനവിതരണം വളർച്ച നിർണ്ണയിക്കുന്ന വിഷയമാണ്. പ്രത്യേകിച്ചും, മേൽത്തട്ടിലെ 20 ശതമാനത്തിന്റെ വരുമാനവിഹിതം വർദ്ധിക്കുകയാണെങ്കിൽ ഇടക്കാലത്തെ ജിഡിപിയുടെ വളർച്ച യഥാർത്ഥത്തിൽ കുറയുകയാണ് ചെയ്യുന്നത്. നേട്ടങ്ങൾ താഴേക്ക് അരിച്ചിറങ്ങുന്നില്ല എന്നാണിത് കാണിക്കുന്നത്".

റീഗണോമിക്സ് ഒരു കോമിക് പരമ്പരയാണെന്ന് അധിക്ഷേപിക്കാൻ വേണ്ടി ഐഎംഎഫിന് പെട്ടെന്ന് വിവേകമുദിച്ചുവെന്ന് കരുതാൻ ന്യായമില്ല. ബൂർഷ്വാ ക്യാമ്പിനകത്തെ ചില ആഭ്യന്തര വൈരുദ്ധ്യങ്ങളാൽ ചിലപ്പോൾ ഒരു ഗ്രൂപ്പ് മറ്റൊരു ഗ്രൂപ്പിന്റെ നിലപാടുകളെ കളിയാക്കുന്ന അവസരങ്ങളുണ്ടാകാറുണ്ട്. എന്തായാലും 'അരിച്ചിറക്ക സിദ്ധാന്തം' ഒരു തട്ടിപ്പാണെന്നാണ് എസ്ഇസിസി റിപ്പോർട്ട് വ്യക്തമാക്കുന്നത്. ആർക്കാണ് 'വളർച്ചയും വികാസ'വുമുണ്ടാകുന്നതെന്ന് അത് വാചാലമായി സമർത്ഥിക്കുന്നു.

### ആരെയും കൂസാത്ത ബിജെപി നേതൃത്വം ജനവിരുദ്ധ പരിഷ്ക്കാരവുമായി മുന്നോട്ടുപോകുന്നു

പക്ഷെ, ബിജെപി സർക്കാർ ആരെയും കൂസുന്നില്ല. "കുടുംബങ്ങളുടെ ദാരിദ്ര്യത്തിന്റെ ബഹുവിധവശങ്ങൾ പരിഹരിക്കാനുള്ള അവസരങ്ങൾ എസ്ഇസിസി റിപ്പോർട്ട് നൽകുന്നു"വെന്ന് നാണമില്ലാതെ അവർ പത്രക്കുറിപ്പ് ഇറക്കുന്നു. വാക്കുകൾ കൊണ്ടുള്ള കസർത്ത്! എങ്ങനെയാണവർ ഈ പ്രശ്നങ്ങളെ സമീപിക്കുന്നത്? ഉത്തരം ബിജെപി ധനകാര്യമന്ത്രി നൽകുന്നു. "ദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗം 8-10 ശതമാനം വളർച്ച അതിവേഗം ആർജ്ജിക്കുകയെന്നതാണ്. പാവങ്ങളെ ലക്ഷ്യം വെക്കുന്ന പദ്ധതികളെപ്പോലെ തന്നെ സാമ്പത്തിക വളർച്ചയും സാമ്പത്തിക പരിഷ്കാരവും ദരിദ്രരെ സഹായിക്കും". ഗ്രാമീണ ദരിദ്രരെ മുച്ചൂടും മുടിച്ച സാമ്പത്തിക പരിഷ്കാരങ്ങൾ അപ്പടി തുടരുമെന്നാണ് വ്യംഗ്യാർത്ഥം. ഐ.എം.എഫിന് കൈയൊഴിയേണ്ടിവന്ന 'അരിച്ചറക്ക സിദ്ധാന്തം' ഇതിലപ്പുറം എങ്ങനെ മുറുകെ പിടിക്കാനാകും.

ബിജെപി നേതൃത്വം രണ്ടുതരത്തിൽ ജനങ്ങളെ പറ്റിക്കുന്നു. രാജ്യത്തിന്റെ വ്യവസായവൽക്കരണവും സാമ്പത്തികവികാസവും നിലച്ചുപോയത് നിക്ഷേപത്തിന്റെ പ്രത്യേകിച്ച് വിദേശനിക്ഷേപത്തിന്റെ കുറവും അയവില്ലാത്ത തൊഴിൽ നിയമങ്ങളും അമിതമായ ക്ഷേമപദ്ധതികളും വർദ്ധിക്കുന്ന സബ്സിഡിതുകകളുമാണെന്നാണ് അവർ പറയുന്നത്. അതിനാൽ സമ്പദ്വ്യവസ്ഥയെ കൂടുതൽ ഉദാരവൽക്കരിക്കണമെന്നും തൊഴിലാളികളെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാനാവുന്ന തരത്തിലും ജോലിസമയം വർദ്ധിപ്പിച്ചുകൊണ്ടും കൂലി കുറച്ചുകൊണ്ടും മുതലാളിക്ക് സർവ്വ സ്വാതന്ത്ര്യങ്ങളും നൽകത്തക്ക വിധം തൊഴിൽ നിയമങ്ങൾ ആവിഷ്ക്കരിക്കണമെന്നും അവർ വാദിക്കുന്നു. ബലം പ്രയോഗിച്ച് സ്വകാര്യസംരംഭകർക്കായി കൃഷിഭൂമി തീറെഴുതുവാനും വിദ്യാഭ്യാസം, ആരോഗ്യം, പ്രതിരോധം, വൈദ്യുതി, ഇൻഷ്വറൻസ്, ബാങ്കിംഗ്, റെയിൽവേ തുടങ്ങിയവ സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കുവാനും സർവ്വപ്രധാന മേഖലകളിൽപോലും വിദേശ മൂലധനത്തിന് കടന്നുവരാൻ അവസരമൊരുക്കുവാനും നിലവിലുള്ള, പൊതുജനങ്ങളുടെ ഫണ്ടുപയോഗിച്ച് സൃഷ്ടിച്ച എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കുത്തകകൾക്ക് തുറന്നുകൊടുക്കുവാനും അവർ തുനിഞ്ഞിറങ്ങിയിരിക്കുന്നു. തങ്ങളെ അധികാരത്തിലേക്ക് കൈപിടിച്ച് കയറ്റിയ ഭരണമുതലാളിവർഗ്ഗത്തിന്റെ ഈ ആവശ്യങ്ങൾ നടപ്പിലാക്കുകയെന്നതാണ് ബിജെപി മുന്നോട്ടുവെയ്ക്കുന്ന പരിഷ്ക്കരണ അജണ്ടയിലുള്ളത്. കാതലായ മേഖലകളുൾപ്പെടെയുള്ള വ്യാവസായിക പ്രവർത്തനങ്ങളിലുള്ള കുതിപ്പ് എന്ന അർത്ഥത്തിലുള്ള വ്യാവസായികവൽക്കരണം ഇന്ന് മുതലാളിത്തലോകത്ത് അസാധ്യമാണ്. കൂടുതൽ കൂടുതൽ പാപ്പരാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനങ്ങൾക്ക് വാങ്ങൽ ശേഷിയില്ല എന്നതാണ് കാരണം. അവർക്ക് വ്യാവസായിക ഉല്പന്നങ്ങൾ വാങ്ങാനാവുന്നില്ലെങ്കിൽ പരമാവധി ലാഭലാക്കുള്ള വ്യവസായ പ്രഭുക്കൾക്ക് കമ്പോളമില്ലാതാവും. അവർക്ക് കമ്പോളമില്ലെങ്കിൽ കമ്പോള പ്രതിസന്ധിയുണ്ടാകുന്നു. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ തൊഴിലാളികളെ പുറത്താക്കിക്കൊണ്ട് അടച്ചുപൂട്ടുന്നു. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നുമില്ല. അങ്ങനെ തൊഴിൽ നഷ്ടപ്പെട്ടവരുടെയും തൊഴിലന്വേഷകരുടെയും സംഖ്യ പെരുക്കുന്നു. വാങ്ങൽ ശേഷിയില്ലാത്ത ഈ തൊഴിൽ രഹിതർ കാരണം കമ്പോളം വീണ്ടും ചെറുതാവുന്നു. പ്രതിസന്ധി രൂക്ഷമാകുന്നു.

എവ്വിധമെങ്കിലും പ്രതിസന്ധിയിൽ നിന്ന് കരകയറാനായി മുതലാളിത്ത-സാമ്രാജ്യത്വം അവരുടെ മൂലധനം സ്റ്റോക്ക് മാർക്കറ്റിലെ ഊഹക്കച്ചവടത്തിൽ നിന്ന് പിൻവലിച്ച് പുതുതായി തുറന്നിടപ്പെട്ട മേഖലകളിൽ, പ്രത്യേകിച്ച് സേവനമേഖലകളിൽ ലാഭം കൊയ്യാനായി നിക്ഷേപിക്കുന്നു. ഇത് ജനങ്ങളെ കൂടുതൽ ഗതികെട്ടവരാക്കിക്കൊണ്ട് കമ്പോളത്തെ കൂടുതൽ ചുരുക്കുന്നു. ഇതിനെല്ലാമുപരി, പണം ഒളിപ്പിച്ചുവച്ചും കള്ളപ്പണം കുന്നുകൂട്ടിയും കള്ളക്കളികൾ നടത്തി നികുതി വെട്ടിച്ചും പൊതുഖജനാവ് മുടിക്കുന്നതിനും പുറമേ സർക്കാർ ഖജനാവിൽ നിന്ന് കൂടുതൽ കൂടുതൽ സാമ്പത്തിക സഹായവും ഇളവുകളും മുതലാളികൾക്ക് ലഭിക്കുകയും ചെയ്യുന്നു. കൂലിയെന്ന പേരിൽ നക്കാപിച്ച നൽകി എത്ര തൊഴിലാളികളെ എത്രദിവസം നിയോഗിക്കണമെന്ന് തീരുമാനിക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം അവരാവശ്യപ്പെടുന്നു. പ്രത്യേക സാമ്പത്തിക മേഖലകൾ (SEZ) സ്ഥാപിക്കാനാവശ്യപ്പെടുന്നതും എല്ലാത്തരം ആനുകൂല്യങ്ങളും നേടിയെടുക്കുവാനും തൊഴിലാളികളെ ഞെക്കിപ്പിഴിയാനുള്ള അവകാശം നേടിയെടുക്കുവാനുമാണ്. തുടർന്നും തൊഴിലെടുക്കുവാനുള്ള മിനിമം ജീവിതസാഹചര്യങ്ങൾ നിലനിർത്താനുള്ള വേതനമാണ് മുതലാളിത്തത്തിന്റെ ഉദയത്തിന്റെ കാലത്ത് നൽകിയിരുന്നത്. പക്ഷേ, മുതലാളിത്തത്തിന്റെ ഇന്നത്തെ മരണാസന്ന ഘട്ടത്തിൽ അത്തരത്തിലുള്ള പരിഗണനകളൊന്നും തന്നെ മുതലാളിത്തത്തിനും ബഹുരാഷ്ട്രകുത്തകകൾക്കും ഇന്നില്ല. പരമാവധി ലാഭം എന്ന തത്വമാണ് എല്ലാം നിർണ്ണയിക്കുന്നത്. അത് കാരണം അതിർത്തി കടന്നുള്ള മൂലധനത്തിന്റെ സഞ്ചാരത്തിന് തടസ്സമായ എല്ലാ മതിൽകെട്ടുകളെയും അത് തകർത്തുകളയുകയാണ്. ഇന്ത്യൻ കുത്തകകൾ വിദേശത്തേക്കും മൂലധനം കയറ്റുമതി ചെയ്യുന്നത് അതിന്റെ സാമ്രാജ്യത്വ സ്വഭാവമാണ് കാണിക്കുന്നത്. വിദേശത്ത് നിക്ഷേപിക്കാനുള്ള എല്ലാ സൗകര്യവുമൊരുക്കുന്നതിൽ അവർ ജാഗരൂകരാണ്. 15 ബില്യൺ ഡോളറിന്റെ ഇന്ത്യൻ നിക്ഷേപം നേരിട്ടുള്ള വിദേശനിക്ഷേപ (FDI) മായി യു.എസിലുണ്ട്. യു.കെയിലെ വിദേശനിക്ഷേപത്തിന്റെ മൂന്നിലൊന്ന് ഇന്ത്യൻ കുത്തകകളുടേതാണ്. അതിനാൽ മറ്റുള്ളവരുടെ കമ്പോളത്തിലേക്ക് എളുപ്പത്തിൽ പ്രവേശനം ലഭിക്കുവാനായി ആഭ്യന്തരമാർക്കറ്റും ആഗോളവൽക്കരണത്തിന്റെ എല്ലാ വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ട് വിദേശമൂലധനത്തിനായി തുറന്നിടുകയാണ്. ഇതാണ് ബിജെപിയുടെ മാത്രമല്ല എല്ലാ ഭരണമുതലാളിവർഗ്ഗ പാർട്ടികളുടെയും പരിഷ്കരണ അജണ്ടയിൽ അന്തർലീനമായിരിക്കുന്ന സത്യം. ഈ പരിഷ്കരണമാണ് എസ്ഇസിസി റിപ്പോർട്ട് തുറന്നുകാട്ടുന്നതിനുമപ്പുറം ദരിദ്രജനതയുടെ ജീവിതം കൂടുതൽ ഭയാനകമാക്കാൻ പോകുന്നത്.

### ഈ ഹീനപദ്ധതിയെ തടയാൻ അടിയുറച്ച നീക്കങ്ങളാണാവശ്യം

തീർച്ചയായും ഗ്രാമീണദരിദ്രരടക്കമുള്ള ദുരിതത്തിലായ ജനങ്ങൾക്ക് തങ്ങളുടെ ദുർവിധിയെ പഴിച്ചിരിക്കാനോ, മുതലാളിത്ത ക്കഴുകന്മാർക്ക് തങ്ങളെ കൊത്തിവിഴുങ്ങാൻ അനുവദിക്കാനോ ആവില്ല. അവർ പ്രതിഷേധത്താൽ ഉണരുകയും സ്വയം പ്രതിരോധം സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. ചിന്നിച്ചിതറിയും പൊടുന്നനെ പൊട്ടിപ്പുറപ്പെടുന്നതുമായ പ്രതിഷേധങ്ങളെ ഭരണവർഗ്ഗവും പിണിയാളുകളും ഭയക്കുന്നില്ല. പാർലമെന്ററി രാഷ്ട്രീയത്തിന്റെ ഇടനാഴികളിൽ അവസാനിക്കുന്ന പ്രക്ഷോഭണങ്ങളെയും അവർ വകവെക്കുന്നില്ല. ദീർഘകാല ലക്ഷ്യം മുതലാളിത്തത്തിന്റെ തൂത്തെറിയലാണെന്നിരിക്കെ, ശരിയായ വിപ്ലവനേതൃത്വത്തിൻ കീഴിൽ ഉന്നതമായ സാംസ്കാരിക നൈതിക ധാരണകളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട ശക്തമായ ബഹുജനപ്രക്ഷോഭമാണ് ഇന്നത്തെ അടിയന്തിരാവശ്യകത. അതൊന്നിന് മാത്രമേ ഭരണാധികാരികളെ പിടിച്ചുലക്കാനും ചില പരിഹാര നടപടികളെടുക്കാൻ അവരെ നിർബന്ധിതമാക്കാനും അതുവഴി ജീവിതം തകർന്ന ജനതക്ക് തെല്ലാശ്വാസം നൽകാനുമാവൂ. ഈ കഠോരമായ മുതലാളിത്ത അടിച്ചമർത്തലിൽ നിന്നുള്ള മോചന സമരത്തിന് ആക്കം കൂട്ടുവാനായി ഇതൊന്നേ മാർഗ്ഗമുള്ളൂവെന്നും ഞങ്ങൾ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഗ്രാമീണ ദരിദ്രരും തൊഴിലാളിവർഗ്ഗമൊന്നാകെയും ഇത്തരത്തിലൊരു പ്രക്ഷോഭത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ഒട്ടും അമാന്തം കാട്ടരുത്. എസ്ഇസിസി റിപ്പോർട്ട് ഭാഗികമായി വെളിവാക്കുന്നതുപോലെ മനുഷ്യോചിതമല്ലാത്തതാണ് അവരുടെ ജീവിതമെന്നത് വാസ്തവമാണെന്നിരിക്കെ, അവരുടെ കഷ്ടപ്പാടുകൾ ദൂരീകരിക്കാനായി മേൽപ്പറഞ്ഞ വിധത്തിലുള്ള സബോധമായ ജനകീയ പ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കേണ്ടതും വസ്തുനിഷ്ഠ ആവശ്യകതയാണ്. സത്യം മറച്ചുവെക്കാൻ ചൂഷകരായ ഭരണാധികാരികൾ വളരെയേറെ പ്രയത്നിക്കുന്നുവെങ്കിലും ജനങ്ങൾ സത്യം മനസ്സിലാക്കുകയും ആ പാതയിലൂടെ മുന്നേറുകയും വേണം. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള വിപ്ലവസമരത്തിന്റെ പരിസമാപ്തിയെന്ന നിലയിൽ വിപ്ലവത്തിലൂടെ മുതലാളിത്തത്തെ തൂത്തെറിയുന്നതിലാണ് വിമോചനം കുടികൊള്ളുന്നത് എന്നതാണ് സത്യം. ആ വിപ്ലവം സാധ്യമാവണമെങ്കിൽ മുതലാളിത്തവിരുദ്ധ വിപ്ലവപ്രസ്ഥാനത്തിന് അനുപൂരകമായി വർഗ്ഗബഹുജനപ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കുകയും രൂക്ഷമാക്കുകയും ചെയ്യുകയെന്നതാണ് വേണ്ടത്. എസ്ഇസിസി ഉൾപ്പെടെയുള്ള മറ്റ് റിപ്പോർട്ടുകൾ തുറന്നുകാണിക്കുന്ന വിധത്തിലുള്ള കഠിനമായ ദുരിതത്തിൽ നിന്ന് ഗ്രാമീണദരിദ്രരെ കരകയറ്റാനും ഈ മാർഗ്ഗം മാത്രമേയുള്ളൂ. ഞങ്ങൾ ആവർത്തിച്ച് ഊന്നിപ്പറയുന്ന കാര്യങ്ങൾ ശരിയാണെന്നാണ് ഇവയെല്ലാം തെളിയിക്കുന്നത്. ■

## ചെങ്ങറയിൽ അയ്യൻകാളി ജന്മദിനാഘോഷം

മഹാനായ അയ്യൻകാളിയുടെ 152-ാം ജന്മദിനം ആഗസ്റ്റ് 28 ന് ചെങ്ങറ സമരഭൂമിയിൽ തിരുവോണദിനമായി ആചരിച്ചു. ആഗസ്റ്റ് 26,27 തീയതികളിൽ സമരഭടന്മാരുടെ കലാകായിക മത്സരങ്ങളും 28 ന് ജന്മദിന സമ്മേളനവും നടന്നു. സമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ചെങ്ങറ സമര നായകൻ ളാഹ ഗോപാലൻ മുഖ്യപ്രഭാഷണം നടത്തി. *അയ്യൻകാളിയും കേരള നവോത്ഥാനവും* എന്ന വിഷയത്തിൽ ജി.എസ്. പത്മകുമാർ പ്രഭാഷണം നടത്തി. വിളപ്പിൽശാല സമര സമിതി പ്രസിഡന്റ് എസ്.ബുർഹാൻ, ചെങ്ങറ സമരസഹായ സമിതി കൺവീനർ എസ്.രാജീവൻ ഡൈനാമിക് ആക്ഷൻ സംഘാടകൻ വിനോദ് കോശി, പശ്ചിമഘട്ട സംരക്ഷണ സമിതി ജില്ലാ സെക്രട്ടറി റജി മലയാലപ്പുഴ, ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി കെ.ജി.അനിൽകുമാർ, നീലംപേരൂർ സമര സമിതി നേതാക്കളായ സാബു നാരായണൻ, എബി, പി. ആർ.സതീശൻ, മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി എസ്.രാധാമണി, പ്രചോദന ജില്ലാ കൺവീനർ ആർ.ജതിൻ, രഘു ഇരവിപേരൂർ, ഫാദർ അഗസ്റ്റിൻ വട്ടോളി, റ്റി.എം.സത്യൻ, സുമ ഫിലിപ്പ് തുടങ്ങിയവർ പങ്കെടുത്തു. അയ്യപ്പൻ കൈതക്കര അദ്ധ്യക്ഷത വഹിച്ചു. അച്യുതൻ മാണികുളം സ്വാഗതവും എ. ശാരദ കൃതജ്ഞതയും പറഞ്ഞു. ഡൈനമിക് ആക്ഷൻ സംഘഗാനങ്ങൾ ആലപിച്ചു. സാധുജന വിമോചന സംയുക്ത വേദിയുടെ ആസ്ഥാനമായ പത്തനംതിട്ട അംബേദ്ക്കർ ഭവനിൽ നിന്നും സമരഭൂമിയിലെ സമ്മേളന നഗരിയിലേക്ക്, അയ്യൻകാളി നടത്തിയ വില്ലുവണ്ടിയാത്രയെ അനുസ്മരിപ്പിക്കുന്ന ഫ്ലോട്ടും ചിത്രവധം ഫ്ലോട്ടും എത്തിചേർന്നത് കൗതുകമായി. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും വിഭവസമൃദ്ധമായ സദ്യ ഒരുക്കിയിരുന്നു. ആഘോഷ പരിപാടികൾക്ക് മുന്നോടിയായി ചെങ്ങറ സമരഭൂമിയിലെ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന മേള കോന്നിയിൽ നടത്തിയത് ഏറെ ജനശ്രദ്ധ ആകർഷിച്ചു. എല്ലാ ഉൽസവ സീസണുകളിലും വിപുലമായ കാർഷിക മേളകൾ നടത്തുമെന്ന് സമരനായകൻ ളാഹ ഗോപാലൻ പ്രഖ്യാപിച്ചു. കലാ-കായിക മത്സരങ്ങളിൽ വിജയികളായവർക്ക് എസ്.രാജീവൻ സമ്മാനദാനം നിർവ്വഹിച്ചു. ■



**അയ്യൻകാളി ജന്മദിനാഘോഷം കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു. ളാഹ ഗോപാലൻ, ജി.എസ്.പത്മകുമാർ, അയ്യപ്പൻകൈതക്കര തുടങ്ങിയവർ മുൻനിരയിൽ**

# ഐഎൻപിഎ വയനാട് ജില്ലാ കൺവൻഷൻ

വിദ്യാഭ്യാസ വായ്പയെടുത്ത് പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഉചിതമായ തൊഴിലും വരുമാനവും ലഭിക്കാത്ത സാഹചര്യത്തിൽ, വായ്പ തിരിച്ചു പിടിക്കാൻ റിലയൻസ് പോലുള്ള കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്നത് അവസാനിപ്പിച്ച് വിദ്യാഭ്യാസ വായ്പ പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുകയാണ് വേണ്ടതെന്ന് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷൻ (ഐഎൻപിഎ) വയനാട് ജില്ലാ കൺവൻഷൻ ആവശ്യപ്പെട്ടു. കൽപ്പറ്റ സ്പൈസ് പാർക്ക് റെസിഡൻസി ഹാളിൽ നടന്ന വിദ്യാഭ്യാസ വായ്പയെടുത്തവരുടെയും രക്ഷിതാക്കളുടെയും കൺവൻഷൻ ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്. മിനി ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസ വായ്പയുടെ കോടതി നടപടികൾക്കുമേൽ മൊറോട്ടോറിയം നിലനിൽക്കുമ്പോഴും, കരാർ പ്രകാരം വായ്പ അടച്ചു തീർക്കാൻ വർഷങ്ങൾ അവശേഷിക്കമ്പോഴും ആയിരക്കണക്കിന് കുടുംബങ്ങളെ ജപ്തി ഭീഷണികൊണ്ടും കോടതി കയറ്റികൊണ്ടും പീഢിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ഒരു വർഷം മുമ്പ് കേന്ദ്ര സർക്കാർ പലിശ ഇളവിനു വേണ്ടി അനുവദിച്ച 2600 കോടി രൂപ അർഹതപ്പെട്ടവർക്ക് നൽകാതെ ബാങ്കുകൾ അട്ടിമറിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ വായ്പ തിരിച്ചുപിടിക്കാൻ റിലയൻസിന് ക്വട്ടേഷൻ കൊടുത്ത പൊതുമേഖലാ ബാങ്കുകളുടെ നടപടി നിയമവിരുദ്ധവും അധാർമ്മികവുമാണ്. റിലയൻസ് ഉൾപ്പെടെയുള്ള വൻ കുത്തകകൾ പൊതുമേഖലാ ബാങ്കുകളിൽനിന്നും എടുത്ത 2,31,000 കോടി രൂപയാണ് കഴിഞ്ഞ വർഷം സർക്കാർ എഴുതി തള്ളിയത്. വിദ്യാഭ്യാസ വായ്പയുടെ പേരിൽ പാവപ്പെട്ട വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും കുത്തിനുപിടിക്കാൻ ഈ കോർപ്പറേറ്റുകളെതന്നെ ഏൽപ്പിച്ചത് ജനങ്ങൾ കൈയ്യും കെട്ടി നോക്കിയിരിക്കില്ലെന്ന് അവർ മുന്നറിയിപ്പ് നൽകി.

വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി സെക്രട്ടറി വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡണ്ട് അഡ്വ. കെ.അബ്ദുറഹമാൻ, കെയുഎസ്റ്റിയു ജില്ലാ സെക്രട്ടറി കെ. എൻ.ലജീഷ്, കർഷക പ്രതിരോധ സമിതി വൈസ് പ്രസിഡണ്ട് ടോമി വടക്കുംചേരി, ഐഎൻപിഎ സംസ്ഥാന കമ്മിറ്റി അംഗം സി. കെ.ശിവദാസൻ, പുഷ്പ അഗസ്റ്റിൻ, ദേവസ്യ പുറ്റനാൽ, സി.എൻ.മുകുന്ദൻ എന്നിവർ പ്രസംഗിച്ചു.




കൺവൻഷൻ ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്യുന്നു

സെപ്റ്റംബർ 16 ന് ലീഡ് ബാങ്കായ കൽപ്പറ്റ കനറാ ബാങ്കിനു മുമ്പിൽ പ്രതിഷേധ മാർച്ചും ധർണ്ണയും നടത്തുവാൻ കൺവൻഷൻ തീരുമാനിച്ചു.

പി.കെ.ഭഗത് കൺവീനറും ഇ.കെ.ദിവാകരൻ, എ.കെ.ഉത്തമൻ ജോയിന്റ് കൺവീനർമാരുമായി 30 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു.

# കലക്ട്രേറ്റ് ധർണ്ണയും ലീഡ് ബാങ്ക് മാർച്ചും സംഘടിപ്പിച്ചു

വിദ്യാഭ്യാസ വായ്പ തിരിച്ച്പിടിക്കാൻ റിലയൻസിനെ ഏൽപ്പിച്ച നടപടി ഉടൻ പിൻവലിക്കുക, വിദ്യാഭ്യാസ വായ്പ സമ്പൂർണമായും സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇൻഡ്യൻ നഴ്സസ് പാരന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ കളക്ട്രേറ്റ് മാർച്ചുകളും ലീഡ് ബാങ്ക് ഓഫീസ് മാർച്ചുകളും സംഘടിപ്പിച്ചു.

കോട്ടയം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കലക്ട്രേറ്റ് ധർണ്ണയും ലീഡ് ബാങ്ക് മാർച്ചും സംഘടിപ്പിച്ചു. ലീഡ് ബാങ്ക് മാർച്ച് പ്രൊഫ. സി. മാമച്ചൻ ഉദ്ഘാടനം ചെയ്തു. രാജ്യത്ത് നടപ്പിലാക്കുന്നത് രണ്ട് തരം നീതിയാണെന്നും പാവപ്പെട്ടവൻ വിദ്യാഭ്യാസം നേടാൻ വായ്പയെടുത്തതിന്റെ പേരിൽ ജപ്തി ഭീഷണി നേരിടുമ്പോൾ കുത്തക മുതലാളിമാർക്ക് കോടിക്കണക്കിന് രൂപ ഈടു പോലും നൽകാതെ വായ്പ നൽകി ജനങ്ങളെ കൊള്ളയടിക്കാൻ അവസരം നൽകുകയാണെന്നും അദ്ദേഹം പറഞ്ഞു.

കലക്ട്രേറ്റ് ധർണ്ണയിൽ പി.വി.കമലാഹാസൻ, എം.വി.ചെറിയാൻ, പി.കെ.കൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

ലീഡ് ബാങ്കിന് മുന്നിൽ നടന്ന പ്രതിഷേധ സംഗമത്തിൽ ഐഎൻപിഎ സംസ്ഥാന ഉപദേശക മിനി കെ.ഫിലിപ്പ് മുഖ്യ പ്രസംഗം നടത്തി. പാർലമെന്റിന്റെ പബ്ലിക് അക്കൗണ്ട് കമ്മറ്റി വ്യക്തമാക്കിയത് മുപ്പത് കുത്തക കമ്പനികൾ കിട്ടാകടമിനത്തിൽ മുന്ന് ലക്ഷം കോടി രൂപ രാജ്യത്തെ ബാങ്കുകൾക്ക് അടക്കുവാനുണ്ടെന്നാണ്. അത് തിരിച്ച് പിടിക്കുവാൻ യാതൊരു നടപടിയും എടുക്കാത്ത ബാങ്കുകളാണ് വിദ്യാഭ്യാസ വായ്പയുടെ തിരിച്ചുപിടിക്കൽ റിലയൻസിനെ ഏൽപിച്ചിരിക്കുന്നത്. പ്രതിഷേധ സംഗമത്തിൽ ജില്ലാ പ്രസിഡന്റ് പി.ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഇ.വി.പ്രകാശ്, ജില്ലാ കമ്മറ്റി അംഗങ്ങളായ കെ.പി.വിജയൻ, എം.കെ.കണ്ണൻ, ഈരാറ്റുപേട്ട യൂണിറ്റ് സെക്രട്ടറി ഒ. ഡി.കുര്യാക്കോസ്, കാഞ്ഞിരപ്പള്ളി താലൂക്ക് സെക്രട്ടറി ബെന്നി ദേവസ്യ തുടങ്ങിയവർ പ്രസംഗിച്ചു.

കലക്ട്രേറ്റിൽ നിന്നാരംഭിച്ച പ്രകടനത്തിന് പ്രശാന്ത് വിജയൻ, ഗോവിന്ദൻകുട്ടി, എം.കെ.ഷഹസാദ്, ആശാരാജ്, കെ.വി.എബ്രഹാം, മൈമൂൻ ബീവി തുടങ്ങിയവർ നേതൃത്വം നൽകി.



ആലപ്പുഴ കളക്ട്രേറ്റ് മാർച്ച്




ഇടുക്കി വണ്ടിപ്പെരിയാറിൽ സംഘടിപ്പിച്ച ലീഡ് ബാങ്ക് മാർച്ച്

# നീലംപേരൂർ ജല – വായു മലിനീകരണ വിരുദ്ധ സമരം രണ്ടാംഘട്ടത്തിലേക്ക്

നിരാഹാര സമരം അനുഷ്ഠിച്ച വേളയിൽ സമരസമിതിയുമായുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ ആലപ്പുഴ ജില്ലാ കളക്ടർ നടപ്പിലാക്കുക, സാർക്ക്-കൺസോ കമ്പനികളുടെ മലിനീകരണം കർശനമായും തടയുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് നീലംപേരൂർ ജനകീയ സമരസമിതി രണ്ടാംഘട്ട പ്രക്ഷോഭണം ആരംഭിച്ചു. വില്ലേജ് ഓഫീസ് പടിക്കൽ നടന്ന ബഹുജന ധർണ്ണ ബ്രേക്ത്രൂ സയൻസ് സൊസൈറ്റി സംസ്ഥാന കോ-ഓർഡിനേറ്റർ പ്രൊഫ. പി.എൻ.തങ്കച്ചൻ ഉദ്ഘാടനം ചെയ്തു.

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ ജല-വായൂ മലിനീകരണത്തിനെതിരെ ഫാക്ടറി പടിക്കൽ സമരസമിതി സംഘടിപ്പിച്ച മനുഷ്യചങ്ങല ബഹുജനങ്ങളുടെ വമ്പിച്ച പങ്കാളിത്തത്തോടുകൂടി ഈര ജംഗ്ഷൻമുതൽ നീലംപേരൂർവരെ നീണ്ടു. മനുഷ്യചങ്ങലയോടനുബന്ധിച്ച് നടന്ന യോഗത്തിൽ പങ്കെടുത്തുകൊണ്ട് ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറിയും എസ്യുസിഐ(സി) കോട്ടയം ജില്ലാ സെക്രട്ടറിയുമായ സഖാവ് ജയ്സൺ ജോസഫ് പ്രസംഗിച്ചു. കോട്ടയം നേച്ചർ ക്ലബ്ബ് സെക്രട്ടറി ഡോ.ഉണ്ണികൃഷ്ണൻ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

തുടർന്ന് 10-ാം തീയതി നടന്ന ബഹുജന കൺവൻഷൻ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു. ചെങ്ങറ സമരനായകൻ ളാഹഗോപാലൻ മുഖ്യാതിഥിയായി പങ്കെടുത്തു. വിളപ്പിൽശാല സമരനായകൻ എസ്.ബുർഹാൻ, മൂലമ്പിള്ളി സമരനായകൻ ഫ്രാൻസിസ് കളത്തുങ്കൽ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, വി.എം.സുരേഷ്കുമാർ(കെസിഎസ് സംസ്ഥാനകമ്മിറ്റിയംഗം) എ. ലത്തീഫ് (സോളിഡാരിറ്റി), എൻ.പി.സോമൻ (ഞാറ്റുവേല), കെ.ഗുപ്തൻ(കുട്ടനാട് സംയുക്ത സമിതി) കെ.കെ.മണി(എസ്എൽഎഫ്) ലൂക്കോസ് കെ.നീലംപേരൂർ(സീഡിയൻ), ജി.ആർ.സുഭാഷ്, ഹരിറാം (വിളപ്പിൽ ശാല), കെ.ജെ.ഷീല(ഐഎൻപിഎ), ലേഖ കാവാലം, പി.ആർ.സതീശൻ, ബിജുമോൻ തൊണ്ണൂറിൽചിറ, സാബു നാരായണൻ എന്നിവർ പ്രസംഗിച്ചു.

*മൃഗഭക്ഷണം ജൈവമാലിന്യത്തിൽ നിന്നും നിർമ്മിക്കുന്നതിലെ നൈതികത* എന്ന വിഷയത്തിൽ ഡോ. ബിജു ബി. നായർ അവതരിപ്പിച്ച പഠന റിപ്പോർട്ട് ഏവരെയും ഞെട്ടിക്കുന്നതായിരുന്നു. 70കളിൽ ഇംഗ്ലണ്ടിൽ മൃഗങ്ങളുടെ എല്ലുകളിൽ നിന്നും മൃഗഭക്ഷണം നിർമ്മിച്ചതിന്റെ ദുരന്തഫലമാണ് ആന്ത്രാക്സ് എന്ന മാരകരോഗമെന്നും ഇവിടെ കോഴിവേസ്റ്റിൽ നിന്നും കോഴിത്തീറ്റയുണ്ടാക്കുന്നത് ഭാവിയിൽ വൻ ദുരന്തത്തിനു കാരണമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മെഡിക്കൽ സർവ്വീസ് സെന്ററിന്റെ കോട്ടയം ജില്ലാ കൺവീനർ ഡോ.മുഹമ്മദ് ഷെഫീഖ് *ജലമലിനീകരണവും ആരോഗ്യപ്രശ്നങ്ങളും* എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സെടുത്തു. നീലംപേരൂർ ജനകീയ സമരസമിതി പ്രസിഡന്റ് എബി.ആർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സ്വാഗതസംഘം ചെയർമാൻ അജയ് പൂന്തോട്ടം സ്വാഗതവും കൺവീനർ ജയമോൻ നന്ദിയും പറഞ്ഞു.

മുഖ്യമന്ത്രി വാക്കുപാലിക്കാതതിൽ പ്രതിഷേധിച്ച് തിരുവോണനാളിൽ സമരസമിതി നേതാക്കളും കുടുംബങ്ങളും മന്ത്രിയുടെ വസതിക്കു മുൻപിൽ പട്ടിണിസമരം നടത്തി. സമരസമിതിയുടെ നേതൃത്വത്തിൽ വാഹനജാഥയും വീടുവീടാന്തരമുള്ള ക്യാമ്പയിനും ഫണ്ട്ശേഖരണവുമെല്ലാം ഇതുവരെയുള്ള രീതികളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നതിനാൽ വമ്പിച്ച ജനപിന്തുണയാണ് ഇന്ന് സമരസമിതിക്കുണ്ടായിരിക്കുന്നത്. ഇത് കണ്ട് കലിയിളകിയ മുഖ്യധാര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സമരസമിതിക്കെതിരെയും സമരത്തെ സഹായിക്കുന്ന എസ്യുസിഐ(സി)ക്കെതിരെയും രംഗത്തുവന്നിരിക്കുകയാണ്.

# സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഞെട്ടിക്കുന്ന നിലവാരത്തകർച്ച എന്തുകൊണ്ട്?

**കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ നിലവാരം താഴേയ്ക്കു നിപതിക്കുന്നതിന്റെ രേഖാചിത്രമാണ് സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയ്നിംഗ് (എസ്സിഇആർടി) ഈ വർഷമാദ്യം നടത്തിയ സാമ്പിൾ സർവ്വേ അവതരിപ്പിക്കുന്നത്. സമഗ്രമോ സമ്പൂർണ്ണമോ ആയ ഒരു പഠനമല്ല എസ്സിഇആർടി നടത്തിയത്. മറിച്ച്, തികച്ചും ഭാഗികമായ ഒരന്വേഷണം വേണ്ടത്ര തയ്യാറെടുപ്പുകളില്ലാതെ നടത്തിയിട്ടും ഭാഷയിലും ഗണിതത്തിലും പിന്നിലായ വിദ്യാർത്ഥികളുടെ സേന എത്ര വലുതാണെന്നതിന്റെ സൂചകങ്ങൾ റിപ്പോർട്ടിൽ തെളിഞ്ഞു നിൽക്കുന്നു. ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയാണ് റിപ്പോർട്ട് പുറത്തുവിട്ടത്.**

**നാ**ലാം ക്ലാസിലേയും ഏഴാം ക്ലാസിലേയും തെരഞ്ഞെടുക്കപ്പെട്ട 2400 വിദ്യാർത്ഥികളിൽ വീതമാണ് പരിശോധന നടന്നത്. മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസ്ഥിതി പഠനം, അടിസ്ഥാന ശാസ്ത്രം എന്നിവയിൽ മാത്രമായിരുന്നു പഠനം. മലയാള ഭാഷയിലെ ഏറ്റവും നിസ്സാരമായ പദ പ്രശ്നങ്ങൾക്ക് പോലും ശരിയുത്തരം എഴുതാൻ 47.52 ശതമാനത്തിനും കഴിയുന്നില്ലായെന്നു റിപ്പോർട്ട് പരിതപിക്കുന്നു. ഇംഗ്ലീഷ് ഭാഷയിലെ ലളിതമായ ചോദ്യങ്ങൾക്ക് ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്ക് മാത്രമാണ് പൂർണ്ണതോതിൽ ഉത്തരം എഴുതാൻ കഴിഞ്ഞത്. മറ്റുള്ളവർ പരാജയപ്പെട്ടു. ശതമാനക്കണക്കിൽ അവർ 25% വരും.

ഗണിത ബോധത്തിൽ നല്ലൊരു ശതമാനത്തിനും അടിസ്ഥാനമുറച്ചിട്ടില്ലായെന്ന കാര്യം പഠന നിലവാരത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. 65 ശതമാനവും ഗണിത വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നുവെന്നത് അടിയന്തര ശ്രദ്ധ പതിക്കേണ്ട പ്രശ്നം തന്നെയാണ്. കാസർകോഡ് പോലെ ഒരു ജില്ലയിലെ വിദ്യാർത്ഥികൾക്ക് സംഖ്യാബോധം കമ്മിയാണെന്നതും ഭാവി ഇരുളടഞ്ഞതാക്കുന്നു. റിപ്പോർട്ടിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എഴുതാനുള്ള ശേഷി നമ്മുടെ കുട്ടികൾക്കു കുറഞ്ഞു വരുന്നുവെന്നതാണ്.

എന്തുകൊണ്ട് എഴുത്തു വിദ്യയിൽ മഹാഭൂരിപക്ഷം കുട്ടികളും പിന്നിലായിപ്പോകുന്നു? അതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം പുതിയ പഠന സമ്പ്രദായമാണ്. അതിൽ എഴുത്തിന് പ്രാധാന്യമില്ല. മാങ്ങ എന്നെഴുതാൻ അറിയുന്ന 7-ാം ക്ലാസ് വിദ്യാർത്ഥികൾ എത്ര പേരുണ്ടാവുമെന്ന് ഒരു പഠനം നടത്തിയാൽ ഒരു പക്ഷെ നാം ശിരസ്സു കുനിയ്ക്കേണ്ടി വന്നേയ്ക്കാം. ചിട്ടയായ എഴുത്തും വായനയും നമ്മുടെ ക്ലാസ് മുറികളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ക്ലാസ് ടെസ്റ്റുകൾ കൃത്യമായി നടത്തി പരിഹാര ബോധനം നൽകുന്നില്ലായെന്നതാണ് പ്രധാന പ്രശ്നം.

പുതിയ പാഠ്യപദ്ധതി നടപ്പാക്കിയതിന് ശേഷമുള്ള നിലവാരമളക്കാനാണ് അക്കൗണ്ടന്റ് ജനറൽ ഓഫീസ് പാഠ്യപദ്ധതിയുടെ വക്താക്കളായ എസ്സിഇആർടി -യെ പഠിക്കാൻ ഏൽപ്പിച്ചത്. അവർ നിഷ്കൃഷ്ഠമായ പഠനമോ പരിശോധനയോ നടത്തിയില്ല. പകരം, വളരെ ലളിതമായ ചോദ്യങ്ങളാണ് ചോദിച്ചത്. വേണമെങ്കിൽ ............ വേരിലും കായ്ക്കും എന്നതാണ് ഒരു ചോദ്യം. ബ്രാക്കറ്റിൽ മാങ്ങ, ചക്ക, തേങ്ങ. ചക്കയാണെന്നറിയുന്ന കുട്ടി എഴുതുമ്പോൾ തെറ്റുന്നു. പരിശീലനത്തിന്റ അഭാവമാണ് കുട്ടിയെ പരാജയപ്പെടുത്തുന്നത്. വിദ്യാഭ്യാസം എന്ന പ്രക്രിയയിൽ ഡിപിഇപി യിൽ ആരംഭിച്ച പുതിയ ബോധന ക്രമമാണിത്.

ജ്ഞാന നിർമ്മിതി വാദമാണ് ലോകബാങ്കും ഡിപിഇപിയും എസ്എസ്എ യും പുതിയ പാഠ്യപദ്ധതിയും മുന്നോട്ടു വച്ച ബോധന സിദ്ധാന്തം. ബോധനം നൽകുന്നതിന് പകരം അറിവിന്റെ നിർമ്മാതാവായ കുട്ടിയെ പഠിപ്പിക്കുന്നതവസാനിപ്പിക്കുന്ന വിദ്യയാണ് ലോകബാങ്ക് കൊണ്ടുവന്നത്. 1997 മുതൽ ആരംഭിച്ച നൂതന സമ്പ്രദായത്തിന്റെ ഇരകളാണ് നമ്മുടെ കുട്ടികളിപ്പോൾ.

അവർക്ക് ജ്ഞാനാർജ്ജന വിദ്യയിൽ മുന്നേറാൻ കഴിയുന്നില്ല. വിശേഷിച്ചും ഭാഷാ പരിജ്ഞാനത്തിൽ. അധ്യാപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഡയറക്ട് ടീച്ചിംഗ് മെത്തേഡ്-അഥവാ ക്ലാസ് റൂമിലെ കൊടുക്കൽ വാങ്ങലുകൾ ഏതാണ്ട് അവസാനിച്ച മട്ടാണ്. പകരം സ്വയം പഠനത്തിന്റേയും സ്വയം കണ്ടെത്തലിന്റെയും വികലമായ പദ്ധതികൾ നൂതന ബോധനാശയങ്ങളായി പ്രയോഗിച്ചുകൊണ്ടിരിക്കുന്നതിനാൽ, വർഷാവർഷം നിരക്ഷരരായ അഭ്യസ്തവിദ്യർ സ്കൂൾ വിട്ടിറങ്ങുന്നു.

ഭാഷയിൽ മാത്രമല്ല അജ്ഞത കൊടികുത്തി വാഴുന്നത്. ചരിത്രത്തിലും ശാസ്ത്രത്തിലും ഗണിതത്തിലുമുൾപ്പടെ എല്ലാ വിഷയങ്ങളിലും നിശ്ചിത അക്കാദമിക നിലവാരമാർജ്ജിയ്ക്കാൻ കഴിയാതെ വിദ്യാർത്ഥികൾ ഇരുട്ടിൽ തപ്പുകയാണ്. ഭാവി ജീവിതത്തിൽ ഭാസുരമായി യാതൊന്നുമില്ലായെന്നവസ്ഥ. ഈ പഠന റിപ്പോർട്ടിൽ, അടിസ്ഥാന ശാസ്ത്ര വിഷയത്തിൽ 85 ശതമാനവും ദയനീയമായി പരാജയപ്പെട്ടെന്ന് ചൂണ്ടിക്കാണിക്കുന്നു. പരിസ്ഥിതി പഠനത്തിൽ 75 ശതമാനവും പിന്നിൽ നിൽക്കുന്നു.

പദസമ്പത്തിൽ കുട്ടികൾ കുറേയൊക്കെ മെച്ചമാണെന്ന് പഠന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. പക്ഷേ, അതുകൊണ്ടുമാത്രമായില്ലല്ലോ, വ്യാകരണത്തിൽ ബഹുഭൂരിപക്ഷം കുട്ടികൾക്കും യാതൊരും ഗ്രാഹ്യവുമില്ല. അതുകൊണ്ട് ഒരു വരി തെറ്റുകൂടാതെ എഴുതാനറിയില്ലായെന്ന സ്ഥിതി മാറ്റമില്ലാതെ തുടരുന്നു. ഇതൊന്നും പുറംലോകം അറിയാതെ പോകുന്നത് കുറ്റമറ്റപരീക്ഷാ സമ്പ്രദായമില്ലാത്തതുകൊണ്ടാണ്. ജയവും തോൽവിയും പൂർണ്ണമായി ഒഴിവാക്കി, ആൾ പ്രമോഷൻ സമ്പ്രദായം കൊണ്ടുവന്നതാണ് പുതിയ പാഠ്യപദ്ധതി ചെയ്തു വച്ച മറ്റൊരു ദ്രോഹം. അതുകൊണ്ട് ഓരോ ക്ലാസിലും വിദ്യാർത്ഥികൾ എന്തു പഠിച്ചുവെന്നറിയാൻ മാർഗ്ഗമില്ല.

എല്ലാവരേയും ജയിപ്പിക്കണമെന്നോ ആരെയെങ്കിലും തോൽപ്പിക്കണമെന്നോയല്ല. ജയം തോൽവി സമ്പ്രദായം വേണമെന്നു പറയാൻ കാരണം കുട്ടികൾക്ക് പഠനത്തോടു ഒരു ഗൗരവ സമീപനമുണ്ടാകണമെങ്കിൽ പഠിച്ചില്ലെങ്കിൽ തോറ്റുപോകും എന്ന ബോധം ഒരു മുന്നുപാധിയായതുകൊണ്ടാണ്. വിദ്യാഭ്യാസം ലഭിച്ചു കഴിഞ്ഞാൽ, സ്വയം തിരിച്ചറിയാനുള്ള വിവേകം ഉണ്ടായിക്കഴിഞ്ഞാൽ, പിന്നെ പക്വമായതീരുമാനങ്ങൾ വിദ്യാർത്ഥികൾക്ക് സ്വയം കൈകൊള്ളാൻ കഴിയും. വസ്തുനിഷ്ഠമായ ഒരു പരീക്ഷ സമ്പ്രദായത്തിന്റെ അനിവാര്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

എന്തായാലും, എസ്സിഇആർടി യുടെ പഠന റിപ്പോർട്ട് ദിശാ സൂചകമാണ്. പുതിയ പഠന സമ്പ്രദായങ്ങളുടെ വേരോട്ടം രണ്ട് ദശാബ്ദങ്ങൾ പിന്നിടുമ്പോൾ സമഗ്രമായ പഠനം നിർബന്ധപൂർവം നടത്താൻ കേരള വിദ്യാഭ്യാസ വകുപ്പു തയ്യാറാകണം. എവിടെയൊക്കെയാണ് ഗുരുതരമായ ന്യൂനതകൾ നിലനിൽക്കുന്നതെന്ന് കണ്ടെത്തണം. പഠന സമ്പ്രദായങ്ങളിലും പാഠപുസ്തകങ്ങളിലും ശാസ്ത്രീയമായ മെച്ചപ്പെടുത്തലുകൾ വേണം. അതോടൊപ്പം അദ്ധ്യാപകർക്ക് ബോധന രീതികൾ സർഗ്ഗാത്മകമായി പ്രകാശിപ്പിക്കാൻ അവകാശമുണ്ടാവുകയും വേണം.

വികലമായ പാഠ്യപദ്ധതി പൊളിച്ചെഴുതുകയും ബോധനത്തിനും എഴുത്തിനും പരീക്ഷക്കുമെല്ലാം പ്രാധാന്യമുള്ള അന്തർദേശീയ നിലവാരമുള്ള പുതിയ പാഠ്യപദ്ധതി ഏകീകൃതമായി രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തെ രക്ഷിയ്ക്കാൻ കഴിയൂ. വിശേഷിച്ചും സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളുടെ തകർച്ചയുടെ ഈ നാളുകളിൽ അത്തരമൊരു സമൂലമായ പരിഷ്ക്കാരത്തിന് തുടക്കം കുറിയ്ക്കാനുള്ള പ്രചോദനം ഈ റിപ്പോർട്ടു നൽകുമെന്ന് പ്രതീക്ഷിക്കാം. ■

# പ്രചോദനയുടെ ആഭിമുഖ്യത്തിൽ സാംസ്കാരിക സംഗമം

**പ്ര**ചോദന ആമ്പല്ലൂർ യൂണിറ്റ് സംഘടിപ്പിച്ച ഓണാഘോഷം വിപുലമായ പരിപാടികളോടെ കുലയറ്റിക്കര മേലോത്ത് നടന്നു. കുട്ടികളുടെ വിവിധ മത്സരങ്ങൾ സാംസ്കാരിക സമ്മേളനം, മുതിർന്നവരുടെയും കുട്ടികളുടെയും കലാപരിപാടികൾ എന്നിവ നടന്നു.

സാംസ്കാരിക സമ്മേളനം പ്രൊഫ.വിഷ്ണുരാദൻ ഉദ്ഘാടനം ചെയ്തു. ബാനർ സാംസ്കാരിക സമിതി സംസ്ഥാന സമിതിയംഗം എൻ.കെ.ബിജു മുഖ്യപ്രസംഗം നടത്തി. "വർഗ്ഗീയത നാടിന്റെ ഏറ്റവും വലിയ വിപത്തായി മാറിയിരിക്കുന്നു. പുതിയ തലമുറയെ വർഗ്ഗീയവാദികളാക്കി മാറ്റാനും സാംസ്കാരികമായി അധഃപതിപ്പിക്കുവാനുമുള്ള ആസൂത്രിതമായ പരിശ്രമങ്ങൾ ചില കേന്ദ്രങ്ങൾ ഇന്നു നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെതിരെ ജാഗ്രത പുലർത്തുവാൻ, നവോത്ഥാനനായകന്മാരും സ്വാതന്ത്ര്യസമര നേതാക്കന്മാരും ഉയർത്തിപ്പിടിച്ച മതേതര ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിയാനും, സ്വാംശീകരിക്കുവാനും പുതുതലമുറ തയ്യാറാകണം" അദ്ദേഹം പറഞ്ഞു.

സമ്മേളനത്തിൽ ഇ.ആർ.മോഹൻദാസ് സമ്മാനദാനം നിർവ്വഹിച്ചു. ജില്ലാ രക്ഷാധികാരി ടി.കെ.സുധീർകുമാർ, കെ.ഒ.ഷാൻ, എൽദോസ് പച്ചിലക്കാടൻ, ദീപ ചന്ദ്രൻ, പി.എൽ.മോഹനൻ എന്നിവർ പ്രസംഗിച്ചു.

പ്രചോദന പിറവം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2015 ആഗസ്റ്റ് 29-ാം തീയതി പിറവം പെരിയപ്പുറത്തുവച്ച് ഓണാഘോഷം സംഘടിപ്പിച്ചു. കുട്ടികളുടെയും മുതിർന്നവരുടെയും കലാ-കായിക മത്സരങ്ങൾ നടന്നു. ഓണസദ്യയും വനിതകളുടെ സൗഹൃദ വടംവലിമത്സരവും ഉണ്ടായിരുന്നു.

വൈകുന്നേരം 5 മണിക്ക് ചേർന്ന സാംസ്കാരിക സമ്മേളനം പ്രശസ്ത ചെറുകഥാകൃത്തും മാതൃഭൂമി ചീഫ് സബ് എഡിറ്ററുമായ സി.പി.ബിജു ഉദ്ഘാടനം ചെയ്തു. മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ *സ്ത്രീകളും കുട്ടികളും നേരിടുന്ന വെല്ലുവിളികൾ* എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. കുട്ടികളുടെ കൈയ്യെഴുത്തുമാസികയുടെ പ്രകാശനം സി.പി.ബിജു അശ്വിൻ രമണന് നൽകി പ്രകാശനം ചെയ്തു. സമ്മേളനത്തിൽ പ്രചോദന എറണാകുളം ജില്ലാകമ്മിറ്റിയംഗം അഞ്ജലി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ബാബു കടുവാക്കുഴി, ജോർജ്ജ് സ്കറിയ, കെ.ഒ.സുധീർ, ജോളി ജോസഫ്, ടി.സി.കമല, അഡ്വ. സി.സി.അനൂപ്, സിന്ധു പനീർ, ടി.സി.രമണൻ തുടങ്ങിയവർ ആശംസപ്രസംഗം നടത്തി. പ്രചോദന പിറവം യൂണിറ്റ് കൺവീനർ ആര്യ സി.കുഞ്ഞുമോൻ സ്വാഗതവും പി.കെ.പ്രശാന്ത് നന്ദിയും പറഞ്ഞു. സമ്മേളനാന്തരം കുട്ടികൾ *ലഹരിക്കെതിരെയുള്ള നേർക്കാഴ്ച* എന്ന ലഘു നാടകവും വനിതകളുടെ തിരുവാതിര കളിയും അവതരിപ്പിച്ചു. ■




കുലയറ്റിക്കരയിൽ നടന്ന സാംസ്കാരിക സമ്മേളനം പ്രൊഫ. വിഷ്ണുരാദൻ ഉദ്ഘാടനം ചെയ്യുന്നു



പിറവത്ത് സാംസ്കാരിക സമ്മേളനം ചെറുകഥാകൃത്ത് സി.പി.ബിജു ഉദ്ഘാടനം ചെയ്യുന്നു

# തിരുവനന്തപുരത്ത് നവോത്ഥാന ശക്തി എക്സിബിഷൻ

**ഇ**രുണ്ട ജാതികേരളം ആധുനികകേരളമായി മാറിയതിന്റെ ചരിത്രം അനാവരണം ചെയ്യുന്ന നവോത്ഥാന ശക്തി പ്രദർശനം പുത്തരിക്കണ്ടം മൈതാനിയിൽ (അയ്യൻകാളി നഗർ) ആഗസ്റ്റ് 11,12,13 തീയതികളിൽ നടന്നു. ഡോ.എൻ.എ കരീം ഉദ്ഘാടനം ചെയ്തു.

അയ്യൻകാളി ഉൾപ്പെടെയുള്ള കേരളത്തിലെ നവോത്ഥാന നായകരെ വോട്ടുബാങ്കുകൾക്കുവേണ്ടി നിക്ഷിപ്ത താൽപര്യക്കാർ ഉപയോഗിക്കുന്ന ദയനീയ സാഹചര്യമാണ് ഇന്നുള്ളതെന്ന് അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ആധുനിക കേരളം സൃഷ്ടിച്ചതിൽ അയ്യൻകാളിയും ശ്രീനാരാണ ഗുരുവും ചട്ടമ്പിസ്വാമികളും കെ.പി വള്ളോനും ആറാട്ടുപുഴ വേലായുധപ്പണിക്കരും വൈകുണ്ഠസ്വാമികളും സഹോദരൻ അയ്യപ്പനും മറ്റും വഹിച്ച പങ്ക് ആർക്കും നിഷേധിക്കാനാവില്ല. അവരുടെ വിപ്ലവകരമായ ജീവിത സമര ചരിത്രം പഠിക്കാതെ, നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കാതെ, ഇന്നത്തെ വർഗ്ഗീയമായ അന്തരീക്ഷത്തെ പരാജയപ്പെടുത്താനാവില്ലായെന്നും ഡോ. എൻ.എ.കരീം പറഞ്ഞു. അയ്യൻകാളി നയിച്ച കർഷകത്തൊഴിലാളി സമരത്തിന്റെ ശതാബ്ദിയാചരണകമ്മിറ്റിയാണ് പ്രദർശനം സംഘടിപ്പിച്ചത്.

സവർണ്ണ-അവർണ്ണ വ്യത്യാസങ്ങൾക്കെതിരെ പൊരുതിയ അയ്യൻകാളിയും ശ്രീനാരായണഗുരുവും ഉൾപ്പെടെയുള്ള നവോത്ഥാന നായകർ ഒരു ജാതിയുടെയും വക്താക്കളായിരുന്നില്ലായെന്നും അവർ യഥാർത്ഥ മനുഷ്യന്റെ പ്രതീകങ്ങളായിരുന്നുവെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഡോ.നന്ദിയോട് രാമചന്ദ്രൻ പറഞ്ഞു.

പത്മശ്രീ ജി.ശങ്കർ, എം.എഫ്.തോമസ്, വെങ്ങാനൂർ രാജേന്ദ്രകുമാർ, എസ്.രാജീവൻ, എസ്.ബുർഹാൻ, കെ.ആർ.ക്ലീറ്റസ്, ജി.ബാലകൃഷ്ണപ്പിള്ള, എൽ.ഹരിറാം, നെയ്യാറ്റിൻകര സത്യശീലൻ, എസ്.വിജയകുമാർ എന്നിവർ പ്രസംഗിച്ചു. കൺവീനർ ആർ. ബിജു സ്വാഗതവും എസ്.ശ്രീകുമാർ നന്ദിയും പറഞ്ഞു.

*അയ്യൻകാളിയും കേരളനവോത്ഥാനവും* എന്ന വിഷയത്തിൽ അന്നു വൈകുന്നേരം നടന്ന സെമിനാർ ഡോ.വെള്ളായണി അർജ്ജുനൻ ഉദ്ഘാടനം ചെയ്തു.



എക്സിബിഷൻ ഡോ.എൻ.എ.കരിം ഉദ്ഘാടനം ചെയ്യുന്നു



സെമിനാർ ഡോ.വെള്ളായണി അർജ്ജുനൻ ഉദ്ഘാടനം ചെയ്യുന്നു

12-ാം തീയതി വൈകുന്നേരം *അയ്യൻകാളിയും കേരളത്തിലെ പൊതുവിദ്യാഭ്യാസവും* എന്നവിഷയത്തിലുള്ള സെമിനാർ ബി. ആർ.പി ഭാസ്ക്കർ ഉദ്ഘാടനം ചെയ്തു.

പുത്തരിക്കണ്ടം അയ്യൻകാളി നഗറിൽ ആഗസ്റ്റ് 13 ന് നടന്ന സമാപന സമ്മേളനം ഡോ.ഡി.ബാബുപോൾ ഉദ്ഘാടനം ചെയ്തു. കാർഷിക ഭൂപരിഷ്കരണം ഉൾപ്പെടെയുള്ളവ നടന്നെങ്കിലും കേരളത്തിൽ അധ:സ്ഥിത വർഗ്ഗങ്ങൾക്കൊന്നും അതുകൊണ്ട് ഒരു പ്രയോജനമുണ്ടായില്ലെന്നും ജനകീയ വിദ്യാഭ്യാസത്തിലൂടെ പുതിയ മുന്നേറ്റം നടത്താൻ ജനങ്ങൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

ഹിന്ദുമതം സൃഷ്ടിച്ച ചാതുർവർണ്ണ്യത്തിന് കീഴിൽ നടമാടിയിരുന്ന സാമൂഹ്യാനീതികൾക്കെതിരെ പോരാടികൊണ്ട് മനുഷ്യനെ സൃഷ്ടിക്കാനുള്ള പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ അയ്യൻകാളി ഉൾപ്പെടെയുള്ള നവോത്ഥാന നായകരെ ഹൈജാക്ക് ചെയ്യാൻ ആസൂത്രിതമായ നീക്കങ്ങൾ നടക്കുന്നതായി സമാപന യോഗത്തിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത കൂരീപ്പുഴ ശ്രീകുമാർ പറഞ്ഞു. അതിന്റെ ഭാഗമായിട്ടാണ് വിശാല ഹിന്ദു സങ്കൽപ്പം പ്രചരിപ്പിക്കുന്നവർ അയ്യൻകാളിയുടെ കൈകളിൽ ഭഗവത്ഗീത പിടിപ്പിക്കാൻ ശ്രമിക്കുന്നത്. നാരായണ ഗുരുവിനെയും അവർ കാവിയുടുപ്പിക്കാൻ ശ്രമിക്കുന്നു. ചരിത്ര നിഷേധമാണവർ ചെയ്യുന്നത്. മതം ഉപേക്ഷിച്ച സന്യാസിയായിരുന്നു ശ്രീനാരായണ ഗുരു. അയ്യൻകാളി സാധുജന പരിപാലന സംഘം രൂപവൽകരിച്ച് പൊരുതിയ ആദ്യത്തെ കർഷകത്തൊഴിലാളി നേതാവായിരുന്നു. അവരെ ഉപയോഗിച്ച് സമൂഹത്തെ വർഗ്ഗീയവൽകരിക്കാൻ ശ്രമിക്കുന്നത് മാപ്പർഹിക്കാത്ത കുറ്റമാണെന്ന് അദ്ദേഹം പറഞ്ഞു. ജാതിരഹിത സമൂഹത്തിന് മനുഷ്യർ ജാതിമത മുന്നേറ്റത്തിനപ്പുറമുള്ള *മിശ്രവിവാഹം* നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

ഡോ. വി വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. ജി.എസ്.പത്മകുമാർ, പ്രൊഫ.അജയകുമാർ, വിനു എബ്രാഹം, എസ്.വിജയകുമാർ, ഗിരീഷ് പുലിയൂർ, ഷൈല കെ. ജോൺ, ഡി.സുന്ദരേശൻ, എസ്.മിനി എന്നിവർ പ്രസംഗിച്ചു. ആർ.ബിജു സ്വാഗതവും എ.സബൂറ നന്ദിയും പറഞ്ഞു.

പ്രതിലോമ ശക്തികളിൽ നിന്നും വർഗ്ഗീയതയിൽ നിന്നും കേരളത്തെ രക്ഷിക്കാൻ, നവോത്ഥാന കേരളം സൃഷ്ടിച്ച മതേതര മാനവ മൂല്യങ്ങൾ വീണ്ടെടുത്തുകൊണ്ട് ജാതിരഹിത നിർമ്മിതിക്ക് നേതൃത്വം നൽകണമെന്ന ആഹ്വാനത്തോടെ മൂന്ന് ദിവസം നീണ്ടുനിന്ന നവോത്ഥാന ശക്തി ചരിത്ര പ്രദർശനം സമാപിച്ചു. ■

# ഇന്ത്യൻ സ്വാതന്ത്ര്യസമരവും നവോത്ഥാന പ്രസ്ഥാനങ്ങളും

## പ്രഭാഷണം

**ഇ**ന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 68-ാം വാർഷികാചരണത്തോടനുബന്ധിച്ച്, മദ്യവിരുദ്ധ ജനകീയ സമരസമിതിയും നവോത്ഥാനശക്തിയും സംയുക്തമായി, മുളന്തുരുത്തി ജനകീയ പ്രതിരോധസമിതി ഓഫീസ് അങ്കണത്തിൽ 'ഇന്ത്യൻ സ്വാതന്ത്ര്യസമരവും നവോത്ഥാനപ്രസ്ഥാനങ്ങളും' എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. അയ്യൻകാളി നയിച്ച കാർഷിക പണിമുടക്ക് ശതാബ്ദി ആചരണ സമിതിയുടെ സംസ്ഥാന ജനറൽ കൺവീനർ ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തി. സ്വാതന്ത്ര്യസമരപ്രസ്ഥാനം അനുരഞ്ജനധാരയെന്നും അനനുരഞ്ജനധാരയെന്നും കൃത്യമായും രണ്ടുചിന്താധാരകളാൽ വിഭജിക്കപ്പെട്ടിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അനുരഞ്ജനധാരയെ ഗാന്ധിജിയും അനനുരഞ്ജനധാരയെ നേതാജി സുഭാഷ്ചന്ദ്ര ബോസുമാണ് നയിച്ചത്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ബലഹീനതകളിൽ നിന്നാണ് ഇന്നത്തെ ചൂഷകശക്തികൾ ശക്തിയാർജ്ജിച്ചതെന്നും സ്വാതന്ത്ര്യസമര ചരിത്രം ഗഹനമായി പഠിക്കുകയും പാഠങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടത് ഇന്നത്തെ തലമുറയുടെ ഉത്തരവാദിത്തമാണെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ സൂചിപ്പിച്ചു.

നവോത്ഥാനശക്തി ജില്ലാ കൺവീനർ എൻ.ആർ.മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജി ചക്രവർത്തി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ.കെ.വേലായുധൻ, മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാപ്രസിഡന്റ് കെ.കെ.ഗോപിനായർ, ജനകീയപ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ടി.കെ.സുധീർകുമാർ, നവോത്ഥാനശക്തി സമിതിയംഗങ്ങളായ കെ.കെ.സുകുമാരൻ, വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു.



ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തുന്നു

സ്വാതന്ത്ര്യസമര സേനാനി കെ.കെ.ശിവരാമൻനായരെ സമ്മേളനത്തിൽ ആദരിച്ചു. അദ്ദേഹം സമരകാലത്തെ ഓർമ്മകൾ പങ്കുവച്ചു. മദ്യവിരുദ്ധ ജനകീയസമരസമിതി ലഹരിവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ലേഖനമത്സരത്തിനുള്ള സമ്മാനം, വിദ്യാലയങ്ങൾക്കുള്ള പുരസ്കാരം, വിദ്യാഭ്യാസ അവാർഡ് തുടങ്ങിയവ പാല ആർഡിഒ സി.കെ.പ്രകാശ് സമ്മാനിച്ചു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്, വിദ്യാർത്ഥികൾ, അദ്ധ്യാപകർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവർ ചടങ്ങിൽ പങ്കെടുത്തു.സമിതി മുളന്തുരുത്തി മേഖലാ സെക്രട്ടറി റെജി ഐപ്പ് സ്വാഗതവും കൺവീനർ എം.ആർ. സെനിത്കുമാർ നന്ദിയും പറഞ്ഞു. ■



കൊല്ലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജെ.താജുദ്ദീൻകുട്ടി അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

# അനുമോദന സമ്മേളനം

**കൊ**ല്ലം ജില്ലാ മദ്യവിരുദ്ധ ജനകീയ സമര സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ പങ്കെടുത്ത കുട്ടികളുടെ ഒത്തുചേരലും സമ്മാനദാനവും നടന്നു. കൊല്ലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജെ. താജുദ്ദിൻകുട്ടി ഉദ്ഘാടനം ചെയ്തു. ഉപന്യാസമെഴുതുക മാത്രമല്ല ലഹരിവിരുദ്ധ പ്രവർത്തനങ്ങളിലും മറ്റ് സാമൂഹിക പ്രവർത്തനങ്ങളിലും പങ്കാളികളായിക്കൊണ്ട് ഉയർന്ന മൂല്യമുള്ള മനുഷ്യരാകാൻ ശ്രമിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. സമിതി പ്രസിഡന്റ് പി.ബി.രാജൻപിള്ള അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചാപ്റ്റർ കോളേജ് പ്രിൻസിപ്പാൾ റ്റി.മോഹനൻ സമ്മാനദാനം നടത്തി. സമിതി സംസ്ഥാന കൺവീനർ ഷൈല കെ.ജോൺ മുഖ്യപ്രസംഗം നടത്തി. പിറവന്തൂർ ഗോപാലകൃഷ്ണൻ, ഫാ. ഗീവർഗ്ഗീസ് തരകൻ, ഇരവിപുരം ഭാസി, ശിവൻ വേളിക്കാട്, പി.മധുസൂദനൻ, ടിങ്കിൾ പ്രഭാകരൻ എന്നിവർ പ്രസംഗിച്ചു. സമിതി സെക്രട്ടറി ജി.ധ്രുവകുമാർ സ്വാഗതവും യേശുദാസൻ നന്ദിയും രേഖപ്പെടുത്തി. ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/09/2015
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 42 No.6
Price : Rs 5.00
September 2015

# ഇടതുപക്ഷ ഐക്യമുന്നണി കൊല്ലം ജില്ലാ കൺവൻഷൻ



ജില്ലാ കൺവൻഷൻ എൽയുഎഫ് സംസ്ഥാന സമിതിയംഗവും ആർഎംപി ചെയർമാനുമായ ടി.എൽ.സന്തോഷ് ഉദ്ഘാടനം ചെയ്യുന്നു

**ആർ**എംപി, എസ്‌യുസിഐ(സി), എം സിപിഐ(യു) എന്നീ ഇടതുപക്ഷ കക്ഷികൾ ചേർന്ന് രൂപീകരിച്ച ഇടതുപക്ഷ ഐക്യമുന്നണി മോദി സർക്കാരിന്റെ കോർപ്പറേറ്റ് വർഗ്ഗീയനയങ്ങൾക്കും സംസ്ഥാനത്തെ ജനദ്രോഹ അഴിമതി ഭരണത്തിനുമെതിരെ സെപ്തംബർ 30ന് കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തും. ഇതിന് മുന്നോടിയായി ജില്ലാ വ്യാപകമായി പ്രചരണജാഥകളും വിശദീകരണയോഗങ്ങളും നടത്തും. എൽയുഎഫ് സംസ്ഥാന വ്യാപകമായി അന്നേ ദിവസം മാർച്ചും ധർണ്ണയും നടത്തും.

തൊഴിൽ നിയമഭേദഗതികൾ പിൻവലിക്കുക, വിലക്കയറ്റം തടയുക, റെയിൽവേ-പ്രതിരോധരംഗങ്ങളുടെ സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക, ഔഷധവിലനിയന്ത്രണം പുനസ്ഥാപിക്കുക, കെഎസ്ആർടിസിയെ സംരക്ഷിക്കുക, കശുവണ്ടി മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുക തുടങ്ങി 16 ആവശ്യങ്ങളുന്നയിച്ചാണ് പ്രക്ഷോഭണം സംഘടിപ്പിക്കുന്നത്.

## സെപ്തംബർ 30ന് ജില്ലാ കേന്ദ്രങ്ങളിൽ മാർച്ചും ധർണ്ണയും

ചിന്നക്കട ശ്രീകണ്ഠൻ നായർ സ്മാരക ഹാളിൽ ചേർന്ന കൊല്ലം ജില്ലാ പ്രവർത്തക യോഗം എൽയു.എഫ് സംസ്ഥാന കമ്മിറ്റിയംഗവും ആർഎംപി ചെയർമാനുമായ ടി.എൽ. സന്തോഷ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കോർപ്പറേറ്റ് വൽക്കരണ നയങ്ങൾക്കെതിരെ ഇടതുപക്ഷ സമരബദൽ വളർത്തുകയെന്നത് അടിയന്തിരാവശ്യകതയാണെന്നും എന്നാൽ സിപിഐ(എം) ഈ കർത്തവ്യം ഏറ്റെടുക്കുന്നതിന് പകരം കേവലം വോട്ട് മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനാലാണ് ശ്രീകൃഷ്ണ ജയന്തി ആഘോഷം പോലുള്ള മതപരമായ ചടങ്ങുകൾ ഏറ്റെടുക്കേണ്ടിവരുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വർഗ്ഗീയഫാസിസ്റ്റുകൾക്ക് കടിഞ്ഞാണിടാൻ ശക്തമായ ജനകീയ പ്രക്ഷോഭണങ്ങളല്ലാതെ കുറുക്കുവഴികളൊന്നുമില്ലെന്ന് മുന്നണി സംസ്ഥാന കൺവീനറും എസ്‌യുസിഐ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ ഡോ.വി.വേണുഗോപാൽ ചൂണ്ടിക്കാട്ടി.

മുന്നണി ജില്ലാ ചെയർപേഴ്സൺ ഷൈല കെ. ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാകൺവീനർ വി.എസ്. രാജേന്ദ്രൻ, ജി.എസ്.പത്മകുമാർ, പി.കൃഷ്ണകുമാർ, എസ്.രാധാകൃഷ്ണൻ, വി.എസ്.മോഹൻലാൽ, എം.എൻ.ദാമോദരൻ, ജെ.ഡെന്നീസ് തുടങ്ങിയവർ പ്രസംഗിച്ചു ■

# അശ്ലീല സൈറ്റുകളുടെ നിരോധനം റദ്ദാക്കാനുള്ള സർക്കാർ തീരുമാനം അപലപനീയം- സഖാവ് പ്രൊവാഷ്ഘോഷ്

**ഇ**ന്റർനെറ്റിലെ അശ്ലീല സൈറ്റുകളുടെ നിരോധനം റദ്ദാക്കാനുള്ള ബിജെപി ഗവൺമെന്റിന്റെ തീരുമാനത്തോട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ശക്തമായി വിയോജിക്കുന്നു. അശ്ലീലതയുടെയും രതിവൈകൃതങ്ങളുടെയും നിർബ്ബാധമായ വ്യാപനത്തിനും ജനങ്ങളുടെ, വിശേഷിച്ച് യുവാക്കളുടെ സദാചാര നിലവാരം ഒന്നുകൂടി തകർക്കാനും അവസരമൊരുക്കുന്ന നടപടിയാണിത്. മാന്യതയോടെയും സാമൂഹിക അംഗീകാരത്തോടെയും ഒന്നിക്കുന്ന രണ്ടു മനസ്സുകൾ സ്വകാര്യതയിൽ ഏർപ്പെടുന്ന ലൈംഗികതയുമായി അശ്ലീലതയെ താരതമ്യപ്പെടുത്താനാവില്ല. ലൈംഗികതയുടെ സ്വകാര്യത പരിഷ്കൃതമായ പെരുമാറ്റത്തിന്റെ ഭാഗമാണെന്ന് സാമൂഹ്യവികാസത്തിന്റെ ആദ്യ നാളുകളിൽത്തന്നെ മനുഷ്യൻ തിരിച്ചറിഞ്ഞിരുന്നു. ജീർണ്ണവും മരണാസന്നവുമായ മുതലാളിത്തത്തിന്റേതായ ഈ കാലഘട്ടത്തിൽ മനുഷ്യനെ അപമാനവീകരിക്കാനുള്ള ഭരണവർഗ്ഗ ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് രതിവൈകൃതങ്ങളടക്കമുള്ള ജീർണ്ണതകളെല്ലാം പ്രോത്സാഹിപ്പിക്കപ്പെടുന്നതും ഇന്റർനെറ്റിലെ അശ്ലീലത ആസ്വദിക്കുന്നതടക്കമുള്ള സദാചാരവിരുദ്ധവും വൃത്തികെട്ടതുമായ കാര്യങ്ങളെല്ലാം ഒരാളുടെ അവകാശത്തിൽപ്പെട്ടതാണെന്ന ധാരണപരത്തുന്നതും. അതുകൊണ്ടുതന്നെ, അശ്ലീല സൈറ്റുകൾ നിരോധിക്കുന്നത് വ്യക്തിസ്വാതന്ത്ര്യത്തിൽ കൈകടത്തുന്ന നടപടിയാണെന്ന്, ഈ ഭരണവർഗ്ഗ ഹീനപദ്ധതിയുടെ ഇരകളായിട്ടുള്ള പലരും കരുതുന്നു.

എന്നാൽ, സ്വാതന്ത്ര്യമെന്നത്, എല്ലാ സാമൂഹ്യമര്യാദകളും ലംഘിച്ചുകൊണ്ട് ഒരാൾക്ക് തോന്നിയതൊക്കെ ചെയ്യുന്ന അരാജകത്വമോ അതി സ്വാതന്ത്ര്യമോ അല്ല. അങ്ങനെ വന്നാൽ മോഷണം മോഷ്ടാവിന്റെയും കൊലപാതകം കൊലയാളിയുടെയും അലംഘനീയമായ അവകാശമായി മാറും. സാമൂഹ്യവികാസത്തിന്റെ അനിഷേധ്യമായ നിയമങ്ങൾക്കനുസൃതമായുള്ള സാമൂഹ്യാവശ്യകതകളുടെ അംഗീകരണമെന്നതാണ് സ്വാതന്ത്ര്യത്തെ സംബന്ധിച്ച മൂർത്തവും സാപേക്ഷികവുമായ ധാരണ.

സാമൂഹ്യവികാസനിയമങ്ങളോട് പുലർത്തുന്ന ഈ വിധേയത്വം സ്വാതന്ത്ര്യത്തിന്റെമേൽ കടിഞ്ഞാണിടുകയല്ല, യഥാർത്ഥ സ്വാതന്ത്ര്യം അനുഭവവേദ്യമാക്കുകയാണ് ചെയ്യുന്നത്. സ്ത്രീയെ പുരുഷന് ആസ്വദിക്കാനുള്ള ഒരു ഉപകരണമായും ലൈംഗികതയെ മനുഷ്യന്റെ ജന്മവാസനയായും കാണുന്ന അശ്ലീലത, പിഞ്ചുകുഞ്ഞുങ്ങളെന്നോ, വൃദ്ധകളെന്നോ ഭേദമില്ലാതെ സ്ത്രീകൾക്കുമേൽ നടക്കുന്ന അതിക്രമങ്ങൾക്കും ബലാൽസംഗങ്ങൾക്കും അക്രമങ്ങൾക്കും പെൺവാണിഭങ്ങൾക്കുമൊക്കെ അപായകരമാംവിധം ആക്കം വർദ്ധിപ്പിക്കുന്നു. അശ്ലീലത പടർത്തി സാമൂഹ്യാന്തരീക്ഷവും യുവമനസ്സുകളുമൊക്കെ മലിനീകരിക്കുന്നതിന് വ്യക്തിസ്വാതന്ത്ര്യവുമായി യാതൊരു ബന്ധവുമില്ല.

അതിനാൽ, സാംസ്കാരിക-സദാചാര രംഗത്തെ തകർച്ചയിൽ അങ്ങേയറ്റം ആശങ്കാകുലരായ, നേരായി ചിന്തിക്കുന്നവരും പുരോഗമനകാംക്ഷികളുമായ ആളുകൾ ആവശ്യപ്പെടുന്നത് ഇന്റർനെറ്റിലെ അശ്ലീലസൈറ്റുകൾ മാത്രമല്ല അശ്ലീല സാഹിത്യവും സിനിമയും ടിവി പരിപാടികളും പരസ്യങ്ങളുമെല്ലാം ഉടനടി നിരോധിക്കണമെന്നാണ്. ചൂഷണ മുതലാളിത്തവ്യവസ്ഥയുടെ അടിച്ചമർത്തലിനെതിരെ ഉറച്ചുനിലകൊള്ളാനുള്ള ജനങ്ങളുടെ ധൈര്യവും നൈതികമായ കരുത്തും ചോർത്തിക്കളഞ്ഞ് അവരെ ആന്തരികമായി വന്ധ്യംകരിക്കുന്നത് തടയാൻ ഇത് അത്യന്താപേക്ഷിതമാണ്. ■

# പ്രൊഫ.എം.എം.കൽബുർഗിയെ അരുംകൊല ചെയ്തതിനെതിരെ വ്യാപക പ്രതിഷേധം



പത്തനംതിട്ടയിൽ സഖാവ് എസ്.രാജീവൻ പ്രസംഗിക്കുന്നു.



കൊല്ലത്ത് ഫാ.എബ്രഹാം ജോസഫ് പ്രസംഗിക്കുന്നു.



എറണാകുളത്ത് സഖാവ് എൻ.കെ.ബിജു പ്രസംഗിക്കുന്നു

**പ്രൊ**ഫ.എം.എം.കൽബുർഗിയെ നിഷ്ഠൂരമായി കൊലചെയ്തതിനെതിരെ സംസ്ഥാനവ്യാപകമായി പ്രതിഷേധ പരിപാടികൾ നടന്നു. എസ്‌യുസിഐ(സി), എഐഡിവൈഒ, എഐഡിഎസ്ഒ, കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി തുടങ്ങി നിരവധി സംഘടനകൾ ശക്തമായ പ്രതിഷേധവുമായി തെരുവിലിറങ്ങി. സാംസ്ക്കാരിക നായകരെയും ജനകീയ സമരനേതാക്കളെയും മറ്റും വധിച്ച് എതിർശബ്ദങ്ങളെ അമർച്ച ചെയ്യുന്ന സംഭവങ്ങൾ രാജ്യത്ത് വർദ്ധിക്കുകയാണ്. നരേന്ദ്ര ധബോൽക്കർ, ഗോവിന്ദ് പൻസാരെ തുടങ്ങിയവർക്കുപിന്നാലെ വിഖ്യാതപണ്ഡിതനും സാഹിത്യകാരനും വിദ്യാഭ്യാസവിചക്ഷണനുമായ പ്രൊഫ.എം.എം.കൽബുർഗിയും ഹിന്ദുത്വ തീവ്രവാദികളാൽ അരുംകൊലചെയ്യപ്പെട്ടിരിക്കുകയാണ്.

ഇത്തരം കൊലപാതകങ്ങൾക്കെതിരെ ജനാധിപത്യകൂട്ടായ്മ ശക്തിപ്പെട്ടുവരണം. പ്രൊഫ. കൽബുർഗിയുടെ കൊലയാളികളെ എത്രയും വേഗം കണ്ടെത്തി കർശനമായ ശിക്ഷ നൽകണം.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട ടൗണിൽ നടന്ന പ്രതിഷേധ യോഗത്തിൽ ജില്ലാസെക്രട്ടറി സഖാവ് എസ്.രാജീവൻ, ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.ജി.അനിൽകുമാർ, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി തുടങ്ങിയവർ പ്രസംഗിച്ചു.

എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ എറണാകുളം, കോട്ടയം, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ പ്രതിഷേധയോഗം നടന്നു. സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, ആർ. പാർത്ഥസാരഥിവർമ്മ, പി.പി.അഗസ്റ്റിൻ, കെ.ഒ. സുധീർ, ടി.വിശ്വകുമാർ, ജോണി ജോസഫ്, ഇ.വി.പ്രകാശ്, ആശരാജ്, സി.മാണി, ടി.ആർ.രാജിമോൾ, റ്റി.ഷിജിൻ തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

കൊല്ലം ജില്ലയിലെ അഞ്ചലിൽ ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച പ്രതിഷേധ യോഗം ഫാ. എബ്രഹാം ജോസഫ് ഉദ്ഘാടനം ചെയ്തു. അഡ്വ. റ്റി.വൈ. ലൂക്കോസ്, നജീം എ. ഖാദർ, അമീഷ് അഞ്ചൽ, ഗണേഷ്കുമാർ, നിസാം, കെ. ശശാങ്കൻ, ആർ. ഗോപുരാജ്, സി. മുരളി എന്നിവർ പ്രസംഗിച്ചു.

എഐഡിഎസ്ഒ സംസ്ഥാനതലത്തിൽ സെപ്തംബർ 9 പ്രതിഷേധ ദിനമായി ആചരിച്ചുകൊണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പരിപാടികൾ സംഘടിപ്പിച്ചു. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.